**KOTTAYAM PUBLIC LIBRARY**

Call No M 297 Acc. No 11442

Author ഉണ്ണൂണ്ണി കെ. ടി.

Title സാമൂഹിക ജീവിത വിമർശനം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1058

No. 11442

# ഇസ്ലാമിക ജീവിതവീക്ഷണം

അഥവാ

## സപ്തലേഖനമാല

THE KOTTAYAM PUBLIC LIBRARY. KOTTAYAM.

ഗ്രന്ഥകർത്താവ്:

**ടി. ഹസ്സൻകുട്ടി**

ഹെഡ്മാസ്റ്റർ, ഗവർമ്മേണ്ട് മാപ്പിള യു. പി. സ്കൂൾ, വളപട്ടണം

പ്രസാധകർ:

എസ്. പി. എം. കമ്മിററി, മുഴപ്പിലങ്ങാട്

NATIONAL BOOK STALL SPCS LTD KOTTAYAM

വില 1ക. 25 നപ.

297

# ISLAMIKA JEEVITHA VEEKSHANAM

OR

# SAPTHA LEKHANA MALA

BY

T. HUSSENKUTTY

Headmaster, G. M. U. P. School

BALIAPATAM

Published by

S. P. M. COMMITTEE

MUZHAPPILANGAD

(Via) TELLICHERRY

# സമർപ്പണം

1950 നവമ്പർ 23നു

ഹിജ്ര 1370 സഫർ 13നു

എൻെറ കനിഷ്ഠസഹോദരി

ടി. സലീഖ ഉമ്മയും

1956 ജൂൺ 23നു

ഹിജ്ര 1375 ദുൽഖഅദ് 13നു

എൻെറ പ്രിയപത്നി

വി. പാത്തുക്കുഞ്ഞി ഉമ്മയും

1958 സപ്തമ്പർ 30നു

ഹിജ്ര 1378 റബീഉൽ അവ്വൽ 16നു

എൻെറ ഭാഗിനേയി

ടി. ഖദീജ ഉമ്മയും

പേററുനോവിൽ കുടുംബത്തെയും ലോകത്തെയും വിട്ടുകൊണ്ടു് ശാശ്വതമായ പരലോക ജീവിതത്തിന്നായി യാത്ര തിരിച്ചു. ഒരു ഞെട്ടിലെ മൂന്നു കുസുമങ്ങളായിരുന്ന അവരുടെ പരലോക ജീവിതം ആനന്ദഭരിതമാക്കിത്തീർക്കുന്നതിന്നായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടു ഈ പുസ്തകം അവരുടെ സ്മരണക്കായി സ്നേഹപൂർവ്വം അർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവ്.

# ശുദ്ധിപത്രം

| ഭാഗം | അബദ്ധം | | സുബദ്ധം |
|---|---|---|---|
| x | പറഞ്ഞുകൊണ്ടും | ... | പറഞ്ഞുകൊണ്ടു് |
| 32 | എന്ന | ... | എന്നു് |
| 32 | വാഹയിൽനിന്നു | ... | ഹവായിൽനിന്നു് |
| 41 | അദ്ദേഹം | ... | അദ്ദേഹത്തിന്നു് |
| 44 | ബൻനബ്സില്ലും | ... | ബൻഹബ്സില്ലും |
| 45 | അടന്തുമദിൽ | ... | അടന്തെമദിൽ |
| 46 | സന്നിദ്ധിയാൽ | ... | സന്നിധിയിൽ |
| 47 | ബീബിയാൽ | ... | ബീബിയാർ |
| 47 | അവർകർക്ക | ... | അവർകൾക്കു് |
| 48 | ബാശലാൽ | ... | ബാശലിൽ |
| 48 | തബൗത്തെ | ... | ഒ സൗത്തെ |
| 50 | | ... | ശുദ്ധജലം തീൻദപായപ്പോൾ |
| 52 | തന്നെയായിരിക്കേണ്ടെമെന്നു | ... | തന്നെയിരിക്കേണമെന്നു് |
| 61 | കട | ... | കട |
| 61 | ഉഷ്ണകാത്തും | ... | ഉഷ്ണകാലത്തും |
| 62 | ഗൈൗബ് | ... | ഗൌസ് |
| 64 | ബാത്തിൽ | ... | ബാത്തിൻ |
| 66 | വായനക്കാർക്കവുമെന്നു | ... | വായനക്കാർക്കുമെന്നു |
| 71 | സംശം | ... | സംശയം |
| 75 | മുഹ്ഹിദ്ദുകളാണെന്നാണു | ... | മുവഹ്ഹിദുകളാണെന്നാണു് |
| 76 | സാംസ്ഥാരിക | ... | സാംസാരിക |
| 76 | മുമുക്ഷുമാകവാൻ | ... | മുമുക്ഷുവാകുവാൻ |
| 86 | സാധിച്ചിരുന്നില്ലെന്നു | ... | സാധിക്കുകയില്ലെന്നു് |
| 86 | തന്നെ | ... | താനെ |
| 88 | സ്വഭാവത്തെ | ... | സ്വഭാവത്തോട് |
| 94 | ജാഹ്ലത്ത് | ... | ജംഹ്ലത്ത് |
| | സദറത്തുൽമുന്തഹാ | ... | സിദറത്തുൽമുന്തഹാ |
| 95 | ബ്രഹ്മജ്ഞാനിയായ | ... | ബ്രഹ്മജ്ഞാനിയായി |
| 100 | ചേർന്നിരുന്നു | ... | ചേർന്നിരുന്നും |
| 104 | പുരാണത്തിൽ | ... | ചുരുക്കത്തിൽ |
| 112 | ഇവരെക്കുറിച്ച് | ... | ഇവയെക്കുറിച്ച് |
| 113 | സാധാരണബഹുലവും | ... | സാരബഹുലവും |
| 114 | ചെയ്യച്ചതും | ... | ചെയ്യിച്ചതും |
| 124 | Sections | ... | Serious |



ഗ്രന്ഥകർത്താവും അദ്ദേഹത്തിൻെറ ജീവിത
സർവ്വസ്വവും മാതൃരഹിതയുമായ ഏകപുത്രി ബീബിയും.

# പ്രസ്താവന

സഹൃദയരും ചിന്താശീലരുമായ ഭക്തന്മാരും ജ്ഞാനികളുമടങ്ങിയ മനുഷ്യസമുദായത്തിന്റെ കനകകങ്കണത്തിൽ ഞങ്ങൾ വിനയപൂർവ്വം അർപ്പിക്കുന്ന ഇസ്ലാമിക ജീവിതവീക്ഷണം അഥവാ സപ്തലേഖനമാല എന്ന ഈ ചെറുഗ്രന്ഥത്തിലെ ഉള്ളടക്കം വിവിധ സന്ദർഭങ്ങളിലായി ജ: ടി. ഹസ്സൻകുട്ടി സാഹിബ് (വളപട്ടണം, ഗവമ്മെണ്ട് മാപ്പിള യു. പി. സ്കൂൾ ഹെഡ്മാസ്റ്റർ) അവർകൾ എഴുതിയ താഴെ പറയുന്ന ഏഴു ലേഖനങ്ങളാണ്:—

1. നേർച്ചപ്പാട്ട് 2. ഇൽമുത്തസവ്വുഫ് 3. നബി (സ. അ.) യെ തുടരേണ്ടതെങ്ങിനെ? 4. മിഅ്റാജ് 5. റാത്തീബ് 6. മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുന്ന മാപ്പിള പിഞ്ചുവിദ്യാർത്ഥികളുടെ വിഷമതകളും തൽപരിഹാരമാർഗ്ഗവും 7. മുസ്ലിം നമസ്കാരപ്പള്ളിക്കരികെ ചെണ്ടകൊട്ടിപ്പോകൽ.

ഒന്നാമത്തെ 'നേർച്ചപ്പാട്ട്' എന്ന ലേഖനം ജ: കെ. ആബുസാഹിബ് (തലശ്ശേരി) ആവശ്യപ്പെട്ടവഴിക്ക് അദ്ദേഹം പ്രസിദ്ധീകരിക്കാനുദ്ദേശിച്ചിരുന്ന മൊയിൻകുട്ടി വൈദ്യർ സ്മാരകഗ്രന്ഥത്തിലേക്കായി 1959 നവമ്പർ 6-ാംനു- അദ്ദേഹത്തിന്നയച്ചുകൊടുത്തതാണ്. ഈ ലേഖനം നേർച്ചപ്പാട്ടായിട്ടാണ് അറിയപ്പെടുന്നതെങ്കിലും അതിൽ അമൂല്യങ്ങളായ നിരവധി ആത്മീയ തത്വങ്ങൾ പലയിടങ്ങളിലായി പ്രതിപാദിക്കപ്പെട്ടിട്ടുമുണ്ട്. കൂടാതെ സിദ്ധന്മാരുടെ (വലികളുടെ) സിദ്ധിബലത്തെ (വിലായത്ത്) കുറിച്ചും മരണത്തിനുശേഷമുള്ള അവരുടെ കഴിവുകളെക്കുറിച്ചും മററും പ്രതിപാദിക്കപ്പെട്ടിട്ടുമുണ്ട്. ഈ ലേഖനം ഏതു സമുദായത്തിലെയും ചിന്താശീലരായ ചെറുപ്പക്കാൎക്കു വളരെ ഉപകരിക്കുമെന്നു ഞങ്ങൾക്കു അഭിപ്രായമുണ്ട്. ഈ ലേഖനത്തിലെന്നല്ല അദ്ദേഹത്തിൻെറ മററു ലേഖനങ്ങളിലും ഖുർ-ആൻ വാക്യവും ഗീതാവാക്യവും ഉപനിഷദ്വാക്യവും സന്ദർഭോചിതം ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് അദ്ദേഹത്തിൻെറ ലേഖനത്തിന്നുള്ള ഒരു പ്രത്യേകതയാകുന്നു.

രണ്ടാമത്തേതും മൂന്നാമത്തേതും, അതായത്, 'ഇൽമുത്തസവ്വുഫ്' 'നബി (സ.അ.) യെ തുടരേണ്ടതെങ്ങിനെ ?' എന്നീ ലേഖനങ്ങൾ ഞങ്ങളുടെ ആവശ്യപ്രകാരം ഞങ്ങൾക്കുവേണ്ടിത്തന്നെ എഴുതിത്തന്നതാണ്. ഈ ലേഖനത്തിലും ഏതു സമുദായത്തിലെയും സഹൃദയന്മാൎക്കു പഠി

ക്കാൻ പററിയ പലതുമുണ്ടെന്നാണ് ഞങ്ങളുടെ വിനീതാഭിപ്രായം.

നാലാമത്തേതായ 'മിഅ്റാജ്' എന്ന ലേഖനം 1960ലെ ദേശമിത്രം (കണ്ണൂര്) ഓണം വിശേഷാൽ പ്രതിയിലും അഞ്ചാമത്തേതായ 'റാത്തീബ്' 1957 ഫെബ്രുവരി മാസത്തിലെ ചിന്തകൻ (കോഴിക്കോട്) മാസികയിലും പ്രസിദ്ധീകരിക്കപ്പെട്ടതാണ്.

ആറാമത്തേതായ 'മാപ്പിള പ്രാഥമീക വിദ്യാലയങ്ങളിൽ പഠിക്കുന്ന മാപ്പിള പിഞ്ചുവിദ്യാൎത്ഥികളുടെ വിഷമതകളും തൽപരിഹാരമാൎഗ്ഗവും' എന്ന ലേഖനത്തിന്റെ ഏകദേശം പകുതിയോളം ഭാഗം 1960 മേയ് മാസത്തിലെ ദേശമിത്രം വാരികയിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ്. ഇതിൽ മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിൽ സ്കൂൾ സമയത്തിന്നകത്തായി മതപഠനം (ഓത്തു പഠിപ്പിക്കൽ) നടത്തേണ്ടതിന്റെ ആവശ്യകത നന്നായി വിസ്തരിച്ചിട്ടുണ്ട്.

ഏഴാമത്തേതായ 'മുസ്ലിം നമസ്കാരപ്പള്ളിക്ക് സമീപം ചെണ്ടകൊട്ടിപ്പോകൽ' എന്ന ലേഖനം 1961ലെ ദേശമിത്രം ഓണം വിശേഷാൽ പ്രതിയിൽ പ്രസിദ്ധീകരണാൎത്ഥം അയച്ചുകൊടുത്തതാണ്. ഈ ലേഖനം നമസ്കാരപ്പള്ളിക്കരികെയുള്ള വാദ്യാഘോഷവേളയിൽ പരസ്പരം വൈരസ്യത്തോടും മാത്സൎയ്യത്തോടുംകൂടി വീക്ഷിക്കുന്നവൎക്കിടയിൽ സൌഹാൎദ്ദവും സൌമനസ്യവും സംജാത

മാക്കിത്തീക്കുന്നതിന്നു തികച്ചും ഉപകരിക്കുമെന്നാണു് ഞങ്ങളുടെ വിനീതാഭിപ്രായം.

അഞ്ചാമത്തെ 'റാത്തീബ്'' എന്ന ലേഖനത്തെ ജ: കെ. കെ. എം. ജമാലുദ്ദീൻ മൌലവി സാഹിബ് (തിരു രങ്ങാടി 'റാത്തീബ്'' മുതലായ ദിക്ക്റുകൾ നടത്തിവരു ന്നതു് ഖുർ-ആനിന്നും സുന്നത്തിന്നും വിരുദ്ധമാണെന്നും, അതിനാൽ അനിസ്ലാമികമാണെന്നും പറഞ്ഞുകൊണ്ടും 1957 മേയിമാസത്തിലെ ചിന്തകൻ മാസികയിൽക്കൂടി ഖണ്ഡിച്ചിട്ടുണ്ടു്. ഈ ഖണ്ഡനത്തിന്നു സമുചിതമായ മറുപടിയായി, അതായതു്, റാത്തീബ് മുതലായ ദിക്ക്റു കൾ നടത്തിവരുന്നതു് ഖുർ-ആനിന്നും സുന്നത്തിന്നും പരിപൂർണ്ണ വിധേയമാണെന്നും അതുകൊണ്ടു് തികച്ചും ഇസ്ലാമികമാണെന്നും പ്രമാണസഹിതവും യുക്തിയുക്തമാ യും തെളിയിച്ചുകൊണ്ടു് 1957 ആഗസ്റ്റ് മാസത്തിലെ "ചിന്തക"നിൽ എഴുതിയ പ്രതിഖണ്ഡനവും ഞങ്ങൾ ഈ ലേഖനമാലികയിൽ എടുത്തു ചേർത്തിട്ടുണ്ടു്.

മേപ്പടി പ്രതിവിമർശനത്തെ വീണ്ടും ഖണ്ഡിച്ചുകൊ ണ്ടു് പ്രസ്തുത ജമാലുദ്ദീൻ സാഹിബ് 1957 സപ്തമ്പർമാ സത്തിലെ "ചിന്തക"നിൽ എഴുതുകയുണ്ടായി. ഈ വിമർശനം തൻെറ മുൻലേഖനത്തിൻെറ ഒരു ചവ്വിത ചവ്വണം മാത്രമായിരുന്നു. ഇതിന്നും മറുപടിയായി ലേഖ നകർത്താവ് 1957 ഒക്ടോബർമാസത്തിലെ "ചിന്തക" നിൽ എഴുതിയ ഒരു ചെറുകുറിപ്പും ഞങ്ങൾ അനുബന്ധ ചേർത്തിട്ടുണ്ടു്.

ജമാലുദ്ദീൻ സാഹിബിൻെറ വിമർശനലേഖനങ്ങളും ഈ ലേഖനമാലികയിൽ എടുത്തെഴുതേണമെന്നു ഞങ്ങ ൾക്കു ന്യായമായ ആഗ്രഹമുള്ളതുകൊണ്ടു് അങ്ങിനെ ചെയ്യുന്നതിന്നായി അദ്ദേഹത്തിൻെറ അനുമതിക്കാവശ്യ പ്പെട്ടുകൊണ്ടു് ഞങ്ങൾ അദ്ദേഹത്തിന്നെഴുതിയെങ്കിലും ഇന്നുവരെ അതിന്നൊരു മറുപടിയും ലഭിക്കായ്കയാൽ ഞങ്ങൾക്കതിന്നു സാധിച്ചില്ല.

ഞങ്ങളുടെ എസ്സ്. പി. എം. കമ്മിററിക്കു് ധന ശേഖരണാർത്ഥമാണു് ഞങ്ങൾ ഇതു പ്രസിദ്ധീകരിക്കുന്ന തെങ്കിലും മേപ്പടി ലേഖനങ്ങളിൽ ഇന്നത്തെ ഏതു സമു ദായത്തിലെയും ചിന്താശീലരായ യുവസഹോദരന്മാക്കു് മനസ്സിലാക്കാൻ പററിയ പല കാര്യങ്ങളുമുള്ളതുകൊണ്ടു് ഞങ്ങളുടെ ഈ ഉദ്യമത്തിൽ ഞങ്ങൾക്കതിയായ കൃതാർത്ഥ തയുണ്ടു്. ഇത്തരം ലേഖനങ്ങൾ സംഭാവനചെയ്തു ഞങ്ങളെ സഹായിച്ച ജ: ടി. ഹസ്സൻകുട്ടി സാഹിബവർ കൾക്കു മേലാലും ഞങ്ങളെ സഹായിക്കാൻ സവ്വശക്തനാ യ അൽല്ലാഹു കഴിവു നല്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും സഹൃദയരായ സഹോദരന്മാരെല്ലാവരുടെയും സവ്വവിധ സഹകരണവും പ്രതീക്ഷിച്ചുകൊണ്ടും, 'സപ്തലേഖനമാലി കോപഹാരം' അവരുടെ കനക കണ്ണത്തിൽ ഇതാ വിന യപൂവ്വം ഞങ്ങൾ അപ്പിച്ചുകൊള്ളുന്നു.

കൂടക്കടവ്, 3-1-1962 — എസ്സ്. പി. യം. കമ്മിററി

# അവതാരിക

ലോകത്തിലെങ്ങും അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയവും സാമൂഹ്യവുമായ അട്ടിമറിച്ചിലുകൾ ജീവിതത്തിലും ജീവിതപ്രശ്നങ്ങളിലും അനിശ്ചിതത്വം വളർത്തിക്കൊണ്ടുവരുന്ന കലങ്ങിയ ഒരു കാലഘട്ടത്തിലാണു് നാം ഇന്നു എത്തിച്ചേൎന്നിട്ടുള്ളതു്. മുസ്ലിംകൾ ഈ കലങ്ങിയ കാലഘട്ടത്തെക്കുറിച്ചും അതിൻെറ സ്വഭാവലക്ഷണങ്ങളെക്കുറിച്ചും, ഈ കാലഘട്ടത്തിൽ സംഭവിക്കാവുന്ന വിപത്തുകളെക്കുറിച്ചും ആ വിപത്തുകളെ അതിജീവിക്കാവുന്ന രക്ഷാമാൎഗ്ഗങ്ങളെക്കുറിച്ചുമെല്ലാം മുന്നറിയിപ്പു് നൽകപ്പെട്ടിട്ടുള്ളവരാണു്. എന്നിട്ടും 'കിത്താ'ബിനെ നിഷേധിച്ചവരെപ്പോലെയും, 'ഇമാ'മിനെ ധിക്കരിച്ചവരെപ്പോലെയും, സ്വയം 'വഴി' തെററിയവരെപ്പോലെയും മുസ്ലിംകൾ ഈ കലക്കത്തിന്നടിമപ്പെട്ടു്, ഒഴുക്കിൽപെട്ട പൊങ്ങുതടിപോലെ അനിയന്ത്രിതമായി, എന്ത്യ

നെന്നും എങ്ങോട്ടെന്നുമില്ലാതെ, അങ്ങിനെ നീങ്ങുകയാണ്. പ്രാപഞ്ചിക ജീവിതപ്രശ്നങ്ങളാൽ ബാധിതരായി, കാലത്തിൻെറ കാപട്യത്തിന്നു വിധേയരായി, ആത്മബോധരഹിതരായിക്കൊണ്ടുള്ള ഈ അപയാനത്തിൽ തങ്ങളുടേതായ ആത്മാവിനേയും, ആത്മീയമൂല്യങ്ങളെയും ജീവിതലക്ഷ്യങ്ങളെയുമെല്ലാം അതിശീഘ്രം പിന്നിട്ടുകൊണ്ട് അവർ നാശത്തെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. മുസ്ലിംകളുടെ മാനസിക വീക്ഷണത്തിൽ വ്യതിചലനമുണ്ടാക്കുകയെന്നതു് മാത്രമാണ് നാശോന്മുഖമായ ഇന്നത്തെ അപയാനത്തിൽനിന്നു അവരെ പിൻതിരിച്ച് ഇസ്ലാമിക ജീവിതലക്ഷ്യത്തിലേക്കു നയിക്കുവാനുള്ള ഏകമാർഗ്ഗം. ഈ പരമമായ ഉദ്ദേശ്യത്തെ മുൻനിറുത്തിക്കൊണ്ടു് വിരചിതമായിട്ടുള്ള ഏഴു ലേഖനങ്ങളുടെ സമാഹാരമാണ് അവതാരികക്കു വിഷയമായിട്ടുള്ള 'ഇസ്ലാമിക ജീവിതവീക്ഷണം' എന്ന ഈ ഗ്രന്ഥം.

നേർച്ചപ്പാട്ട്, ഇൽമുത്തസവ്വുഫ്, നബിയെ തുടരേണ്ടതെങ്ങിനെ, മിഅ്റാജ്, റാത്തീബ്, പ്രാഥമിക മുസ്ലിം വിദ്യാലയങ്ങളിൽ പഠിക്കുന്ന മുസ്ലിം ഷിഞ്ചുവിദ്യാർത്ഥികളുടെ വിഷമതകളും തൽപരിഹാരമാർഗ്ഗവും, മുസ്ലിംപള്ളികളുടെ മുമ്പിൽ ചെണ്ടകൊട്ടൽ എന്നീ ശീർഷകങ്ങളിലെഴുതപ്പെട്ട ഏഴു ലേഖനങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. പേരിൽ പുതുമ കലൎന്നിട്ടില്ലെങ്കിലും, ലേഖകൻെറ സമീപനം തികച്ചും തത്വാധിഷ്ഠിതവും തന്നിമിത്തം പുതു

മ കലൎന്നുമായിക്കാണുന്നതിൽ സന്തോഷമുണ്ടു്. വായനക്കാരുടെ ജിജ്ഞാസയെ തട്ടിയുണൎത്തുന്നതിന്നും അവരുടെ ഹൃദയങ്ങളിൽ ഇസ്ലാമിക വിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും ശാശ്വതദീപ്തി പരത്തുന്നതിന്നും ഇടയാകത്തക്ക നിലയിൽ വിഷയങ്ങൾ സമൎത്ഥമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതിനാൽ ഈ പുസ്തകം അതിൻെറ മഹത്തായ ഉദ്ദേശ്യത്തെ സഫലീകരിക്കും എന്ന ശുഭപ്രതീക്ഷക്കു അവസരം നല്കുന്നുണ്ടു്.

ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഓരോ വിഷയത്തെയും സമഗ്രമായി നിരൂപണം ചെയ്യുവാൻ ഞാൻ ഒരുങ്ങുന്നില്ലെങ്കിലും ചില സുപ്രധാന കാൎയ്യങ്ങളെ സ്പൎശിക്കാതിരിപ്പാൻ നിൎവ്വാഹമില്ല. നേൎച്ചപ്പാട്ടുകളുടെ ഉത്ഭവം, വളൎച്ച, തളൎച്ച എന്നിവയെക്കുറിച്ചു ഞാൻ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണു്. അവയുടെ ആത്മീയവശത്തെക്കുറിച്ചു് എനിക്കു ഏറെയൊന്നും അറിഞ്ഞുകൂടെങ്കിലും, സാഹിത്യവശത്തെക്കുറിച്ചു് കുറെയെല്ലാം പഠിക്കുവാൻ സാധിച്ചിട്ടുണ്ടു്. നേൎച്ചപ്പാട്ടുകൾ, മാപ്പിളപ്പാട്ടുകൾ എന്നീ രണ്ടു സാഹിത്യശാഖകളെ അവഗണിച്ചതുവഴി മലയാളഭാഷ വളരെയേറെ ശുഷ്കമായിപ്പോയാട്ടുണ്ടെന്നും അക്കാരണത്താൽതന്നെ പരതന്ത്രയായിപ്പോയിട്ടുണ്ടെന്നും ഉള്ള വസ്തുത ഒരു യാഥാൎത്ഥ്യമാകുന്നു. ഇന്നു ഭാഷയുടെ ആധിപത്യം വഹിക്കുന്ന സംസ്കൃത പണ്ഡിതന്മാൎക്കു് ഈ യാഥാൎത്ഥ്യത്തെ കണ്ടെത്തുവാൻ ഇനി ഏറെക്കാലം വേണ്ടിവരുമെന്നു തോന്നുന്നില്ല. അതി

ലിടക്ക മുസ്ലിംകൾ അവരുടെതായ സാഹിത്യരംഗത്തുനിന്നു ബോധപൂർവ്വം പിൻമാറിക്കൊണ്ടിരിക്കുന്ന കാഴ്ച മനസ്സിനെ വേദനിപ്പിക്കുകയും പ്രതീക്ഷകളെ അമ്പരപ്പിക്കുകയും ചെയ്യുന്നു. വെള്ളക്കാരുടെ ആധുനിക വിദ്യാഭ്യാസം നമ്മുടെ വീടുകളിൽ ആധിപത്യം സ്ഥാപിക്കുന്നതിനുമുമ്പ് മഗ്‌രിബിന്നും ഇശാക്കുമിടയിൽ മുസ്ലിംവീടുകളിലോരോന്നിൽനിന്നും ഉയൎന്നുവന്ന ദിക്ർ, സലാത്ത്, നേർച്ച, മൌലൂദ് മുതലായവയുടെ ശബ്ദങ്ങൾ ഇന്നു അന്തരീക്ഷത്തെ മുഖരിതമാക്കുന്നില്ല. സന്ധ്യാകാലങ്ങളിൽ മുസ്ലിംവീടുകളിൽനിന്നു ബഹിർഗ്ഗമിച്ച ചന്ദനത്തിരികളുടെയും ഊദുവാൻെറയും സുഗന്ധമേറവുകൊണ്ടു് പരിസരങ്ങൾ ഇന്നു പുളകം കൊള്ളുന്നില്ല. മുസ്ലിംവീടുകൾ ഇന്നു നിരൎത്ഥമായ ശബ്ദങ്ങളുടെ നികേതനങ്ങളായി മാറിയിരിക്കുകയാണ്. അട്ടഹാസങ്ങളുടേയും പൊട്ടിച്ചിരികളുടേയും തട്ടിക്കയറലുകളുടേയും കൂട്ടക്കരച്ചിലുകളുടെയും പൈശാചിക ശബ്ദങ്ങളല്ലാതെ, ഇസ്ലാമിൻെറതായ സുന്ദരശബ്ദങ്ങൾ ഇന്നു മുസ്ലിം വീടുകളിൽനിന്നു പൊതുവെ ഉയരുന്നില്ല. ഈ ദുരവസ്ഥ മുസ്ലിംകളുടെ ജീവിതത്തെ സാരമായി സ്പർശിക്കുകയും ഒരു പരിധിയോളം താത്വികമായി അവരെ അധഃപതിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഈ പുസ്തകത്തിലെ നേർച്ചപ്പാട്ട് എന്ന ലേഖനം ഇന്നത്തെ അധഃപതിതാവസ്ഥയിൽനിന്നു മോചനം നേടുന്നതിന്നു മുസ്ലിംകളെ സംബന്ധിച്ചേടത്തോളം ഏറെക്കുറെ സഹായകമായിത്തീരും എന്നു ഞാൻ വിശ്വസിക്കുന്നു. നേർച്ചപ്പാട്ടു

കളുടെ അന്തഃസത്തയെ തുറന്നുകാട്ടുന്നതിൽ സത്യാന്വേഷകനായ ലേഖകൻ പൂർണ്ണമായും വിജയിച്ചിട്ടുണ്ട്.

ഈ സമാഹാരത്തിലെ രണ്ടാമത്തെ ലേഖനമായ 'ഇൽ-ത്തസവ്വുഫ്' എന്റെ മനസ്സിനെ അതിയായി ആകർഷിക്കുകയും ഹൃദയത്തിൽ ദൈവികമായ ചലനങ്ങളെ സൃഷ്ടിക്കുകയും ചെയ്തു. പ്രാപഞ്ചിക സുഖങ്ങളോടു അന്യായമായും അധാർമ്മികമായും വേഴ്ച പുലർത്തുവാൻ ഇച്ഛിക്കുമ്പോൾ മനുഷ്യൻ ധാർമ്മികമായി അധഃപതിക്കുന്നു. സജ്ജനസമ്പർക്കത്താൽ ഈ അധഃപതനത്തെ അതിജീവിക്കുവാൻ മനുഷ്യനു സാധിക്കുന്നു. സജ്ജനസമ്പർക്കം സാദ്ധ്യമാകുമ്പോൾ പ്രാപഞ്ചിക സുഖേച്ഛകളിൽനിന്നു മനുഷ്യൻ വിമുക്തനാകുന്നു. നിർമ്മോഹത്വം എന്ന അവസ്ഥാവിശേഷം അവനിൽ ഉടലെടുക്കുന്നു. നിർമ്മോഹാവസ്ഥയിലാണ് നിശ്ചലമായ തത്വത്തെ അവൻ കണ്ടെത്തുന്നതു്. നിശ്ചലമായ തത്വത്തെ ദർശിച്ചവൻ മോക്ഷത്തിന്നർഹനായിത്തീരുന്നു.

"സത്സംഗത്വേ നിസ്സംഗത്വം
നിസ്സംഗത്വേ നിർമ്മോഹത്വം
നിർമ്മോഹത്വേ നിശ്ചലതത്വം
നിശ്ചലതത്വേ ജീവന്മുക്തി:"

ഇൽമുത്തസവ്വുവിനെപ്പററി ചിലതു പറയുന്നതിന്നു മുമ്പ് ഈ പുസ്തകത്തിന്റെ കർത്താവായ ജ: ടി. ഹസ്സൻകുട്ടി അവർകളെപ്പററി ചിലതു പറവാനുണ്ട്. "ഗുരുമുഹ്‌യിദ്ദീൻ" എന്ന ഒരൊററ ഗ്രന്ഥംവഴി, വായനാ

ശീലരായ മുസ്ലിംകളുടെ ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിട്ടുള്ള ഒരു സത്യാന്വേഷകനാണദ്ദേഹം. 1930ൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽനിന്നു കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കുകയും 1932ൽ തലശ്ശേരിയിൽ വെച്ചുതന്നെ സെക്കണ്ടറി ട്രെയിനിങ്ങ് കഴിക്കുകയും 1933ൽ അദ്ധ്യാപകജോലിയിൽ പ്രവേശിക്കുകയുംചെയ്തു. വിദ്യാർത്ഥിയായിരുന്നകാലത്തുതന്നെ ആദ്ധ്യാത്മിക കാര്യങ്ങളിൽ തല്പരനും ജിജ്ഞാസുവുമായിരുന്നതിനാൽ പണ്ഡിതജനങ്ങളുമായി സമ്പർക്കം പുലർത്തിവന്നു. അക്കൂട്ടത്തിൽ, സിദ്ധസമാജസ്ഥാപകനായ ബ്രഹ്മശ്രീ. ശിവാനന്ദ പരമഹംസ സ്വാമികളുമായി ഇടപെടുവാനും യോഗാഭ്യാസങ്ങളെപ്പററി പലതും ഗ്രഹിക്കുവാനും അദ്ദേഹത്തിന്നു അവസരം ലഭിച്ചു. അതു 1922-ലായിരുന്നു. അവിടുന്നിങ്ങോട്ടുള്ള കാലമത്രയും — ഇന്നുവരെയും — ആത്മീയകാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും ചിന്തിക്കുവാനും പഠിക്കുവാനുമായിട്ടുതന്നെ അദ്ദേഹം വിനിയോഗിച്ചു. 1951ൽ സയ്യിദ് മുഹമ്മദ് ബുഖാറിശൈഖിൻെറ മരുമകനും മംഗലാപുരത്തു അന്ത്യവിശ്രമംകൊള്ളുന്ന ദേഹവുമായ സയ്യിദ്കോയമ്മത്തങ്ങളുടെ ആത്മശിഷ്യത്വം സ്വീകരിച്ചതോടുകൂടി അദ്ദേഹത്തിൻെറ നിലപാടിന്നു സ്ഥിരീകരണം ലഭിച്ചു. "തന്നെ ആരറിയുന്നുവോ, അവൻ തൻെറ രക്ഷിതാവിനെ (റബ്ബിനെ) അറിയും" എന്ന തത്വത്തിന്മേൽ അടിയുറച്ചുകൊണ്ടു് ആത്മജ്ഞാനസമ്പാദനത്തിൽ പരിപൂർണ്ണമായും അദ്ദേഹം വ്യഗ്രനായി

ത്തിന്നിരിക്കുകയാണ്. മതിച്ച്പുളച്ച് ഉല്ലാസഭരിതമായ ജീവിതത്തിനുള്ള സാദ്ധ്യതകളുടെ മദ്ധ്യത്തിൽ, നിസ്സംഗനായി, ദൈവാഭിമുഖമായ എളിയ ജീവിതത്തിൽ തൃപ്തിയടഞ്ഞുകൊണ്ട് സന്തുഷ്ടനായിക്കഴിഞ്ഞുകൂടുന്ന ജ: ഹസ്സൻകുട്ടി അവർകൾ, ഇൽമുത്തസവ്വുഫിനു മനുഷ്യജീവിതത്തിൽ വരുത്താവുന്ന മനോജ്ഞമായ നേട്ടങ്ങളുടെ ഒരു കൊച്ചു മാതൃകയായി വർത്തിക്കുന്നു. ആർജ്ജവവും നിഷ്കളങ്കതയും ഓരോ ലേഖനത്തിലും തെളിഞ്ഞുകാണുന്നതിന്റെ കാരണം മറെറാന്നല്ല.

ഇൽമുത്തസവ്വുഫ് എന്നുപറഞ്ഞാൽ "മിസ്റ്റിസിസം" അല്ല. തസവ്വുഫ് എന്നുപറഞ്ഞാൽ, നിയമാധിഷ്ഠിതവും വ്യവസ്ഥാപിത പദ്ധതിയോടുകൂടിയതും ആയ ഒരു വിജ്ഞാനശാഖയാകുന്നു. പ്രത്യേക പരിതഃസ്ഥിതികളിൽ പുനരാവർത്തിക്കപ്പെടാവുന്ന സ്പഷ്ടസത്യാനുഭവങ്ങളിൽ അധിഷ്ഠിതമാണ് തസവ്വുഫ് എന്ന വിജ്ഞാനവും. അന്യവിജ്ഞാനശാഖകളിലെന്നപോലെതന്നെ ഈ ശാഖയിലും അതിബുദ്ധിമാന്മാരുണ്ട്. അവരാണ് ലോകത്തിൽ ഉണവ്വ് സൃഷ്ടിക്കുന്ന മഹാന്മാർ. ജീവിതം അനന്തമാണെന്നുള്ള വിശ്വാസം പ്രചരിപ്പിക്കുകവഴി, ആ മഹാന്മാർ സാധാരണക്കാരിൽനിന്നു മരണഭയത്തെ അകററുകയും ജീവിതത്തെ സ്വസ്ഥമായി വീക്ഷിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. അല്ലാഹു ഉണ്ടെന്നുള്ള സമ്പൂർണ്ണവും സുനിശ്ചിതവും അചഞ്ചലവുമായ വിശ്വാസം ആ മഹാന്മാരെ അല്ലാഹുവുമായി വചന

ബന്ധം പുലത്തുവാനും തദ്വാരാ പ്രവാചകപ്രഭുവായ റസൂൽ (സ) തിരുമേനിയുടെ കാൎയ്യസ്ഥന്മാരായി പ്രവൎത്തിക്കുവാനും കെല്പുള്ളവരാക്കിത്തീൎത്തു. താഴെചേൎത്ത നബിവചനങ്ങൾ ആ മഹാന്മാരെ ഉദ്ദേശിച്ചുള്ളവയാകുന്നു:—
"എൻെറ അനുയായികളിൽപെട്ട ജ്ഞാനികൾ ഇസ്രായിലിലെ പ്രവാചകന്മാരെപ്പോലെയാകുന്നു."
"ജ്ഞാനികൾ പ്രവാചകന്മാരുടെ പിന്തുടൎച്ചക്കാരാകുന്നു."

ഭൂമിയിൽ പ്രവാചകൻെറ കാൎയ്യസ്ഥന്മാരായി പ്രവൎത്തിപ്പാൻ അൎഹതയുള്ളവരെ അബ്ദൽ, ഖുത്തുബ്, ഗൌസ് എന്നിങ്ങിനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ആത്മീയാവസ്ഥകളിലുള്ള ഭിന്നസ്വഭാവങ്ങളാണ് ഈ തരംതിരിക്കലിൻെറ അടിസ്ഥാനം. അബ്ദലിനെ ആത്മീയനീതിപതിയായും ഖുത്തുബിനെ അതിലും ഉന്നതപദവിയുള്ളവരായും ഗൌസിനെ അതിനേക്കാൾ ഉയൎന്ന പദവിയുള്ളവരായും ഗണിക്കാം. അവർ നിശ്ശബ്ദരായി, സേവനതല്പരരായി, പാപികളായ ജനങ്ങൾക്ക് പൊതുവെ മാപ്പു നൽകുവാനുള്ള പ്രാൎത്ഥനാബദ്ധരായി കഴിഞ്ഞുകൂടുകയല്ലാതെ അബ്ദലെന്നൊ ഖുത്തുബെന്നൊ ഗൌസെന്നൊ സ്വയം പ്രഖ്യാപിക്കുകയില്ല.

മനുഷ്യൎക്കുവേണ്ടി മാദ്ധ്യസ്ഥന്മാരായിട്ടാണ് ഇത്തരം മഹാന്മാർ വൎത്തിക്കുന്നതെന്നു പറയുന്നതു് ഇസ്ലാമിന്നു നിരക്കാത്ത വാദമാണെന്നു ചിലൎക്കു അഭിപ്രായമുണ്ടു്. സൂറ: 'യാസീ'നിലെ 20 മുതൽ 27 വരെയുള്ള വാക്യങ്ങൾ

ആ അഭിപ്രായത്തിൻെറ ദുബ്ബ്ലതയെ തെളിയിച്ചു കഴിഞ്ഞിട്ടുള്ള നിലക്ക അതിനെപ്പററി അധികം പറയേണ്ടതില്ല. പാപങ്ങളും ദുഷ്കൎമ്മങ്ങളും നടത്തിവന്ന ഒരു ജനത അനുഭവിക്കേണ്ടിയിരുന്ന ശിക്ഷ, അവരുടെ കൂട്ടത്തിൽ ആത്മീയപ്രബുദ്ധതയുള്ള ഒരാൾ ഉണ്ടായതുകൊണ്ടു് ഒഴിവാക്കപ്പെട്ട വസ്തുതയാണു് സൂറ: "ഹൂദിൽ" വിവരിക്കപ്പെട്ടിട്ടുള്ളതു്. റസൂൽകരീം (സ) മക്കയിൽനിന്നു യാത്രയായതുവരെ ഖുറൈശികൾക്കുള്ള ശിക്ഷപോലും അല്ലാഹു നിറുത്തിവെച്ചു. വിശുദ്ധ ഖുർ-ആൻ പറയുന്നു:— "താങ്കൾ അവരുടെ പരിസരത്തിൽ (ഇടയിൽ) ഉള്ളതുവരെ, അല്ലാഹു അവരെ ശിക്ഷിക്കുന്നതുമല്ല—" (8.33) "എൻെറ 'വലി'യോടു് എതിക്കുന്നവൻ എന്നിൽനിന്നുള്ള യുദ്ധപ്രഖ്യാപനത്തെ സ്വീകരിക്കേണം" എന്ന സുപ്രശസ്തമായ ഹദീസ് എന്തൊന്നാണു് വ്യക്തമാക്കുന്നതെന്നു ചിന്തിക്കേണ്ടുന്ന കടമ നമുക്കുണ്ടു്. ഒരു വലിയോടു ശത്രുത കാട്ടുന്നവൻ ദൈവകോപത്തിനു പാത്രീഭവിക്കുമെങ്കിൽ, വലിയുടെ സേവനവും പ്രാത്ഥനയും ദൈവാനുഗ്രഹം ഉളവാക്കുമെന്നുള്ളതു് തീച്ച്യല്ലെ? 'അസ്ഹാബുസ്സുഫ്ഫ' എന്ന അനുചര സംഘത്തിൻെറ പ്രത്യേകമായ ഭക്തികമ്മാദികൾക്ക പ്രവാചകരുടെ കാലത്തെ മതാനുഷ്ഠാനങ്ങളിൽ ഗണ്യമായ സ്ഥാനം നല്കപ്പെട്ട വസ്തുത സ്മരണീയമത്രെ.

പക്ഷെ, ഒരു സംഗതി സമ്മതിക്കേണ്ടതുണ്ടു്. 'സൂഫിസം' എന്നു മുദ്രയടിച്ചിട്ടുള്ള പല കാൎയ്യങ്ങളും 'തസ

വ്വൂഫ് അല്ല. ഇസ്ലാമികമല്ലാത്തതും ഇസ്ലാമിന്നു വിരുദ്ധമായിട്ടുള്ളതുമായ പല ചിന്താഗതികളും അനുഷ്ഠാനങ്ങളും ഇസ്ലാമിൻെറ ബാഹ്യശരീരത്തിൽ സ്ഥലംപിടിച്ചു കഴിഞ്ഞിട്ടുണ്ട്. ഇസ്ലാമിൻെറ ആത്മാവും ചൈതന്യവും തസവ്വുഫ് ആകുന്നു. തസവ്വുഫിൻെറ ബഹിർപ്രകടനമാണ് ഇസ്ലാം എന്നുകൂടി വേണമെങ്കിൽ പറയാം. എന്തെന്തു വൈവിദ്ധ്യങ്ങൾ സ്വാധീനത ചെലുത്തുവാൻ ശ്രമിച്ചിട്ടും തസവ്വുഫ് ഇന്നും അതിൻെറ സ്ഫടികസമാനമായ വിശുദ്ധിയെ നിലനിറുത്തിപ്പോരുന്നുണ്ട്. തസവ്വുഫിനെപ്പററി ഈ പുസ്തകത്തിലുള്ള ലേഖനം പണ്ഡിതോചിതവും പഠനാർഹവും തന്നെ. ആ ലേഖനത്തിലേക്കു എൻെറ യുവസുഹൃത്തുക്കളുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിക്കുന്നതിന്നുവേണ്ടിയാണ് ഞാൻ ഇത്രയും പറഞ്ഞതു്.

ഇപ്പോൾതന്നെ വളരെ ദീർഘിച്ചുപോയിട്ടുള്ള ഈ അവതാരിക, മററു ലേഖനങ്ങളെ പരാമർശിക്കുകവഴി ഇനിയും ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഒരു മഹത്തായ പ്രേരണയുടെ മഹത്തായ സന്തതിയായ ഈ ഗ്രന്ഥപ്രസാധനത്തിന്നു മുന്നിട്ടുവന്ന എസ്സ്. പി. യം. കമ്മിററിയെ അഭിനന്ദിക്കുകയും, ഗ്രന്ഥകർത്താവിനെ ഹൃദയപൂർവ്വം അനുമോദിക്കുന്നതോടൊപ്പം മതവിജ്ഞാനം വളർത്തുന്നതിന്നുപയുക്തമായ ധാരാളം ഗ്രന്ഥങ്ങൾ വിരചിച്ച് സമുദായസേവനം നിർവ്വഹിക്കുവാൻ സർവ്വശക്തനായ അല്ലാഹു

അദ്ദേഹത്തിന്നു ദീൎഘായുസ്സ് നല്കട്ടെ എന്നു പ്രാൎത്ഥിക്കുക യും ചെയ്തുകൊണ്ടു് ഈ സദ്ഗ്രന്ഥത്തെ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തലശ്ശേരി,<br>8-1-1962

ഒ. ആബു

# നേർച്ചപ്പാട്ട് അഥവാ മാലപ്പാട്ട്

മേൽ ശീർഷകത്തിൽ ഒരു ലേഖനം മോയിൻകുട്ടി വൈദ്യർ സ്മാരകഗ്രന്ഥത്തിലേക്കു അയച്ചുകൊടുക്കേണമെന്നു അതിൻെറ സമ്പാദകൻ ജ: കെ. ആബുസാഹിബ് എനിക്കെഴുതി. നേർച്ചപ്പാട്ട് അഥവാ മാലപ്പാട്ട് എന്ന വിഷയത്തെ അധികരിച്ച് ഒരു ലേഖനം ഞാനെഴുതുന്നതിൽ അദ്ദേഹം അതീവ താല്പര്യം കാണിക്കുകയുമുണ്ടായി.

ജോലിത്തിരക്കുകൾക്കിടയിൽ അവസരമില്ലായ്കയാലും ചുരുങ്ങിയത് 40 വർഷങ്ങളോളമായി ഞാനും നേർച്ചപ്പാട്ടുകളുമായി യാതൊരു ബന്ധവുമില്ലായ്കയാലും തൽവിഷയകമായി എനിക്കുള്ള വിഷമതകളോർത്ത് ആബുസാഹിബിൻെറ ആവശ്യം നിരാകരിക്കാൻതന്നെ ഞാൻ തീരുമാനിച്ചു. പക്ഷെ, ഞാനും മോയിൻകുട്ടി വൈദ്യരും തമ്മിൽ ആത്മീയഗുരുക്കന്മാർവഴിക്കുള്ള ബന്ധത്തെക്കുറിച്ചാലോചിച്ചപ്പോൾ അദ്ദേഹത്തിൻെറ സ്മാരകമായി

പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിലേക്കു എന്തെങ്കിലും ഒരു എളിയ സംഭാവന നല്കാതിരിക്കുന്നതു് കേവലം അധർമ്മമായിരിക്കുമെന്നു കരുതിമാത്രം ചില വരികൾ കുത്തിക്കുറിക്കുവാൻ ഒരുങ്ങിയെന്നേയുള്ളൂ. എൻെറ ശൈഖ് (ആത്മീയഗുരു) ബഹുമാനപ്പെട്ട സയ്യിദ് കോയമ്മത്തങ്ങൾ അവർകളുടെ സ്വന്തം അമ്മാമനായ ബഹുമാനപ്പെട്ട സയ്യിദ് മുഹമ്മദ് ബുഖാരിത്തങ്ങൾ അവർകളാണ് കവി സാർവ്വഭൗമനായ മോയിൻകുട്ടി വൈദ്യരവർകളുടെയും അദ്ദേഹത്തിൻെറ സമകാലികനായ കണ്ണൂരിലെ അബ്ദുൽഖാദർഹാജി അവർകളുടെയും ശൈഖ് അഥവാ ആത്മീയഗുരു. എൻെറ ശൈഖിൻെറ സ്വന്തം അമ്മാമൻെറ മുരീദ് (ആത്മശിഷ്യൻ) എന്നതാണ് ഞാനും മോയിൻകുട്ടി വൈദ്യരവർകളും തമ്മിലുള്ള മേൽപറഞ്ഞ ബന്ധം.

നേർച്ചപ്പാട്ടായി ഉപയോഗിച്ചുവരുന്ന എല്ലാ കൃതികളും 'മാല' എന്ന പേരിലാണ് അറിയപ്പെടുന്നതു്. അലങ്കാരത്തിനും അഴകിന്നുംവേണ്ടി ദേഹത്തിലണിയുന്ന മറേറതു ആഭരണങ്ങളെക്കാളും കൂടുതൽ പ്രാമാണ്യമുള്ള ഒരു ആഭരണമാണല്ലൊ കഴുത്തിൽ ധരിക്കുന്ന മാല. അതുപോലെ പാടാനും പാരായണത്തിന്നുംവേണ്ടി ഉപയോഗിക്കുന്ന മറേറതു് കൃതികളേക്കാളും കൂടുതൽ പ്രാമാണ്യമുള്ളതാണ് നേർച്ചപ്പാട്ടുകൾ എന്ന അർത്ഥത്തിലായിരിക്കണം അവയ്ക്കു (നേർച്ചപ്പാട്ടുകൾക്കു) എല്ലാ കവികളും 'മാല' എന്ന പേർ ഉപയോഗിച്ചിട്ടുള്ളത്. അഥവാ,

No. 11442



‘മുത്തും മാണിക്കവും ഒന്നായിക്കോത്തപോൽ, കോത്തൻ ഞാനിമ്മാല’ എന്നു കാണാത്ത ഒരൊററ മാലപ്പാട്ടുമില്ല. അതുകൊണ്ടു്, മുത്തും മാണിക്യവും സുലഭമായി ലഭിക്കുവാൻ എത്ര പ്രയാസമുണ്ടോ അത്രയും പ്രയാസത്തോടുകൂടിയായിരിക്കണം മാലയിലെ വസ്തുതകൾ അവർ (കവികൾ) ശേഖരിച്ചിട്ടുണ്ടായിരിക്കുക. ഇതു ഏറെക്കുറെ ശരിയുമായിരിക്കണം. എന്തുകൊണ്ടെന്നാൽ, പഴയകാലത്തു ഇന്നത്തെപ്പോലെ ഗ്രന്ഥങ്ങൾ സുലഭമായി ഉണ്ടായിരുന്നില്ലല്ലൊ? എപ്രകാരമായാലും അവയ്ക്കു (നേച്ചപ്പാട്ടുകൾക്കു) ‘മാല’ എന്നപേർ ഒരലങ്കാരം തന്നെയാണെന്നു സമ്മതിക്കാം.

മാലപ്പാട്ടുകൾ നൂറുശതമാനവും വേദാന്തമോ, പുണ്യാത്മാക്കളുടെ അത്ഭുതകൃത്യങ്ങളടങ്ങുന്ന ജീവിതകഥകളും സ്തുതികളുമൊ, ആത്മജ്ഞാനത്തിനുതകുന്ന അതിഗഹനമായ തത്വരത്നങ്ങളൊ ആകുന്നു. അവയുടെ രചയിതാക്കളാണെങ്കിൽ കേവലം സന്മാർഗ്ഗികളും, മതഭക്തന്മാരും സർവ്വോപരി ഗുരുജനങ്ങളോടു് ഭക്ത്യാദരവുള്ളവരുമാണു്. ചുരുക്കം ചിലർ സിദ്ധന്മാർകൂടിയാകുന്നു. മുഹ്യിദ്ദീൻ മാലപ്പാട്ടിന്റെ രചയിതാവായ ഖാളിമുഹമ്മദ് അവർകളെക്കുറിച്ചു ഞാൻ സംഗതിവശാൽ കോഴിക്കോട്ടുപോയി അന്വേഷിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ശ്മശാനഗൃഹം സന്ദർശിച്ചിട്ടുമുണ്ടു്. അദ്ദേഹം ആ കാലത്തെ ഖുത്തുബായിരുന്നു എന്നാണു് എന്നോടു അവിടുത്തുകാരിൽ ചില വൃദ്ധന്മാർ പറഞ്ഞതു്. മുസ്ലിം സാമാന്യ

ജനങ്ങളും തങ്ങളെപ്പോലെ മതഭക്തന്മാരും ഗുരുജനങ്ങളോടു ഭക്ത്യാദരവുള്ളവരായ സന്മാർഗ്ഗികളുമായിത്തീരട്ടെ എന്നതായിരുന്നു ആ എല്ലാ കവികളുടെയും ഉദ്ദേശ്യം. അല്ലാതെ, അവരുടെ ലക്ഷ്യം ഇന്നത്തെ ചില ക്ഷുദ്രകവികളെപ്പോലെ പണസമ്പാദനമായിരുന്നില്ല.

അത്യുഗ്രമായ ഭക്തിയോടുകൂടി ആലപിക്കുന്ന ഏതു കൃതികൾക്കും അമാനുഷികമായ ഒരു ശക്തിയുണ്ടെന്നതു ആരും നിഷേധിക്കാറില്ല. ഒരിക്കൽ വെളിയങ്കോട്ട് ഉമർ മുസ്ല്യാരവർകൾ സ്വന്തം രചിച്ച ഒരു കൃതി ആലപിക്കുകവഴിക്ക് പൂട്ടിയിട്ട റൌളശരീഫ് താനെ തുറക്കപ്പെട്ടിട്ടുണ്ടെന്നു് പറഞ്ഞുകേട്ടിട്ടുണ്ട്. കണ്ണൂരിൽവെച്ച് മോയിൻകുട്ടി വൈദ്യരവർകളും അബ്ദുൽഖാദർഇച്ച അവർകളും തമ്മിൽ നടന്ന ഒരു മവുത്തുപാട്ടിൽ, ഒരാൾ ഒരു പാട്ടുപാടി കത്തിക്കൊണ്ടിരുന്ന വിളക്കു താനെ അണയ്ക്കുകയും മറ്റെയാൾ വേറൊരു പാട്ടുപാടി ഉടനെ ആ അണഞ്ഞ വിളക്കു താനെ കൊളുത്തുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ, റഷ്യയിലെ ഒരു പാട്ടുകാരൻ ഒരിക്കൽ ഒരു പാട്ടുപാടി മഴ പെയ്യിപ്പിച്ചിട്ടുണ്ട്. ഇങ്ങിനെയുള്ള പല സംഭവങ്ങളും ഉത്തരേന്ത്യയിലെ ചില പ്രസിദ്ധ ഗായകന്മാരിൽ ചിലർ നടത്തിയതായി കേട്ടിട്ടുണ്ട്. ഈ അമാനുഷികശക്തി പാട്ടിലല്ല സ്ഥിതിചെയ്യുന്നതു്, മറിച്ച്, പാടുന്നവൻെറ അത്യുഗ്രമായ ഭക്തിയിലാണ്. പക്ഷെ, പാട്ടോ കൃതിയോ ഭക്തിജനകമായിരിക്കണം. മാലപ്പാട്ടു

കർം ഒട്ടുമുക്കാലും ഭക്തിജനകങ്ങളാണെന്നുള്ളതിന്നു സന്ദേഹമില്ല.

മാലാകൃതികളുടെ കർത്താക്കളെല്ലാവരുംതന്നെ പരലോകത്തെയും പരലോകശിക്ഷയെയും കൂടുതൽ ഭയപ്പെടുന്ന ഭക്തന്മാരാണെന്നു ഓരോ മാലയുടേയും അന്ത്യത്തിലുള്ള 'ഇരവ്' എന്ന അദ്ധ്യായം തെളിയിക്കുന്നുണ്ട്. ഈ അദ്ധ്യായമില്ലാത്ത ഒരൊററ മാലയും കാണുകയില്ല. ഇതിൽ (ഇരവിൽ) മരണസ്മരണ, ഖബറിലെ ശിക്ഷ, മുങ്കർ നക്കീർ മലക്കുകളുടെ ചോദ്യങ്ങൾ, മഹ്ശറയിലെ ഭയാനകത, പ്രളയകാലത്തെ ഭയം, സിറാത്ത്പാലം കടക്കുന്നതിലുള്ള വിഷമത, നരകശിക്ഷയെക്കുറിച്ച ഭയം എന്നീ കാര്യങ്ങളും അവയിൽനിന്നെല്ലാം രക്ഷകിട്ടേണ്ടതിന്നുള്ള പ്രാർത്ഥനയും കാണാം. ഓരോ പ്രാർത്ഥനയുടെയും ഒടുവിൽ മുഹ്യിദ്ദീൻ ശൈഖിൻെറ അല്ലെങ്കിൽ വലീങ്ങളുടെ കാവൽ ഏകേണമെ' എന്നും കാണാം. ഇങ്ങിനെ പ്രാർത്ഥിക്കുന്നതു പാപം ചെയ്തതിന്നുള്ള ഈശ്വരശിക്ഷയിൽനിന്നു ഈശ്വരേഹിതത്തിന്നു വിപരീതമായി അവർ അവിടെചെന്നു അവരെ സഹായിക്കേണമെന്ന അർത്ഥത്തിലല്ല. പിന്നെയൊ, മഹാത്മാക്കളോട് കൂറും ഭക്തിയുമുള്ളവരുടെ മനസ്സിനെ അവർ ജീവിച്ചിരിക്കുന്ന കാലത്തു് പാപകരമായ കർമ്മങ്ങൾ ചെയ്യാതിരിക്കുവാനും അതുവഴി മേൽ സന്ദർഭങ്ങളിലെല്ലാം രക്ഷകിട്ടാനും സഹായിക്കേണമെ, എന്ന അർത്ഥത്തിലാണ്. പാപകർമ്മം

ചെയ്യാതിരിക്കുന്ന വിഷയത്തിൽ അത്തരം മഹാത്മാക്കളെ അനുകരിക്കാനുള്ള കഴിവുണ്ടാകേണമെ' എന്നു സാരം.

കവിപുംഗവനായ കുമാരനാശാൻ തൻെറ ഒരു കാവ്യത്തിൽ '................ഇവിടമാണദ്ധ്യാത്മ വിദ്യാലയം' എന്നു ശ്മശാനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ശ്മശാനസ്ഥലവും ശ്മശാനഗൃഹവും ആദ്ധ്യാത്മീക വിദ്യാലയം ആണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഇങ്ങിനെയുള്ള ശ്മശാനത്തുവെച്ച് ഓരോരുത്തരുടേയും ശ്മശാനഗൃഹത്തിന്മേൽ ഇരുന്നുകൊണ്ട് (മൃതദേഹസംസ്കാരാനന്തരം) നടത്തിവരാറുള്ള തൽ ഖീൻ (ശ്മശാനഖുത്തുബ) അവിടെ കൂടിയവരുടെ ഹൃദയത്തിൽ മരണസ്മരണയും പരലോകഭീതീയും ജനിപ്പിക്കുകവഴി അവരെ സന്മാർഗ്ഗികളാക്കിത്തീർക്കേണ്ടതിന്നുള്ള ഉദ്ദേശത്തിലാണല്ലൊ നടത്തപ്പെടുന്നതു്. എന്നാൽ, അറബു്ഭാഷയിൽ നടത്തപ്പെടുന്ന ഈ ഖുത്തുബകൊണ്ടുണ്ടാകുന്നതിനേക്കാളേറെ മരണസ്മരണയും പരലോകഭീതിയും 'ഇരവ്' എന്ന അദ്ധ്യായം, പാടുന്നവരുടെ ഹൃദയത്തിൽ ജനിപ്പിക്കാറുണ്ട്. ഉപരിസൂചിതങ്ങളായ കാരണങ്ങളാലായിരിക്കണം അന്നത്തെ മുസ്ലിം സാമാന്യജനങ്ങൾ മാലപ്പാട്ടുകൾക്കു നേർച്ചപ്പാട്ടെന്ന സ്ഥാനം നല്കിയതും അവ ഭക്തിയാദരവോടുകൂടി പാടിവന്നതും.

എന്നാൽ, ചില മാലകളിൽ ചിലേടത്ത് ശരീഅത്തിൻെറ ശിക്ഷണത്തിന്നു് വിരുദ്ധമായേക്കാവുന്ന ചില

കാൎയ്യങ്ങളുണ്ടെന്നും അതുകൊണ്ടു മാലകൾ പാടുന്നതു ശിക്കാണെന്നും കുഫ്രിയത്ത്കൂടിയാണെന്നും ചില മൌലവിമാർ പറയുവാൻ തുടങ്ങി. മുമ്പും പിമ്പും നോക്കാതെ അതിന്നു അഭ്യസ്തവിദ്യരായ ചില യുവ സ്നേഹിതന്മാരും അരുനിന്നു. ഇക്കാരണങ്ങളാൽ ഇന്നു മാലകൾ പാടിവരുന്ന പതിവു് മിക്കവാറും നിലച്ചിരിക്കുന്നുവെന്നു പറയാം.

ഞാൻ കോളേജ് വിദ്യാൎത്ഥിയായിരുന്നകാലത്തു കരീക്കൽ നേരിയ ദോത്തിവസ്ത്രം ധരിച്ചതിന്നു എന്നെ ഒരു മുസ്ല്യാർ കാഫിറാക്കീട്ടുണ്ട്. ഇംഗ്ലീഷ് പഠിക്കൽ ഹറാമാണെന്നും തലമുടി അല്പം വളൎത്തിയതിന്നു കാഫിറായിപ്പോയെന്നും എന്നോടു അന്നത്തെ ചില മുസ്ല്യാർമാർ പറഞ്ഞതു ഞാനിപ്പോഴും അതർഹിക്കുന്ന വൈരസ്യത്തോടും വെറുപ്പോടുംകൂടി ഓൎമ്മിക്കാറുണ്ട്. ഈ പറഞ്ഞതു എത്ര അസംബന്ധവും ജാഹിലിയ്യത്തുമാണൊ അത്രയും അസംബന്ധവും ജാഹിലിയ്യത്തുമാണ് 'മാല' പാടുന്നതു ശിക്കെന്നും മററും ചില മൌലവിമാർ പറയുന്നതും.

മാലപ്പാട്ടുകളിൽ, പ്രത്യേകിച്ച് മുഹ്യിദ്ദീൻ മാലയിൽ ശരീഅത്തിന്നു നിരക്കാത്ത ചില പ്രയോഗങ്ങളുണ്ടെന്നു ചില മൌലവിമാർ അടുത്തകാലത്തു ശക്തിയായി പ്രചാരവേല ചെയ്തിരുന്നു. അവയൊന്നുംതന്നെ ശരീഅത്തിന്നു വിരുദ്ധമല്ലെന്നും മറിച്ച് ശരീഅത്തിന്നു വിധേയമാണെന്നും ഞാൻ എൻെറ 'ഗ്ഗുരുമുഹ്യിദ്ദീൻ' എന്ന

ചെറുഗ്രന്ഥത്തിൽ ഉദാഹരണസഹിതം തെളിയിച്ചിട്ടുണ്ടു്. അഥവാ, ചില പ്രയോഗങ്ങൾ ഉണ്ടെന്നുതന്നെ വാദത്തിനുവേണ്ടി സമ്മതിക്കുക. എന്നാൽതന്നെ, ആ ഭാഗംമാത്രം വേണ്ടെന്നുവെച്ചു് ബാക്കി ഭാഗങ്ങൾ സ്വീകരിച്ചുകൂടെ? പരസ്ത്രീകളെ കാണുന്നതു കുററകരമാണെന്നതിനാൽ പൊതുവഴിയിൽകൂടി പോകുമ്പോൾ അവരെ കണ്ടുപോകുമെന്നു ഭയന്നു ആരെങ്കിലും കണ്ണു് കുത്തിപ്പൊട്ടിക്കാറുണ്ടോ? ദുരുദ്ദേശത്തോടുകൂടി അവരെ നോക്കാതിരുന്നാൽപോരെ? ഇത്തരം മൌലവിമാരെയും മുസ്ല്യാന്മാരെയും പിൻപററി നടക്കുന്നവക്കു് ഒരു വിഷയത്തിലും പുരോഗമിക്കുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കി അവരെ അകററി നിറുത്തുകയെ പുരോഗമനേച്ഛുക്കൾക്കു നിവ്വാഹമുള്ളു.

ഹരികഥാകാലക്ഷേപം, നാടകാഭിനയം, കഥകളി, ഓട്ടംതുള്ളൽ, ചലച്ചിത്രം മുതലായവവഴിക്കു ഇതര മതസ്ഥർ തങ്ങളുടെ മതവുമായി അടുത്തടുത്തു വരുമ്പോൾ, മുസ്ലിംകൾ തങ്ങളുടെ മതവുമായി അകന്നകന്നു പോകുന്നതായിട്ടാണു് നാം കണ്ടുകൊണ്ടിരിക്കുന്നതു്. മുസ്ലിം പാമരജനങ്ങൾക്കു, വിശിഷ്യ സ്ത്രീവിഭാഗത്തിനു പലതും പഠിക്കുവാനും ഭക്തിയുണ്ടാകുവാനും ഉതകുന്നതാണു് മാലപ്പാട്ടുകൾ. അവ പാടിവരുന്ന സമ്പ്രദായം നിലച്ചുപോകുന്നതുകൊണ്ടു് വാസ്തവത്തിൽ കോട്ടമല്ലാതെ നേട്ടമുണ്ടായിരിക്കുകയില്ലെന്നാണു് എൻെറ വിനീതാഭിപ്രായം.

നേച്ച്പ്പാട്ടുകളിൽ മതഭക്തിയില്ലാതാക്കുന്ന യാതൊന്നുമില്ലെന്നും മറിച്ച്, മതഭക്തിയുണ്ടാക്കുന്നതിനുതകുന്ന പലതുമുണ്ടെന്നും അപ്പോലെതന്നെ ഈശ്വരാനുരാഗിയായിത്തീരാനുള്ള വഴികൾകൂടിയുണ്ടെന്നും പറയുന്നതിൽ എനിക്കു ഖണ്ഡനഭയം തീരെ ഇല്ല. 'ഏഴപത്തു വാതിൽ തുറന്നാന്നെനിക്കുള്ളാ, ആരും അറിയാത്ത ഇൽമാലതെന്നോവർ' എന്ന മുഹ്‌യിദ്ദീൻ മാലയിലെ വാക്യം നാം ഒന്നു വിശകലനം ചെയ്യുക. ഏതിന്റെ അല്ലെങ്കിൽ എന്തിന്റെ ഏഴപത്തു വാതിലാണവയെന്നു വിമശ്കരൊ വിമശിതരൊ ഇന്നേവരെ ചിന്തിച്ചിട്ടുണ്ടോ? ആത്മാവു് എവിടെ നിന്നാണൊ. പുറപ്പെട്ടതു് ആ പുറപ്പെട്ട സ്ഥാനത്തുതന്നെ അതു മടങ്ങിയെത്തിച്ചേരേണ്ടതുണ്ടു്. ആരെങ്കിലും മൃതിയടഞ്ഞെന്നു കേട്ടാൽ "നിശ്ചയമായും നിങ്കൽനിന്നു വന്നവൻ നിങ്കലേക്കു മടങ്ങി" എന്ന അത്ഥം വരുന്ന ഖുർ–ആൻ വാക്യം മുസ്ലിംകൾ പറയാറുണ്ടു്. സവ്വരും അല്ലാഹു (ബ്രഹ്മം) വിൽനിന്നു വന്നവരാണു്, അല്ലെങ്കിൽ ഉണ്ടായവരാണു് എന്നും അവരെല്ലാം അല്ലാഹുവിങ്കലേക്കു (ബ്രഹ്മത്തിങ്കലേക്കു) തന്നെ മടങ്ങേണ്ടവരാണെന്നുമാണല്ലൊ മേൽ ഖുർ–ആൻ വാക്യം പഠിപ്പിക്കുന്നതു്. സവ്വരും ബ്രഹ്മത്തിൽനിന്നുണ്ടായി എന്നും മററം

'യതോവാ ഇമാനിഭൂതാനി ജായന്തെയേന ജാതാനി
ജീവന്തി
യൽ പ്രയന്ത്യഭിസംവിശന്തി തദ്വി ജിജ്ഞാസ സ്വതൽ
ബ്രഹ്മാ'

എന്ന തൈത്തിരീയോപനിഷദ്വാ വാക്യവും പഠിപ്പിക്കു ന്നു. അവങ്കൽനിന്നു പുറപ്പെട്ട ആ ആത്മാവ് ഇപ്പോൾ അവനുമായി എഴുപതു മറകൾ (ഹിജാബുകൾ) ക്കിപ്പുറ ത്താണ്. ഈ എഴുപതു മറകളെ അല്ലെങ്കിൽ വാതിലു കളെ ഭേദിക്കുവാനൊ തുറക്കുവാനൊ ഒരു മനുഷ്യ വ്യക്തി ക്കു കഴിഞ്ഞാൽ ആയാൾ അവങ്കലേക്കെത്തി. ആ ആളി ൻെറ ലക്ഷ്യം പരിപൂർണ്ണമായി. വേദാന്തഭാഷയിൽ പറ കയാണെങ്കിൽ ബ്രഹ്മലയം സാധിച്ചു അഥവാ അല്ലാഹു വിൽ വാസിലായി.

എന്താണ് ആ എഴുപതു ഹിജാബുകൾ അല്ലെങ്കി ൽ വാതിലുകൾ? ഇവിടെ മനുഷ്യാത്മാവു് വന്ന മാർഗ്ഗം അല്പമൊന്നു സൂചിപ്പിക്കേണ്ടതുണ്ട്. "സിർ"റിൽനിന്നു "നൂർ" (ജ്ഞാനം) ഉണ്ടായി. നൂറിൽനിന്നു 'നാർ' (അഗ്നി) ഉണ്ടായി. നാറിൽനിന്നു "ഹവാ" (വായു) ഉണ്ടായി. വാഹയിൽനിന്നു 'മാഅ്" (വെള്ളം) ഉണ്ടായി. മാഇൽ നിന്നു 'തുറാബ്" (പൃഥ്വി) ഉണ്ടായി. തുറാബിൽനിന്നു 'അനാസി'റുകൾ (പഞ്ചഭൂതങ്ങൾ) ഉണ്ടായി. പഞ്ചഭൂതങ്ങ ളിൽനിന്നു ജീവജാലങ്ങളും വൃക്ഷസസ്യലതാതികളുമുണ്ടാ യി. ഇവയിൽനിന്നു ഭക്ഷണമുണ്ടായി. ഭക്ഷണത്തിൽനിന്നു രക്തമുണ്ടായി. രക്തത്തിൽനിന്നു ശുക്ലശ്രോണിതങ്ങളുണ്ടാ യി. ശുക്ലശ്രോണിതങ്ങളിൽനിന്നു മനുഷ്യനുണ്ടായി. ഈ മനുഷ്യഹൃദയത്തിലാണ് ആ അവൻെറ (അല്ലാഹുവിൻെറ) ഇരിപ്പിടം. അല്ലാഹുവിൻെറ വാസസ്ഥലമായ ഖൽബ് (മനുഷ്യഹൃദയം) ഏഴു ദുർഗ്ഗുണങ്ങളെക്കൊണ്ടു് പൊതിയ

പ്പെട്ടതാണ്. ഒരു ദ്വർണ്ണം ചെയ്യുമ്പോൾ അതിൽ അഞ്ചു ജ്ഞാനേന്ദ്രിയവും അഞ്ച് കർമ്മേന്ദ്രിയവും ഇങ്ങിനെ പത്തു ഇന്ദ്രിയങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്. ഒരു ദ്വർണ്ണത്തിന്നു പത്തു ഹിജാബ് പ്രകാരം ഏഴു ദ്വർണ്ണങ്ങൾക്കു എഴുപതു ഹിജാബ് എന്നു ആത്മജ്ഞാനികൾ പറയാറുണ്ട്. ഇതിൻെറയാകെ സാരം ഏഴു ദ്വർണ്ണങ്ങളെയും ജ്ഞാനേന്ദ്രിയ പരമായും കർമ്മേന്ദ്രിയപരമായും ഉപേക്ഷിച്ചു, ഹൃദയം മുഴുവനും പരിശുദ്ധമാക്കി, ഈശ്വരവാസത്തിന്നു പരിപൂർണ്ണ യോഗ്യതയുള്ളതാക്കി, അങ്ങിനെ ഈശ്വരനും ആ മനുഷ്യവ്യക്തിക്കും തമ്മിലുള്ള ഹിജാബുകൾ പാടെ നീങ്ങി, ഞാനെന്നും ബ്രഹ്മമെന്നുമുള്ള രണ്ടവസ്ഥയില്ലാതെയായി; ആ മനുഷ്യവ്യക്തിയുടെ മനസ്സ് അല്ലാഹുവിൽ പരിപൂർണ്ണമായി ലയിച്ചു അഥവാ അല്ലാഹുവിൽ 'വാസി'ലായി എന്നാകുന്നു. ഈ വസ്തുത ആ മനുഷ്യവ്യക്തിക്കല്ലാതെ മററാക്കും അറിയാനും കഴികയില്ലല്ലൊ. ഈ കാര്യങ്ങളാണ് മേൽപറഞ്ഞ 'എഴുപതു വാതിൽ .... .... .... .... .... ആരും അറിയാത്ത ഇൽമാൽ അതെന്നോവർ' എന്ന മുഹ്‌യിദ്ദീൻ മാലയിലെ വാക്യത്തിന്നർത്ഥം. ഈ വാക്യമാണ് എന്നെ നിരീശ്വരത്വത്തിൽനിന്നു വിരമിപ്പിച്ച് ഈശ്വരവിശ്വാസിയാക്കിത്തീർത്തതു്. ഇക്കാര്യം ഞാൻ എൻെറ ഗുരുമുഹ്‌യിദ്ദീൻ എന്ന ചെറുഗ്രന്ഥത്തിലെ പ്രസ്താവനയിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ഞാനിത്രയും എഴുതാൻ കാരണം മാലപ്പാട്ടിലെ ചില ചൊല്ലുകളിൽ മനുഷ്യനെ മനുഷ്യനാക്കിത്തീക്കാൻ കഴിയുന്നതിന്നുതകുന്ന ചില

ആത്മീയ തത്വരത്നങ്ങൾ കൂടിയുണ്ടെന്നു കാണിപ്പാ നാണു്.

നേർച്ചപ്പാട്ടുകളിലെന്നല്ല ഭക്തന്മാരാൽ രചിക്കപ്പെട്ട മററു പാട്ടുകളിലും ചില ആത്മീയ തത്വരത്നങ്ങൾ കാണാവുന്നതാണു്. 'കാണും സ്വരൂപമെല്ലാം കത്തൻ മള്ഹർഎണ്ടെ, പേണീശുഹൂദ് ചെയ്ത് ഫലിക്കും നാളെന്നാളെൊ' എന്നു "മൊഞ്ചാനപ്പലമ്പൽ" എന്ന പാട്ടിൽ അതിൻെറ വിരചിതാവായ ശൈഖ് ഉമർ വലിയ്യുള്ള പാടുന്നു. എന്താണിതിൻെറ അത്ഥം. കണ്ണുകൊണ്ടു കാണുവാൻ കഴിയുന്ന സവ്വ വസ്തുക്കളും സാക്ഷാൽ ഉള്ളവനായ അല്ലാഹുവിൻെറ 'മള്ഹ'റാണു് (പ്രതിബിംബം). സാക്ഷാൽ ഉള്ളവനായ അവനെ (അല്ലാഹുവിനെ) മുശാഹദ (നിദിദ്ധ്യാസനം) വഴിക്കു സാക്ഷാൽകരിപ്പാൻ എന്നാണു് എനിക്കു കഴിയുക' എന്നാണതിന്നത്ഥം.

ഇത്തരം വേദാന്തതത്വങ്ങൾ ഖുർ-ആൻ ശരീഫിലും പലയിടങ്ങളിലായി സൂചിപ്പിച്ചിട്ടുണ്ടു്.

ഖുർ-ആൻ ശരീഫിലെ 'അൽബഖറ' എന്ന അദ്ധ്യായം "അലിഫ്ലാം മീം" എന്ന മൂന്നു കേവലാക്ഷരങ്ങളെക്കൊണ്ടാണല്ലൊ ആരംഭിക്കുന്നതു്. ഇങ്ങിനെ കേവലാക്ഷരങ്ങളെക്കൊണ്ടു് ആരംഭിക്കുന്ന അദ്ധ്യായങ്ങൾ ഖുർ-ആനിൽ വേറെയുമുണ്ടു്. 'അലിഫ്ലാംമീം' എന്നതു് ഒരു അറബിക്ക് പദമല്ലാത്തതിനാൽ ഖുർ-ആൻ വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും അതിന്നു പ്രത്യേകമായി

രത്ഥവും പറയാതെ 'അതുകൊണ്ടുദ്ദേശിക്കുന്നതു് അല്ലാഹുവിന്നറിയാം' എന്നു പറയുകയാണു് പതിവു്.

എന്നാൽ, മേൽ കേവലാക്ഷരങ്ങൾക്ക സൂഫികൾ ബഹുവിധ വ്യാഖ്യാനങ്ങൾ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ടു്. അവയിൽ രണ്ടെണ്ണംമാത്രം ഇവിടെ പറയാം:—

ചുരുക്കാക്ഷരപ്രയോഗം മറ്റെറ്റു രാജ്യത്തിലെയും പോലെ അറബ്‌രാജ്യത്തിലും നടപ്പുണ്ടായിരുന്നു. ഏതെങ്കിലും ഒരു വസ്തുവിൻെറ മുഴുവൻ പേരിൻെറ ആദ്യത്തെ അക്ഷരം ഉപയോഗിക്കുന്ന പതിവു് ഇപ്പോൾ എല്ലായിടത്തും നടപ്പിലുണ്ടല്ലോ. ഖുർ-ആൻ അവതരണകാലത്തും അതിന്നുമുമ്പും അറബിസാഹിത്യകാരന്മാർ ഒരു വസ്തുവിൻെറ മുഴുവൻ പേരിൻെറ ആദ്യത്തെ അക്ഷരം ഉപയോഗിക്കുന്നതിന്നു പുറമെ ചിലപ്പോൾ ഒടുക്കത്തെ അക്ഷരവും പ്രയോഗിച്ചുവന്നിരുന്നു. "കേരള, കോഴിക്കോട്" എന്നതിൽ കോഴിക്കോട് എന്നതിൻെറ ഒടുക്കത്തെ അക്ഷരമായ "ഡി" ഉപയോഗിച്ച് കെ. എൽ. ഡി. എന്നു ഉപയോഗിച്ചു വരുന്നതുപോലെ. ഈ സമ്പ്രദായമനുസരിച്ച് 'അലിഫ്' എന്നതു 'അല്ലാഹു' എന്ന മുഴുനാമത്തിൻെറ ആദ്യത്തെ അക്ഷരവും 'ലാം' എന്നതു 'ജിബ്രീൽ' എന്ന മുഴുനാമത്തിൻെറ ഒടുക്കത്തെ അക്ഷരവും 'മീം' എന്നതു 'മുഹമ്മദ്' എന്ന മുഴുനാമത്തിൻെറ ആദ്യത്തെ അക്ഷരവും ഇങ്ങിനെ 'അലിഫ് ലാം മീം ദാലിക്കൽ കിത്താബു്' എന്നതിന്നു അല്ലാഹുവും ജിബ്രീലും

മുഹമ്മദും ഗ്രന്ഥകാരന്മാരായുള്ള ആ കിത്താബ് എന്ന താണു് ഒരു വ്യാഖ്യാനം. ഇതു പുറം വ്യാഖ്യാനമെന്നാണു് അവർ പറയാറു്.

മറ്റൊന്നു ഉൾവ്യാഖ്യാനമെന്നു പറയപ്പെടുന്നതാണു്. അതിപ്രകാരമാണു്:—അല്ലാഹുവിനെക്കുറിക്കുന്ന അക്ഷരമാണു് അലിഫ് എന്നു പറഞ്ഞുവല്ലൊ. പിന്നെത്തേതു് ലാമും മീമുമാണല്ലൊ. അലിഫ് ലാം, മീം എന്നീ രണ്ടു ലിപികൾ എടുത്തുകളഞ്ഞാൽ ശേഷിക്കുന്നതു് അലിഫ് എന്ന ലിപി മാത്രമാണു്. അക്ഷരങ്ങൾക്കു സംഖ്യ ഉപയോഗിക്കുന്ന സമ്പ്രദായവും അറബിജ്യോതിശ്ശാസ്ത്രജ്ഞന്മാൎക്കിടയിൽ നടപ്പുള്ളതാണു്. അവൎക്കിടയിൽ അക്ഷരസംഖ്യ (i) ജുമലുസ്സഗീർ (ii) ജുമലുൽകബീർ ഇങ്ങിനെ രണ്ടുവിധമാണു്. ജുമലുസ്സഗീറാണു് അധികം പ്രചാരത്തിലുള്ളതു്. ഈ ജുമലുസ്സഗീർ അക്ഷരസംഖ്യാ കണക്കുപ്രകാരം 'ലാം' എന്നതിന്നു മുപ്പതും 'മീം' എന്നതിന്നു നാല്പതുമാണു് എണ്ണം. അപ്പോൾ ലാമും മീമും എടുത്തുകളഞ്ഞാൽ അതായതു്, നാല്പതും മുപ്പതും എഴുപതു് എടുത്തുകളഞ്ഞാൽ ശേഷിക്കുന്നതു അലിഫ് മാത്രമാണു്. അലിഫാണെങ്കിൽ അല്ലാഹുവിനെ കുറിക്കുന്നതുമാണു്. അതായതു്, മനുഷ്യൻ ഏഴു ദുർഗ്ഗുണങ്ങളെയും കൎമ്മേന്ദ്രിയപരമായും ജ്ഞാനേന്ദ്രിയപരമായും ഉപേക്ഷിച്ചാൽ അവൻ അല്ലാഹുവിൽ വാസിലായി, അഥവാ ബ്രഹ്മത്തിൽ ലയിച്ചവനായി, ഉമ്മുൽകിത്താബായി മാറുന്നു എന്നു സാരം. ഈ ഉമ്മുൽകിത്താബിനെക്കുറി

ച്ചാണ് ഇമാം അലി (റ) തൻെറ മക്കൾക്കുകൊടുത്ത ഉപദേശത്തിൽ സൂചിപ്പിച്ചിട്ടുള്ളതും. അലിഫ്ലാംമീം എന്നതിൻെറ ഉൾവ്യാഖ്യാനമായി സൂഫികൾ പറഞ്ഞു വരുന്ന സാരമത്രെ മുഹ്യിദ്ദീൻ മാലയിൽ 'ഏഴപതു വാതിൽ തുറന്നാന്നെനിക്കുള്ളാ ആരും അറിയാത്ത ഇൽമാൽ അതെന്നോവർ' എന്ന ചൊല്ലിൽ ഗർഭിച്ചിട്ടുള്ളതു്.

ആത്മജ്ഞാനികളിൽ അഗ്രേസരനായി അറിയപ്പെടുന്ന മുഹ്യിദ്ദീനിബ്നു് അറബി(റ) മേൽ കേവലാക്ഷരങ്ങൾക്കു നല്കുന്ന ഉള്ളിൻെറ ഉൾവ്യാഖ്യാനം വേറെയുമുണ്ടു്. 'അലിഫിനും' പുള്ളിയില്ലാ' എന്നു മുല്ലമാർ പഠിപ്പിക്കാറുള്ള അലിഫിനു ഏഴു പുള്ളികൾ (ബിന്ദുക്കൾ) ഉണ്ടെന്നും അവ (1) നാസൂത്തു് (2) മലക്കൂത്തു് (3) ജബെറൂത്തു് (4) ലാഹൂത്തു് (5) ഹാഹൂത്തു് (6) ബാഹൂത്തു് (7) ജംഹൂത്തു് ആണെന്നും മററും (മററു പലതുമുണ്ടു്.) ആകുന്നു. അവ ഇവിടെ വിവരിക്കുക സാദ്ധ്യമല്ല. 'അലിഫ്ലാംമീം' എന്നതിൻെറ ഉൾവ്യാഖ്യാനവും ഉള്ളിൻെറ ഉൾവ്യാഖ്യാനവും വെറും കട്ടകട്ടിവേദാന്തതത്വങ്ങളാണു്. ഉള്ളിൻെറ ഉൾവ്യാഖ്യാനത്തിലടങ്ങിയ വേദാന്തസാരത്തെ കണ്ണൂരിലെ അബ്ദുൽഖാദർഇച്ച എന്നറിയപ്പെടുന്ന സൂഫി അവർകളാലൊ, ഖാളിമുഹമ്മദ് അവർകളാലൊ രചിക്കപ്പെട്ടതായി പറയപ്പെടുന്ന 'അലിഫെന്ന മാണിക്കം' എന്ന മാലപ്പാട്ടിൽ 'ഹു' എന്ന സിർറിന്നു് ഖുർ-ആൻ ഖിളങ്കി' എന്ന ചൊല്ലിൽ നിക്ഷിപ്തമാക്കീട്ടുണ്ടു്.

'നേർച്ചപ്പാട്ടുകൾ' എന്നറിയപ്പെടുന്ന മാലപ്പാട്ടുകളിൽ അന്വേഷണബുദ്ധിയുള്ളവക്ക് മനസ്സിലാക്കുവാനും പഠിക്കുവാനും പലതുമുണ്ടെന്നാണ് എന്റെ അനുഭവം.

ഏഴെട്ട് കൊല്ലങ്ങൾക്കുമുമ്പ് കോഴിക്കോട്ടുവെച്ച് നടത്തപ്പെട്ട ഒരു യജ്ഞയോഗത്തിൽവെച്ച് ശ്രീ ചിന്മയാനന്ദസ്വാമികൾ 'ഉപനിഷത്തുകളിലല്ലാതെ ലോകത്തിലെ ബൈബിളുകളിലും ഖുർ-ആനുകളിലും വേദാന്തമതമില്ല' എന്നു പ്രസംഗിക്കുകയുണ്ടായി. ഈ വസ്തുത മാതൃഭൂമിദിനപത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അന്നു അതിന്നു മറുപടിയായി 'ഖുർ-ആനിലെ വേദാന്തമതം സ്വാമിജി കണ്ടിട്ടില്ല' എന്ന ശീർഷകത്തിൽ ഞാൻ എഴുതിയതും മാതൃഭൂമിയിലും ചന്ദ്രികയിലും പ്രസിദ്ധീകരിക്കപ്പെട്ടതുമായ ലേഖനത്തിൽ 'സർവ്വ ഉപനിഷത്തുകളിലും പറയപ്പെടുന്ന വേദാന്തമതം ഖുർ-ആനിലെ 'അലിഫ്‌ലാംമീം' എന്ന കേവലാക്ഷരപദത്തിൽ നിക്ഷിപ്തമാക്കീട്ടുണ്ടെന്നു ഞാൻ സമർത്ഥിച്ചിരുന്നതു വായനക്കാരിൽ ചിലരെങ്കിലും ഇപ്പൊഴും ഓക്കുന്നുണ്ടാവണം.

സ്മര്യപുരുഷനായ മോയിൻകുട്ടി വൈദ്യരവർകളുടെ 'ബദറുൽമുനീർ ഹുസുനുൽ ജമാൽ' എന്ന പാട്ടിലെ കഥാസാരത്തെ അനുകരിച്ചു മററൊരു കവി എഴുതിയ ഒരു കെസ്സിലെ ഒരു വരിയിൽ തൽകത്താവ് നിക്ഷിപ്തമാക്കിയ വേദാന്തതത്വം കാണുക:— "എന്തിനാണ് പൊൻകരളെ പന്തിരണ്ടിലാക്ക്ണ്, എപ്പൊഴാണ് പൂമരം വിരിഞ്ഞ് തേൻ കുടിക്ക്ണ്". ഇതിന്റെ അർത്ഥം പൊൻ

മനമെ, എന്തിനാണ് ഞാനെന്നും നീയെന്നുമുള്ള രണ്ടവ സ്ഥ? ഏതു് ദിവസമാണ് ജീവാത്മാവായ ഞാൻ പരമാത്മാവായ നിന്നിൽ ലയിച്ച് (അല്ലാഹുവിൽ വാസിലായി) ശാശ്വതാനന്ദാനുഭൂതി അനുഭവിക്കുകഎന്നാകുന്നു. കാമുകീകാമുകന്മാരന്യോന്യമുള്ള, ഭൌതികശൃംഗാരമല്ല മറിച്ച്, മനുഷ്യനും ഈശ്വരനും തമ്മിലുള്ള ഈശ്വരാനുരാഗശൃംഗാരമാണ് അതുകുറിക്കുന്നതു്.

മാപ്പിളസാഹിത്യത്തെക്കുറിച്ച് ഗവേഷണം നടത്തിവരുന്ന (i) ശ്രീ. ടി. ഉബൈദ് സാഹിബോടും (ii) കെ. ആബുസാഹിബോടും രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ. മലബാറിലെ മാപ്പിളമാരുടെ, വിശിഷ്യ മാപ്പിളസ്ത്രീകളുടെ സാഹിത്യലിപിയാണ് അറബ്മലയാളലിപി. ഈ അറബ്മലയാളലിപിയെ നശിപ്പിക്കുന്നതിനുതകുന്ന ഒരു സംരംഭത്തിലും നിങ്ങളും നിങ്ങളെപ്പോലുള്ളവരും സഹായികളാകരുതെന്നും പ്രത്യുത, അതിനെ പോഷിപ്പിക്കുന്നതിനും പൂർവ്വാധികം പ്രചരിപ്പിക്കുന്നതിനും ഉതകുന്ന സംരംഭങ്ങളിൽ ത്യാഗപൂർവ്വം ഏർപ്പെടേണമെന്നും ഞാനപേക്ഷിക്കുന്നു. സൌകര്യപ്പെടുമെങ്കിൽ അറബ്മലയാളലിപി ഉപയോഗിച്ച് ഒരു ചെറു വൃത്താന്ത ദിനപത്രം പ്രസിദ്ധീകരിക്കാൻകൂടി ശ്രമിക്കേണ്ടതാണു.

ഒരു ചെറു വിദ്യാർത്ഥിയായിരുന്ന കാലത്തു് ഞാൻ പാരായണം ചെയ്തുവന്ന മാലകളുടെ പേരുകൾ ചുവടെ കാണിച്ചിട്ടുണ്ട്. വിരചിതാക്കളുടെ പേരും കൊല്ലവും കിട്ടിയേടത്തോളം കാണിച്ചിട്ടുമുണ്ട്.

| മാലയുടെ പേര് | കൊല്ലം ഹിജ്റ | വിരചിതാവിന്റെ പേര് |
|---|---|---|
| 1. മുഹ്‌യിദ്ദീൻമാല (കൊല്ലം) | 782 | ഖാളിമുഹമ്മദ്, കോഴിക്കോട്ട് |
| 2. ബദർമാല | 1000 | കുഞ്ഞി, മമ്പാട്ട് |
| 3. മുർസൽമാല | 1130 | പി. പി. മുഹ്‌യിദ്ദീൻ, ചിറവൂർ |
| 4. നഫീസത്തുമാല | (ഇല്ല) | നാലകത്ത് കുഞ്ഞിമൊയ്തീൻ |
| 5. ഹംസമാല | ... | സി. മുഹമ്മദ് |
| 6. ബിസ്മികുർറംമാല | ... | പീർ മുഹമ്മദ്സാഹിബ് |
| 7. ജ്ഞാനപുകൾമ്പമാല | ... | ടി |
| 8. മൊഞ്ചാനപുലമ്പൽമാല | ... | ശൈഖ് ഉമർ വലിയുല്ല |
| 9. മഅ്‌രിഫത്ത്മാല | ... | കീളക്കര തക്കിയാസാഹിബ് വലിയുല്ല |
| 10. അദബ്മാല<br>11. മാണിക്കമാല | ... | ശൈഖ് സദക്കത്തുള്ള ലബ്ബാസാഹിബ് അവർകളുടെ സഹോദരൻ സലാഹുദ്ദീൻ സാമൂലബ്ബെ അപ്പ വലിയു ല്ല |
| 12. റിഫാഈമാല | ... | (ഇല്ല) |
| 13. മഞ്ഞക്കുളം ഹുസൈൻമാല | ... | ... |
| 14. ഫരീദ്ഔലിയമാല | ... | ... |
| 15. മഹമൂദ്മാല | ... | ... |
| 16. സിദ്ദീഖ്മാല | ... | ... |
| 17. ഫാറൂഖ്മാല | ... | ... |
| 18. ദിന്നൂരൈനിമാല | ... | ... |
| 19. അലിയ്യുബ്നു അബീ താലിബ്മാല | ... | ... |
| 20. ഹസൻ ഹുസൈൻമാല | ... | ... |
| 21. ശാദുലിമാല | ... | ... |
| 22. ശാഹുൽഹമീദ്മാല | ... | ... |
| 23. മമ്പുറംമാല | ... | ... |
| 24. മലപ്പുറംമാല | ... | ... |
| 25. യാഹുംതങ്ങൾമാല | ... | ... |

26. ബുഖാരീമാല ... ...
27. ഫാത്തിമബീബിമാല ... ...
28. ആഇശബീബിമാല ... ...
29. ഖദീജബീബിമാല ... ...
30. നൂറുദ്ദീൻമാല ... ...
31. സയ്യിദ്മദനിമാല ... ...
32. അഹമ്മദിബ്നു ഇസ്മായീൽ ജലാലുദ്ദീൻ ബുഖാരിയെ (വളപട്ടണം) സംബന്ധിച്ച കക്കളങ്കരമാല
33. അഹ്ൽബൈത്ത്മാല ... ...
84. യൂസുഫ് വലിയ്യുല്ലമാല .... ...
35. അലിഫെന്ന മാണിക്കം മാല ...

മററ് കാവ്യകൃതികഠം പാരായണം ചെയ്തുവരുന്ന വിധത്തിലല്ല നേർച്ചപ്പാട്ട് പാരായണം ചെയ്തുവരുന്നതു്. നേർച്ചപ്പാട്ട് ചൊല്ലാൻ തുടങ്ങുന്നതിന്നു മുമ്പായി അതു ചൊല്ലാനിരിക്കുന്ന സ്ഥലം ശ്രദ്ധാപൂർവ്വം ശുചിയാക്കുകയും സാമ്പ്രാണി, ചന്ദനത്തിരി മുതലായവ പുകയിച്ചും കത്തിച്ചും ശാന്തിയും ഭക്തിയും ജനിപ്പിക്കുന്ന ഒരന്തരീക്ഷം അവിടെ ഉണ്ടാക്കുന്നു. അതിൽപിന്നെ, ഖുർ–ആനിലെ അതിപ്രധാനമായ (i) ഫാത്തിഹ (ii) ഇഖ്ലാസും (iii) മുഅവ്വദതൈനി മുതലായ ചെറു അദ്ധ്യായങ്ങഠം ഓതി, ചൊല്ലാൻ പോകുന്ന നേർച്ചപ്പാട്ട് ഏതു് മഹാത്മാവിനെസ്സംബന്ധിച്ചാണോ, അദ്ദേഹം പ്രത്യേകമായും മറെറല്ലാ മഹാത്മാക്കഠംക്കു പൊതുവെയും അല്ലാഹുവിൻെറ അനുഗ്രഹം സിദ്ധിക്കുവാനും അവരുടെ പുണ്യം

കൊണ്ടു് നേർച്ചപ്പാട്ടു് ചൊല്ലുന്നവക്കും ചൊല്ലിക്കുന്നവക്കുംമററും ബഹുവിധഗുണങ്ങൾ സിദ്ധിക്കുവാനും പ്രാത്ഥിച്ചുകൊണ്ടാണു് പാരായണം ആരംഭിക്കുക.

ഖുർ-ആൻ എഴുതപ്പെട്ടിട്ടുള്ള അറബി്ലിപികളോടു സാദൃശ്യമുള്ള അറബി് മലയാളലിപികളിൽ എഴുതപ്പെട്ടിട്ടുള്ള നേർച്ചപ്പാട്ടു് പാരായണം ചെയ്യുമ്പോൾ മാത്രമാണു് മേൽപറഞ്ഞ പ്രാത്ഥനയും മററും നടത്തിവരുന്നതായിക്കാണുന്നതു്. എന്നാൽ, മലയാളലിപിയിൽ അച്ചടിക്കപ്പെട്ടിട്ടുള്ള നേർച്ചപ്പാട്ടു് പാരായണം ചെയ്യുമ്പോൾ മേൽപറഞ്ഞ വിധത്തിലുള്ള ഭക്തിയൊ പ്രാത്ഥനയൊ ഒന്നും കാണാറില്ല. മലയാളലിപിയിൽ അച്ചടിച്ചതു കാരണം കാലക്രമത്തിൽ അറബി്മലയാളലിപിയുടെ പ്രയോഗം നശിച്ചുപോകുമെന്നു ദീഘ്ദശ്നംചെയ്തുകൊണ്ടുള്ള ഒരുതരം പ്രതിഷേധസൂചനയൊ അതു എന്നു ആർ കണ്ടു ?

നേർച്ചപ്പാട്ടിനെക്കുറിച്ചു പറയുമ്പോൾ അതിലെ ചില പ്രധാന ഭാഗങ്ങൾ അവയുടെ സാരസഹിതം ഉദ്ധരിച്ചു കാണിക്കുന്നതു് സഹൃദയരായ വായനക്കാരെ അല്പമെങ്കിലും കതുകികളാക്കിത്തീക്കാനിടയുള്ളതിനാൽ ഏതാനും മാലകളിലെ ചില വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കാം :—

"കൺകരുടരായെ യഹ്ളമിശിരണ്ടിൽ
കാലടിമണ്ണാലെഒണ്ണങ്ങൾപോക്കിനോർ"

(മഹമ്മുദ്മാല)

സാരം :— കാലിൻചുവട്ടിലെ മണ്ണുകൊണ്ട് ഒരു യഹൂദി യുടെര ണ്ടുകണ്ണിന്നും ബാധിച്ച അന്ധതയെപോക്കിയവർ.

"മാത്തായപേരെ ഹയാത്താക്കികന്നിച്ച്
മെയ്യെവജ്ജീനം ഒജ്ജീനിച്ചുവിട്ടോവർ"

(മഹമൂദ്മാല)

സാരം :— മരണപ്പെട്ട ആളിനെ ജീവിപ്പിച്ച് അദ്ദേഹ ത്തെക്കൂടേയിരുത്തി ഭക്ഷണം കഴിപ്പിച്ചു വിട്ടോവർ.

"ഇന്തെസഹാബികൾ പേരിനെഓതുകിൽ
കൂറിമുടിയുംമുനം പള്ളതന്നിന്നു
കുട്ടിപിറക്കലിനില്ലാശക്കെന്നോവർ"

(ബദർമാല)

സാരം :— ആപൽക്കരമായ പ്രസവവേദന വേളയിൽ ഈ സഹാബികളുടെ പേരിനെ ഓതിയാൽ അതു ഓതി മുഴമിക്കുന്നതിന്നു മുമ്പായി ശിശുചൊവ്വായ നിലയിൽ പ്രസവിക്കപ്പെടുമെന്നതിന്നു സന്ദേഹമില്ല.

'കൊത്തവും കീർത്തിമികവുള്ളകടുവയെക്കളെ
ഹക്കാലവല്ലെ
കാര്യവും തേടുകിൽകല്ലാഖബൂൽഅത്
അല്ലാത്ഇല്ല എന്നോവർ
എന്തൊഇടുക്കംതിടുക്കവും എത്തും ദുഃഖവും
ഉവൈമിക്കവും
ചിന്തെതനടുക്കുന്നെ വബായും താഊൻ
അതേയും ശീതളന്മയും

ചിഷ്ടംമുസീബത്താകയും സഹിർകടിയും

തടികാപ്പോവർ

ബെന്തമർളുകൾ ഏതിലുംബൻനബ്സിലും

പോററ്നോവിലും

ബഹുമാനർപേരാൽ ദൂആബോലുംബായി

കൂടാത്തരുംശിഫായെന്നോവർ,

(ഹംസമാല)

സാരം :— സേനാനായകത്വത്തിൽ കീർത്തിയാർജ്ജിച്ച കടുവ (ഹംസ) എന്നവരെ പേരിൽ വല്ല കാര്യത്തിന്നായി തേടിയാൽ അവയെല്ലാം സ്വീകരിക്കപ്പെടുന്നതാണ്. അത്യുഗ്രമായ ഞെരുക്കവും പരിഭ്രമവും കൊണ്ടുണ്ടാകുന്ന എല്ലാവിധ ദുഃഖവും ഭയങ്കരമായ പേടിയും നീക്കി ഞെരുക്കമുണ്ടാക്കുന്ന വിഷൂചിക മുതലായ എല്ലാവിധ പകർച്ച്വവ്യാധികളെയും ശീതപ്പനിയേയും സുഖപ്പെടുത്തുകയും കൂടി, ആഭിചാരദോഷം മുതലായ മററെല്ലാ ആപത്തുകളിൽ നിന്നും രക്ഷിക്കുകയും ബന്ധനത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്യുന്നവർ.

'ബിളെള്ളരു തള്ളബ്യൂട്ടിഉള്ളകംകനത്തെ

ബെസനമിൽകരഞ്ഞുനെഞ്ചിൽ

കൈവലിത്തടിത്തെ

ബേഖബറുംദുക്കമൊലെ ബീബിയർമുനത്തെ

കഴഞ്ഞ്ബന്ത്ചൊല്ലെ എന്നിൽ

ഉണ്ടർബഅത്തെ

കുമരിമക്കളുംഖത്തീമാം താങ്കൾമഊശത്തെ
കശിയുവാൻപകലിരവിൽന്തുക്കും
എങ്കൾവൈത്തെ

കതിത്തതുപോൽ എട്ടനാൾവരെന്തുററ
ന്തുലൊരുമിത്തെ

എടുത്തുകെട്ടിഞാനതെൻെറ റഅ്സ്
തന്നിൽബൈത്തെ

എണ്ണമിൽനടന്തവിടെ ഉള്ളസൂഖകത്തെ
കടന്നുടനെവിറെറനിക്കുകിട്ടിടുംഖീമത്തെ
കണക്ക്പോലെരണ്ട് ഓഹരിചെയ്തതൈപകുത്തെ
പടിയറുത്തെസംഖ്യക്കുഭക്ഷണവുംമെത്തെ
പകുതിയുൾതുകൈകെയ്യു പഞ്ഞതിവാങ്ങുവാൻ
നിനൈത്തെ

നടന്നിടുമ്പൾഎൻശിരസ്സിൽനിന്നു ന്തലിൽകെട്ടെ
നാടിതൈറുറാഞ്ചികൊണ്ടുപോയിടൈഎൻമുത്തെ
മുത്ത്ബിബികേട്ടു ദുആചെയ്തസമയത്തെ
മുന്തികൊഞ്ചം മാനിടർകൾബന്ത്ബാശംഉത്തെ
ഉത്ത്യമടെകപ്പലോട്ടുംപോത് ലൌഹ്സത്തെ
ഊനമാൽഅടന്തുമടിൽ എശിഹൈറാനത്തെ
ബത്തലാൽഉമടെപേരൈ ഞാങ്കളുംവിളിത്തെ
വെള്ളൈഒരുപക്ഷി എക്ക്ന്തൽഅഖട്
അണൈത്തെ

അതെടുത്തു്നാരംബാരും ദാരയിൽഅമത്തെ
ആനദാൽയമട്ടും കപ്പൽആയിസലാമത്തെ
മൊളിന്തവർഅഞ്ഞൂറുവെള്ളിബീബിയിൽ
കൊടുത്തെ
മുർശിദർആവെള്ളികല്ലും ഓതിയശൈബത്തെ
വിളിത്തവളിൽനല്കി ബുട്ടിബാങ്കിസന്തോശിത്തെ
ബെശ്ക്കമിൽനടന്തണഞ്ഞു തൻെറവീടകത്തെ"
(നഫീസത്തുമാല)

സാരം:— അത്യന്തം ദുഃഖിതയായ ഒരു തള്ള തൻെറ നെഞ്ഞത്തടിച്ചുകൊണ്ടു് നഫീസത്ത് ബീബിയുടെ സന്നിധിയിൽ വന്നു് ഇങ്ങിനെ ബോധിപ്പിച്ചു:— "എനിക്കുള്ള അനാഥകളായ നാലു കുട്ടികളുടെയും എൻെറയും അഹോവൃത്തിക്കായി ഞങ്ങൾ രാപ്പകൽ നൂൽനൂല്ക്കുകയും ഇങ്ങിനെ ഒരാഴ്ച്ചനൂററനൂലെല്ലാം എടുത്തുകെട്ടി എൻെറ തലമേൽചുമന്നു അടുത്ത നഗരത്തിൽ പോയി വിററ് കിട്ടുന്ന സംഖ്യയിൽ പകുതികൊണ്ടു് ഭക്ഷണസാധനവും മററെ പകുതികൊണ്ടു് പരുത്തിയും വാങ്ങുകയുമാണു് പതിവ്. ആ നൂലിൻകെട്ട് ഞാൻ എൻെറ തലമേൽ ചുമന്നുകൊണ്ടുപോകുമ്പോൾ ഒരു പക്ഷി അതു തട്ടിപ്പറിച്ചു കൊണ്ടുപോയിക്കളഞ്ഞു". ഈ സങ്കടവാർത്തകേട്ടമാത്രയിൽ തള്ളയുടെ സങ്കടനിവൃത്തിക്കായി നഫീസത്തുബീബിയവർകൾ പ്രാർത്ഥിച്ചു. തദനന്തരം കുറച്ചാളുകൾ ബീബിയുടെ സന്നിധിയാൽ വന്നു ഇപ്രകാരം ഉണർത്തി:—"ഞങ്ങളുടെ കപ്പൽ ഓടി

ക്കൊണ്ടിരിക്കവെ അതിൻെറ കേടുള്ള ഒരു പലക അടരുകയാൽ ഞങ്ങൾ അത്യന്തം പരിഭ്രമത്തിലായി. അപ്പോൾ രക്ഷകനായി അങ്ങയുടെ പേർ വിളിച്ചുകൊണ്ടു് ഞങ്ങൾ നിലവിളിച്ചു. ഉടനെ ഒരു പക്ഷി ഒരു നൂലിൻ കെട്ടു് കപ്പലിൽ ഇട്ടുതന്നു. ഞങ്ങൾ ആ നൂലിൻകെട്ടു് കൊണ്ടു് കപ്പലിൽ വെള്ളം കയറിക്കൊണ്ടിരിക്കുന്ന പഴുതു് അടച്ചു് ഞങ്ങളെയും കപ്പലിനെയും രക്ഷപ്പെടുത്തി." എന്നു പറഞ്ഞുകൊണ്ടു് അവർ ദക്ഷിണയായി ബീബിഅവർകർക്കു അഞ്ഞൂറു വെള്ളി കാഴ്ചവെച്ചു. ബീബി ആ വെള്ളി മുഴവനും പ്രസ്തുതതള്ളയ്ക്കു കൊടുക്കുകയുണ്ടായി. തള്ള അത്യന്തം സന്തുഷ്ടയായി ക്ഷണം വീട്ടിലേക്കു പോയി.

"അറിയുവീൻമഗാഫിറെന്ന ഒരാൾദിമ്മിയത്തെ
ആയൊരുസിറിയെ കല്ലിയാണമൈകശിത്തെ
സിറിയവൾ ഒരു ആൺകിടാവെമേനിയിൽ
പ്രസവിത്തെ
സ്നേഹമാൽപോററിയേററം ആററലാൽവളത്തെ
ഉരയുവാൻ ആ കുട്ടിയെഅദ്നദിക്കകത്തെ
ഉള്ളവർപിടിത്ത്ഹബ്സാനതിൽകെണിത്തെ
അറിന്തവൻെറഅണ്ണയാൾ അളൂദ്സൌജിൽഉത്തെ
അമ്പരെനമൈനഫീസത്താനവർഇടത്തെ
ഇടമിൽചെണ്ടു് ഉരക്കുവീരെനമ്മളിൽഭവിത്തെ
ഇടങ്ങേദൈതെരിത്തു്മാരൻ ബീബിയാൽമുനത്തെ
അടുത്തുബാത്ത്ചാററിയേററം സങ്കിടംകാണിത്തെ

അണ്ടപോതിൽമുത്ത് ബീബിനൽഖ്ആകുഫത്തി
ഉടയറബ്ബത്തോട്ടംഖബൂലാക്കിടൈനിജത്തെ
അന്നുപാതിരാവിൽകുട്ടി ബാശലാൽഅടിത്തെ
അടിത്തകാശകേട്ടവൻെറ അമ്മയാറ്ആശിത്തെ
ആത്തിരാൽതുറന്നുവാതിൽമോനദരിശിത്തെ
തരിത്തവൻെറകൈപിടിത്ത്
കൺമുഖംമണത്തെ
തരുളേനീഹബ്സദിന്നു് എങ്ങിനെവന്നെത്തെ
ഉരത്തവൻഅടെൻെറ ഉമ്മകേളവീൻപലത്തെ
ഉൻമബാശം ഞാൻകെണിയിൽ ഖക്കമിൽമുശിത്തെ
ഇരിന്തിട്ടമ്പറംകണ്ടൊരുവളർമയുറംക്കരത്തെ
ഇട്ട്സലാസിൽ അതിനെപൊട്ട
വാനൊരുമ്പൊഴത്തേ
തരമൈഹീനിൽ എന്നുടൈയെദിക്കകംപദിത്തെ
ചങ്ങലതെറിത്തുഞാനുംപോരൈ ഈസാഅത്തെ
(നഫീസത്തുമാല)

**സാരം :—** ഒരിക്കൽ മഗാഫിറെന്നു പേരായ ഒരാറം ഒരു സ്ത്രീയെ വിവാഹം ചെയ്തു. ഈ സ്ത്രീ ഗോപ്യമായി ഇസ്ലാമിൽ വിശ്വസിച്ചവളായിരുന്നു. അവറം പ്രസവിച്ച ഒരാൺകുട്ടിയെ മാതാപിതാക്കന്മാർ വളരെ അരുമയിൽ വളത്തിവന്നു. ഈ ബാലനെ ഒരിക്കൽ അട്ന പ്രദേശത്തുകാർ ബന്ധനത്തിലാക്കി. ഇതറിഞ്ഞ അച്ഛൻ വിവരം ഭാൎയ്യയെ അറിയിച്ചു. തങ്ങറംക്ക വന്നെത്തിയ

ആപത്തിനെ കുറിച്ചു മാതാപിതാക്കന്മാർ സങ്കടപൂർവ്വം നഫീസത്തുബീബിയെ ഉണർത്തി. ആ സമയം ബീബി അവർകാം അവരുടെ (മാതാപിതാക്കന്മാരുടെ) സങ്കട നിവാരണത്തിന്നായി റബ്ബിനോടു പ്രാർത്ഥിച്ചു. അല്ലാഹു ബീബി അവർകളുടെ പ്രാർത്ഥന സ്വീകരിച്ചു. അന്നു അർദ്ധരാത്രി ആ ബാലൻ വന്നു വാതില്ക്കൽ വിളിച്ചു. വിളികേട്ട മാതാവ് വാതിൽ തുറന്നപ്പോാം കണ്ടതു ബന്ധനവിമുക്തനായ മകനെയാണ്. അതിരററ സന്തോഷം കൊണ്ടു് അമ്മ മകനെ ഉമ്മവെച്ചുകൊണ്ടിരിക്കെ ചോദിച്ചു: മകനെ, നീ എങ്ങിനെയാണ് ബന്ധനത്തിൽ നിന്നു വിമുക്തനായത്. മകൻ പറഞ്ഞു: അമ്മേ! ഞാൻ ബന്ധനത്തിലിരുന്നു് ദുഃഖിച്ചുകൊണ്ടിരിക്കുമ്പോാം മഹത്തായ ഒരു കൈ കുടുക്കു് ചങ്ങലയിൽ പിടിക്കുന്നതായി ഞാൻ കണ്ടു. അതോടെ ഒരു ഭയങ്കര ശബ്ദത്തോടുകൂടി ചങ്ങല പൊട്ടിപ്പോയി. ഈ സന്ദർഭത്തിൽ ഞാൻ ഇറങ്ങിപ്പോന്നു.

'കോഴീടെമുള്ളോടുകൂകെന്നുചൊന്നാരെ
ക്കൂസാതെക്കൂകിപ്പറപ്പിച്ച് വിട്ടോവർ,

(മുഹിയിദ്ദീൻമാല)

സാരം:— കോഴിയുടെ എല്ലിനോടുകൂകാൻ കല്പിച്ചപ്പോാം ആ എല്ല് കൂസൽകൂടാതെ കൂകുകയും പറക്കുകയും ചെയ്തു.

'ഖോജാമുഹിയിദ്ദീനും തങ്കാംമുരീദുമായി
കപ്പലിൽകയറീട്ട് ഓടിഅതെന്നോവർ

തണ്ണീർകടുങ്ങുമ്പോംക്കൂറി ആലോകരിൽ
തണ്ണീർകബീറോടുതേടുവാൻ ചൊന്നോവർ
അപ്പോംകബീരോട്തേടിയവക്കെല്ലാം
ഉപ്പ്നീർനൽതണ്ണീർആക്കിക്കൊടുത്തോവർ,
(രിഫാഈമാല)

സാരം :— മുഹിയിദ്ദീൻശൈഖും രിഫാഈശൈഖും തങ്ങളുടെ അന്തേവാസികളോടുകൂടി കപ്പൽ യാത്രചെയ്യുമ്പോം കപ്പലിൽ സൂക്ഷിച്ചിരുന്ന ശുദ്ധജലത്തിന്നായി അഹ്മദുൽകബീരോടു ആവശ്യപ്പെടുകയെന്ന മുഹിയിദ്ദീൻ ശൈഖിൻെറ നിർദ്ദേശപ്രകാരം അഹ്മദുൽകബീർ ഉപ്പ്‌വെള്ളം ശുദ്ധവെള്ളമാക്കി മാററി.

'നഞ്ചിട്ട്തങ്കംക്ക തിന്മാൻകൊടുത്തപ്പോം
നഞ്ചത്അവൻതന്നിൽമടക്കി ഫലിപ്പിച്ചോവർ
(ശാഹുൽഹമീദ്മാല)

സാരം :— ശാഹുൽഹമീദ് തങ്ങംക്ക വിഷംചേർത്തു ഭക്ഷണം കൊടുത്തപ്പോം ആ വിഷം ഭക്ഷണം കൊടുത്തവനിൽതന്നെ ഫലിപ്പിക്കുകയുണ്ടായി.

'കല്ലൊന്നിൽതാനും മുരീദ് ചിലർകളും
കയറികടൽഓടി കാലീകരവന്നോവർ,
(ശാഹുൽഹമീദ്മാല)

സാരം :— താനും തൻെറ ആത്മശിഷ്യന്മാരിൽ ചിലരും ഒരു കല്ലിമേൽ ഇരുന്നുകൊണ്ടു് കടലിൽക്കൂടി യാത്രചെയ്തു മറുകരപററി.

'ഏറിയജ്ജടങ്ങേറം ബാറായനേരത്ത്
അപ്പറംമേശനെ ചെരിപ്പിച്ച്തീർത്തോവർ,
(മമ്പറംമാല)

സാരം :— അത്യുഗ്രമായ ക്ഷാമം ബാധിച്ചപ്പോൾ ക്ഷാമനിവാരണാർത്ഥം മഴ പെയ്യിച്ചു.

'പൊടിച്ചി ഒരുമിശിഇല്ലരുത്തനിൽ
പരിശോടെരണ്ടും ബെളിവാക്കിവിട്ടോറവർ,
(മമ്പറംമാല)

സാരം :— ഒരു കണ്ണ് പൊട്ടിയവൻെറ രണ്ടു് കണ്ണിന്നും കാഴ്ചകൊടുത്തു.

'ബിപ്പാനായിബെട്ടിനദർത്തെ വായക്കല
വീണ്ടുംഅദുമ്മൽകുലപ്പിച്ചുവെച്ചോവർ
(മമ്പറംമാല)

സാരം :— വില്പനാർത്ഥം വാഴക്കുല വെട്ടിയെടുത്ത അതെ വാഴമേൽതന്നെ വീണ്ടും വാഴക്കുല കുലപ്പിച്ചു.

'ബാക്ക്പറയാത്ത പൊട്ടപ്പയൽകളെ
ബടിവിൽപയക്കംപറയ്പ്പിത്തഖാജാണോർ,
(മഞ്ഞക്കുളംഹുസൈൻമാല)

സാരം :— ഖാജാഹുസൈൻഔലിയ അവർകൾ ജന്മനാ ഊമകളായവരെ ചൊവ്വായി സംസാരിപ്പിച്ചു.

'തരുളരിൽനേശംകവിന്തെ മൌലവിൻെറ
തേവിയാൾപെറവുടൻ മൌത്തായിതിഫ്ലതായും
തായാരുംകുട്ടിയുംബേണം ററയാത്തെന്നു്

ചൊല്ലവെ രണ്ടെയും ജീവൻഅണ്ണെത്തോവർ
(മഞ്ഞക്കുളംഹുസൈൻമാല)

സാരം :— സഹായദായകനായ ഖാജാഹുസൈൻ വലിയോട്ട് അതിരററ ഭക്തിയുള്ള ഒരു മൌലവിയുടെ ഭാര്യ്യ പ്രസവിച്ച ഉടനെ തള്ളയും പിള്ളയും മരണപ്പെട്ടുപോയി. ഇവർ രണ്ടാളും അതായത്, തള്ളയും പിള്ളയും ജീവനോടുകൂടിതന്നെയായിരിക്കേണമെന്നു ആവശ്യപ്പെട്ടപ്രകാരം അവർ രണ്ടുപേരെയും പുനരുജ്ജീവിപ്പിച്ചു.

'പെണ്ണായിപിറന്നുള്ള കുട്ടിയെആണാക്കി
പൂതിപോൽനല്ലിയെ പൂണ്ണപ്പൊലിവാനോർ,
(മഞ്ഞ ക്കുളംഹുസൈൻമാല)

സാരം :— പെണ്ണായി ജനിച്ച ഒരു ശിശുവിനെ ആഗ്രഹമനുസരിച്ച ആൺശിശുവാക്കി മാററിക്കൊടുത്തു.

'ബെടിയാൽഅടിച്ച് പിരാന്ത്മാററിച്ചോവർ
ബൈകെട്ടകൂട്ടരെചൊവ്വാക്കിവിട്ടോവർ,
(യാഹുംതങ്ങൾമാല)

സാരം :— വടികൊണ്ടടിച്ചിട്ട് ഭ്രാന്ത്രോഗം മാററി. ദുന്മാർഗ്ഗികളെ സന്മാർഗ്ഗികളാക്കിത്തീർത്തു.

പുടിത്ത്അറയിൽ അടച്ച്പൂട്ടിഇട്ടാരെ
പൂട്ടുംഇളകാമൽപുറമെനടന്നോവർ,
(യാഹുംതങ്ങൾമാല)

സാരം :— പിടിച്ച് മുറിയിൽഇട്ട് മുറിപൂട്ടിട്ട്പൂട്ടിയപ്പോൾ, പൂട്ടനങ്ങാതെ മുറിക്കുപുറത്തുവന്നു.

'കടിത്ത്ഉരകം വിശംകേറിവന്നോരെ
കയ്യാൽതടകികറ കീച്ചയച്ചോവർ,

(യാഹ്ലുംതങ്ങൾമാല)

സാരം :— സപ്പക്കടിയേററ് വിഷം ബാധിച്ചുവന്നവരെ കൈകൊണ്ടു് തടവി വിഷം ഇറക്കിയയച്ചു.

'കതിക്കുന്നയെന്നുംകണ്ട് ആശാരിമുൻചൊണ്ട്
കരിൻകുഷ്ഠമാൽനിണ്ട്സങ്കിടംക്കൂറിയെ
തടിവിട്ട്ഉക്കിച്ച് തരിത്തവനിൽപേച്ചി
തമ്പാകുതിന്നിച്ച് രോഗംമാററിയോർ,

(ഫരീദ്മാല)

സാരം :— കഠിനമായി കുഷ്ഠരോഗം ബാധിച്ച ഒരു ആശാരി അത്യന്തം വ്യസനത്തോടുകൂടി രോഗശമനം വരുത്തുന്നതിനായി അപേക്ഷിച്ചപ്പോൾ അദ്ദേഹത്തെക്കൊണ്ടു് പുകയിലതിന്നിച്ച് രോഗശമനം വരുത്തിക്കൊടുത്തു.

മേൽ മാലാവാക്യങ്ങളിൽ സിദ്ധന്മാരാൽ (വലികളാൽ) നടത്തപ്പെട്ടതായി പറയപ്പെടുന്ന അത്ഭുതകൃത്യങ്ങൾ തികച്ചും സംഭവ്യമാണെന്നു വിശ്വസിക്കുന്നവരുണ്ട്. ഇവർ സിദ്ധബലം എന്താണെന്നു മനസ്സിലാക്കിയവരാണ്. സിദ്ധബലം എന്താണെന്നു മനസ്സിലായിട്ടില്ലാത്ത ചിലർ തങ്ങളുടെ സ്വന്തം കണ്ണുകൊണ്ടു് അത്തരം സംഭവങ്ങൾ കാണുമ്പോൾമാത്രം വിശ്വസിക്കുന്നു. ഇപ്പറഞ്ഞ രണ്ടു തരത്തിലും പെടാത്ത ചിലർ

അവ (അത്ഭുതകൃത്യങ്ങൾ) സംഭവിക്കുന്നതെങ്ങിനെയെന്നു അറിയുവാൻ ജിജ്ഞാസ പ്രകടിപ്പിക്കുന്നു. പ്രായപൂർത്തി എത്തിയിട്ടില്ലാത്ത ഒരു വ്യക്തിക്കു സംയോഗാനന്ദം എപ്രകാരമുള്ളതാണെന്നു വിവരിച്ചുകൊടുക്കുവാനും അദ്ദേഹത്തിന്നതു ഗ്രഹിക്കുവാനും എത്ര ദുഃസാദ്ധ്യമാണൊ അത്രയും ദുഃസാദ്ധ്യമാണു് സിദ്ധന്മാരാൽ നടത്തപ്പെടുന്ന അത്ഭുതകൃത്യങ്ങൾ സംഭവിക്കുന്നതെങ്ങിനെയെന്നു ഗ്രഹിക്കുവാനും വിവരിച്ചു കൊടുക്കുവാനും. എന്നാൽ, പ്രായപൂർത്തി എത്തിയ ഒരു വ്യക്തി വിവാഹിതനായശേഷം മേൽകൃത്യം ചെയ്യുമ്പോൾ സംയോഗാനന്ദം എപ്രകാരമെന്നു അദ്ദേഹത്തിന്നു യാതൊരു പ്രയാസവും കൂടാതെ ഗ്രഹിക്കാൻ കഴിയുന്നു. അപ്പോലെ ഗ്രഹിക്കേണ്ടുന്ന ഒരു കാൎയ്യമാണു് 'സിദ്ധന്മാരാൽ നടത്തപ്പെടുന്ന അത്ഭുതകൃത്യങ്ങൾ സംഭവിക്കുന്നതെങ്ങിനെയെന്നതും' എന്നാണു് സാധാരണയായി പറഞ്ഞുകേൾക്കുക. അങ്ങിനെയാണെങ്കിലും ജിജ്ഞാസുക്കൾ നിരാശപ്പെടാതിരിക്കാൻമാത്രം ചില സൂചനകൾ ഇവിടെ പ്രസ്താവിക്കാം.

സൎവ്വലോകങ്ങളെയും അവയിലെ ചരാചരവസ്തുക്കളെയും സൂൎയ്യചന്ദ്രന്മാർ തുടങ്ങിയ സൎവ്വഗോളങ്ങളെയും നക്ഷത്രജാലങ്ങളെയുമെല്ലാം ഏതൊ ഒരുശക്തി അല്ലെങ്കിൽ ചൈതന്യമാണു് നയിക്കുന്നതെന്നു നാസ്തികന്മാർ കൂടി സമ്മതിക്കുന്ന ഒരു പരമാൎത്ഥമാണു്. സൎവ്വലോകത്തിലും ജംഗമമായിട്ടും സ്ഥാവരമായിട്ടും ഏതൊരു വസ്തു

വുണ്ടോ, അതിന്നെല്ലാം ഏതേത് ശക്തിയുണ്ടോ, അതു് ആ ശക്തിയിൽനിന്നുണ്ടായതാണു്. ഈ ബ്രഹത്തായ ശക്തിയെയാണു് മുസ്ലിംകൾ 'അല്ലാഹ്' എന്നും ഹിന്തുക്കൾ ബ്രഹ്മം' എന്നും പറയുന്നത്. സർവ്വചരാചരത്തിന്നും കാരണമായി ഉള്ളും പുറവുംനിന്നു ലോകത്തെ നിലനിറുത്തിക്കൊണ്ടിരിക്കുന്ന അഖണ്ഡസ്വരൂപിയായ അല്ലാഹുവിൻെറ (ബ്രഹ്മശക്തിയുടെ) പ്രതിബിംബമത്രെ മനുഷ്യപിണ്ഡാണ്ഡത്തിലെ ആത്മാവു്. ഒരു വ്യക്തിയെ ചലിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിന്നു അതിലെ ആത്മാവ് പ്രാപ്തമായ ഒരു ശക്തിയാണെന്നൊ ചൈതന്യമാണെന്നോ പറയുന്നതു എപ്രകാരമാണോ അപ്രകാരമാണു് അഖില ബ്രഹ്മാണ്ഡത്തിൻെറ ആത്മാവായ പരബ്രഹ്മം (അല്ലാഹുതആല) ബ്രഹ്മാണ്ഡത്തെയാകമാനം ചലിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിന്നു പ്രാപ്തമായ ശക്തിയൊ ചൈതന്യമൊആണെന്നു പറയുന്നതും.

സ്ഥൂലരൂപമുള്ള വസ്തുക്കൾക്കാണല്ലൊ പ്രതിബിംബമുണ്ടായിരിക്കുക. സൂര്യന്നു സ്ഥൂലരൂപമുള്ളതുകൊണ്ടാണല്ലൊ ജലത്തിലുംമററും അതിൻെറ പ്രതിബിംബം കാണുന്നതു്. അതിനാൽ, സ്ഥൂലരൂപമില്ലാത്ത ബ്രഹ്മത്തിന്നു എങ്ങിനെയാണു് പ്രതിബിംബം ഉണ്ടാകുകയെന്ന ചോദ്യത്തിന്നിവിടെ അവകാശമുണ്ടു്. സൂര്യന്നു സ്ഥൂലരൂപമുള്ളതിനാൽ അതിൻെറ പ്രതിബിംബത്തിന്നും രൂപമുണ്ടു്. ബ്രഹ്മത്തിന്നു സ്ഥൂലരൂപമില്ലാത്തതിനാൽ അതിൻെറ പ്രതിബിംബമായ ആത്മാവിന്നും രൂപമില്ല,

എന്നതാണ് മേൽ ചോദ്യത്തിന്നുത്തരം. പിന്നെന്തിനാണ് പ്രതിബിംബം എന്നു പറയുന്നതെന്നു ചോദിക്കുകയാണെങ്കിൽ അതിന്നുത്തരം പറയാം. പ്രതിബിംബം എന്നതിന്നു ഇവിടെ കേവലം Reflection എന്നതല്ല അർത്ഥം.താഴെ പറയുന്ന ഉദാഹരത്തിൽനിന്നു അതു നല്ല പോലെ വ്യക്തമാകുന്നതാണ്:—

വിദ്യുച്ഛക്തി ഒരു ശക്തിയാണല്ലൊ. ഈ ശക്തിക്കുരൂപമില്ലല്ലൊ. വിദ്യുച്ഛക്തിയല്പാദനകേന്ദ്രം ഒരു വൻ ശക്തിയായൊ അല്ലെങ്കിൽ വൻചൈതന്യമായൊ കരുതുക. ഈ കേന്ദ്രത്തിൽനിന്നു അനേകായിരം നാഴികദൂരെയുള്ള വൈദ്യുദീപങ്ങൾ പ്രകാശിക്കുകയും വൈദ്യുതപങ്കകൾ കറങ്ങുകയും ചെയ്യുന്നുണ്ടെന്നും വിചാരിക്കുക. ദീപങ്ങളിൽ കാണുന്ന പ്രകാശവും പങ്കകളുടെ കറക്കവും കേന്ദ്രത്തിലെ വിദ്യുച്ഛക്തിയുടെ പ്രതിബിംബമാണെന്നു പറയുന്നതുപോലെയാണ് അതു്.

എന്നാൽ, എല്ലാ ദീപങ്ങളും പ്രകാശിക്കുകയില്ല. എല്ലാ പങ്കകളും കറങ്ങുകയുമില്ല. കേന്ദ്രത്തിലെ വിദ്യുച്ഛക്തിയുമായി നേരിയ കമ്പിവഴിക്കുബന്ധം Connection സ്ഥാപിച്ചിട്ടുള്ള ദീപങ്ങളും പങ്കകളും മാത്രമെ സ്വിച്ചുനക്കുമ്പോൾ പ്രകാശിക്കുകയും കറങ്ങുകയും ചെയ്യുകയുള്ളു. അപ്പോലെ ബ്രഹ്മശക്തിയുമായി ബ്രഹ്മധ്യാനം (മുറാഖബ) വഴിക്കു ബന്ധം സ്ഥാപിച്ച മനുഷ്യവ്യക്തി എന്തുദ്ദേശിച്ചു തൻെറ മനസ്സാകുന്ന സ്വിച്ചിനെ പ്രാർത്ഥ

നവഴിക്കൊമറെറാ അനക്കഉന്നുവൊ അപ്പോഠം ഉദ്ദേശിച്ച കാര്യം സാധിത പ്രായമാകുന്നു.

ഇത്തരം മുറാഖബ (ബ്രഹ്മധ്യാനം) അന്ത്യപ്രവാച കനായ മുഹമ്മദ്നബി (സ. അ.)യും ചെയ്തു വന്നിരുന്നു വെന്നു ചുവടെ കാണിക്കുന്ന സംഭവം തെളിയിക്കുന്നതാ ണ്. ഒരിക്കൽ നബി (സ. അ.) ബ്രഹ്മധ്യാനത്തിൽ പ്രവേശിക്കുകയായിരുന്നപ്പോഠം തൻെറ പ്രിയപത്നി യായ ആഇശ (റ) ധ്യാന മുറിയിൽ യദൃച്ഛയാ എത്തി ച്ചേൻറു. അവിടെയിരുന്നിരുന്ന നബി (സ. അ.)യെ കണ്ടമാത്രയിൽ ആഇൗശ (റ) പതിവുപോലെ സലാം ചൊല്ലുകയുണ്ടായി. ഈ സന്ദർഭത്തിൽ നബി (സ. അ.) അല്പം ഗൌരവസ്വരത്തിൽ :—

മൻഅന്ത ? = നീ ആർ ?

ആഇൗശ :— അന ആഇൗശ = ഞാൻ ആഇശയാകുന്നു.

നബി :— മൻ ആഇൗശ ? = ഏത് ആഇൗശ ?

ആഇൗശ :— അനബിന്തി അബൂബക്കർ സിദ്ദീഖ് = ഞാൻ അബൂബക്കർ സിദ്ദീഖെന്നവരുടെ മകഠം ആകുന്നു.

നബി :— മൻ അബൂബക്കർ ? = ഏതു അബൂബക്കർ ?

ആഇൗശ :— ഹബീബ് റസൂലുല്ലാഹി = റസൂലുല്ലയുടെ ചങ്ങാതിയായ അബൂബക്കർ.

നബി :— മനിർറസൂൽ ? = ഏതു് റസൂൽ ?

ആഇൗശ :— റസൂലുല്ലാഹി = അല്ലാഹുവിൻെറ റസൂൽ

നബി :— മനില്ലാ ? = ഏതു് ? അല്ലാ ?

ഈ സംഭാഷണം ആഇശ (റ)യെ അല്പമൊന്നു പരിഭ്രമി പ്പിച്ചുവെങ്കിലും അവിടുന്നു കാൎയ്യത്തിന്റെ രഹസ്യം ആഇശ (റ)യെ പറഞ്ഞുഗ്രഹിപ്പിക്കുകയും അത്തരം സന്ദൎഭങ്ങളിൽ ധ്യാനത്തിനുഭംഗം വന്നുപോകുന്ന യാതൊരു ശബ്ദവും ഉണ്ടാക്കരുതെന്നു ഉപദേശിക്കുകയും ചെയ്കയുണ്ടായെന്നു പറയപ്പെട്ടിട്ടുണ്ടു്.

മുസ്ലിംകൾ ദിവസത്തിൽ അഞ്ചുപ്രാവശ്യം ചെയ്തുവരുന്ന നമസ്കാരം ഏററവും വലിയ മുറാഖബ (ബ്രഹ്മധ്യാനം)യാണു്. പക്ഷെ, മനസ്സിനെ ജയിച്ചടക്കാത്തതുകാരണം ബ്രഹ്മവുമായി (അല്ലാഹുവുമായി) അധികമാളുകളും ചാരിനില്ക്കുന്നില്ലെന്നുമാത്രം.

ഇതിൽനിന്നു ചിലകാൎയ്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ടു്. ബ്രഹ്മധ്യാനത്തിൽ പ്രവേശിക്കുന്ന സന്ദൎഭത്തിൽ ഏററവും ചെറിയ ഒരു കാരണം മതിസാധകനെ അതിൽനിന്നു വിരമിപ്പിക്കുവാൻ. ഇക്കാരണത്താലാണു് ബ്രഹ്മധ്യാനം (നമസ്കാരം) അനുഷ്ഠിക്കുന്ന മുസ്ലിംപള്ളിക്കു് സമീപത്തു് വെച്ചു് ചെണ്ടകൊട്ടു് മുതലായതു പൂൎവ്വകാലത്തു എല്ലായിടത്തും ഇക്കാലത്തു ചിലേടങ്ങളിൽ മാത്രവും ഈശ്വരഭക്തരായ ഹിന്തുക്കൾ നിൎത്തിപ്പോന്നിരുന്നതു്. ഒരാൾ നമസ്കാരത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആ സ്ഥലത്തുവെച്ചു് ഉച്ചത്തിൽ ഖുർ-ആൻ പാരായണം ചെയ്യുന്നതുകൂടി നിരോധിക്കപ്പെട്ടിരിക്കുന്നു. ഇവ്വിഷ

യകമായി യോഗശിഖോപനിഷത്തിൽ ഇപ്രകാരം പറയു ന്നു :— പിപീലികായദാലഗ്നം

ദേഹേധ്യാനാദ്വിയുജ്യതേ

*  *  *

അത്ഥം :— ധ്യാനത്തിലിക്കുമ്പോൾ ഒരിക്കൽ ഒരു എറു മ്പ് ദേഹത്തിൽ പററിയാൽ ഉടൻ ആ ധ്യാനത്തിൽനി ന്നും വേർവ്വിടും.

എന്നാൽ, ബ്രഹ്മധ്യാനത്തിൽ മുഴകി മനോലയം വന്നുകഴിഞ്ഞാൽ ദേഹത്തെ വാൾകൊണ്ടു് വെട്ടിയാൽ പോലും യാതൊന്നും അറിയുകയുമില്ല. ഇതിന്നു ദൃഷ്ടാന്ത മാണു് ഇമാംഅലി (റ) നമസ്കാരത്തിൽ പ്രവേശിച്ചു് അതിൽ മുഴകിക്കഴിഞ്ഞശേഷം അദ്ദേഹത്തിൻെറ ദേഹ ത്തിൽ തറച്ചിരുന്ന കൂരമ്പ് പറിച്ചെടുത്ത വിവരം അദ്ദേ ഹം അറിയാതിരുന്നത്.

മറെറാരുകാര്യം ബ്രഹ്മധ്യാനത്തിൽ മുഴകിക്കഴി ഞ്ഞാൽ-മനസ്സ് പൂർണ്ണമായും ബ്രഹ്മത്തിൽ ലയിച്ചുകഴി ഞ്ഞാൽ, അതായത് അല്ലാഹുവിൽ ഫനയായാൽ ഞാൻ എന്നും ബ്രഹ്മം എന്നും രണ്ടവസ്ഥയില്ലാതെ ബ്രഹ്മ: എന്ന അവസ്ഥമാത്രം ശേഷിക്കുന്നു. അപ്പോഴാണു് ധ്യാതാവ് ലാമൌജൂദഇല്ലൽല്ല; അനൽഹഖ്; അഹം ബ്രഹ്മം എന്നുംമററും പറഞ്ഞുപോകുന്നത്. ഇവിടെയാ ണ് അദ്വൈതാവസ്ഥ, അഥവാ വഹ്ദത്തുൽവുജൂദ്. അഗ്നികുണ്ഡത്തിലിട്ട ഒരു ഇരുമ്പിൻകഷ്ണം കുറെകഴിഞ്ഞ ശേഷം, ഇരുമ്പിൻകഷ്ണവും അഗ്നികുണ്ഡവും വെവ്വേറെ തി

രിച്ചറിയാൻ കഴിയാത്തവിധം അഗ്നിമയമായിത്തീരുന്നതുപോലെ അല്ലെങ്കിൽ ജലത്തിൽചേർക്കപ്പെട്ട ഉപ്പ് ജലരൂപമാകുന്നതുകൊണ്ടു് ജലം എന്ന രൂപംമാത്രം ശേഷിച്ചു കാണുന്നതുപോലെ. ഇത്തരം ഭക്തന്മാർ നടക്കുന്ന കാൽ ഞാനാകുന്നതാണു്, അവർ പ്രവൃത്തിക്കുന്ന കൈ ഞാനാകുന്നതാണു് എന്നൊക്കെ പറഞ്ഞതായി നബി (സ. അ.) അരുൾചെയ്തിരിക്കുന്നു. ഒരിക്കൽ നബി (സ. അ.) ഒരു യുദ്ധത്തിൽ ശത്രുക്കളുടെനേരെ കല്ലേറിയുകയുണ്ടായി. ഈ കല്ലേറിനെക്കുറിച്ച് ഖുർ-ആനിൽ അല്ലാഹു ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—
'നബിയെ, കല്ലെറിഞ്ഞതു നിങ്ങളല്ല, ഞാനാണു്.'
'എൻെറ കല്പനപ്രകാരം ഹേ! ഫാത്തിമാ, നീ എഴുന്നേറ്റുവരുക എന്നു ഒരു ഫാത്തിമയുടെ മൃതദേഹത്തോടു ഹല്ലാജ്ബ്നുമൻസൂർ പറഞ്ഞതും അവൾ എഴുന്നേററു വന്നതും മേൽപറഞ്ഞ അടിസ്ഥാനത്തിലാണു്.
'യേ ഭജന്തിതുമാം ഭക്ത്യാമയാതെ തേഷുചാപ്യഹം' എന്നു ഭഗവൽഗീതയും പറയുന്നുണ്ടു്. അർത്ഥം:—
ഏവൻ എന്നെ ഭക്തിയോടുകൂടി ഭജിക്കുന്നുവൊ എന്നിൽ അവരും അവരിൽ ഞാനും ഉണ്ടു്

വലികളെയും (സിദ്ധന്മാർ) അവരുടെ വിലായത്തെന്ന (സിദ്ധിബലം) കഴിവിനെയും അവജ്ഞയോടുകൂടി വീക്ഷിക്കുകയും പണ്ഡിതാഗ്രേസരന്മാരായി നടിക്കുകയും ചെയ്യുന്ന ചില നിഷേധവാദികളുടെ അനുയായി

കൾ പെരുകിവരുന്ന ഇക്കാലത്ത് ഇത്തരം വിഷയങ്ങളെ സംബന്ധിച്ചു കൂടുതൽ വിവരിക്കുന്നതു ഒരുപകാരം മാത്രമായിരിക്കുമെന്നതിനാൽ അല്പംകൂടി വിവരിക്കാം.

ജീവികളിൽ കാണുന്ന ശക്തിയെ വിദ്വാന്മാർ (1) പ്രകൃതിക്കടിമ (2) പ്രകൃതിക്കൊപ്പം (3) പ്രകൃതിക്കതീതം ഇങ്ങിനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. അവ ഓരോന്നും എളുപ്പത്തിൽ മനസ്സിലാക്കുന്നതിന്നു ഓരോ ചെറു ഉദാഹരണം പറയാം:—

പ്രകൃതിക്കടിമ :— സാധാരണമനുഷ്യർ ഉഷ്ണകാലത്തു ഉഷ്ണത്തിൽനിന്നും തണുപ്പുകാലത്തു തണുപ്പിൽനിന്നും രക്ഷ പ്രാപിക്കാനായി കുട, ചെരിപ്പ്, കമ്പിളി മുതലായ അന്യവസ്തുക്കളുടെ സഹായത്തെആശ്രയിക്കുന്നു. തുടർച്ചയായിരാത്രി ഉറക്കം ഇളച്ചാലൊ ഭക്ഷണം കഴിക്കാതെയിരുന്നാലൊ അവർ രോഗബാധിതരായും തീരുന്നു. ഇത്തരക്കാർ പ്രകൃതിക്കടിമ എന്ന വകുപ്പിൽ പെട്ടവരാണ്.

പ്രകൃതിക്കൊപ്പം :— പക്ഷി മൃഗാദികൾ വർഷകാലത്തു ശൈത്യത്തിൽനിന്നൊ ഉഷ്ണകാത്തും ഉഷ്ണത്തിൽനിന്നൊ രക്ഷകിട്ടേണ്ടതിന്നു അന്യവസ്തുക്കളുടെ സഹായം ആശ്രയിക്കാറില്ല. ഇവ പ്രകൃിക്കൊപ്പം എന്ന ഇനത്തിൽ പെട്ടവരാണ്.

പ്രകൃതിക്കതീതം :— മനുഷ്യരിൽ ദുർല്ലഭം ചിലർ യോഗാഭ്യാസം (തരീഖത്തു) വഴിക്കു സദാ ബ്രഹ്മധ്യാനത്തിൽ ലയിക്കുക കാരണം ശീതമെന്നോ ഉഷ്ണമെന്നൊ സുഖമെന്നൊ ദുഃഖമെന്നൊ രണ്ടവസ്ഥയില്ലാതെയും എത്രയെ

ങ്കിലും കാലം ഊണും ഉറക്കവും ഇല്ലാതെയും കഴിച്ചുകൂട്ടു വാൻ കഴിയുന്നുണ്ടു്. ഇവർ പ്രകൃതിക്കതീതം എന്ന വകു പ്പിൽ പെട്ടവരാണു്. പ്രകൃതിക്കതീതരായവരെ-ബ്രഹ്മ ശക്തിയുമായി ബന്ധം സ്ഥാപിച്ചവരെയാണു് സിദ്ധ ന്മാർ (വലികൾ) എന്നു വിളിക്കുന്നതു്. ഇവർ പ്രകൃതി യോടു എന്തു ആജ്ഞാപിക്കുന്നുവൊ അപ്പടി അതു പ്രകൃതി അനുസരിക്കുന്നതാണു്. ഇങ്ങിനെയുള്ള വലികൾക്കു മാലപ്പാട്ടിൽ പറയപ്പെടുന്ന എല്ലാ കാര്യങ്ങളും നിഷ് പ്രയാസം സാധിക്കുന്നതാണു്.

വലികൾ അവരുടെ സിദ്ധിബലത്തെയും അഗാധ ജ്ഞാനത്തെയും അനുസരിച്ചു് പല വകുപ്പുകളായി തരം തിരിച്ചറിയപ്പെടുന്നുണ്ടു്. അവ:— (1) ഔലിയ (2) ഔത്താദ് (3) അബ്ദാൽ (4) ഗൌബ് (5) ഗൌബുൽ അഅ്സം (6) ഖുത്തുബ് (7) ഖുത്തുബുൽ അഖ്ത്താബ്. അബ്ദാലിൻെറ പദവിയിലെത്തിയവക്ക് ഒരേസമയ ത്തു് പലേ സ്ഥലങ്ങളിലായി പ്രത്യക്ഷപ്പെടാൻ കഴിയും. ശ്രീകൃഷ്ണൻ, ഹല്ലാജ്ബ്നുമൻസൂർ, സയ്യിദ്മുഹമ്മദ് മൌല മുതലായവർ ഒരേ സമയത്തു പലേ സ്ഥലങ്ങളിൽ കാണപ്പെട്ടതായി ചരിത്രം പറയുന്നുമുണ്ടു്.

സിദ്ധിയുടെ സ്വഭാവമനുസരിച്ചു് അതും പല വകുപ്പുകളായി തരംതിരിച്ചറിയപ്പെടുന്നുണ്ടു്. അവ:— (1) അണിമ (2) മഹിമ (3) ലഘിമ (4) ഗരിമ (5) ഈ ശിത്വം (6) വശിത്വം (7) പ്രാകാശ്യം (8) പ്രാപ്തി.

ഇവയെല്ലാം കൂടിച്ചേൎന്നതിന്നു 'അഷ്ടൈശ്വരസിദ്ധി'യെ ന്നാണു് പറയപ്പെടുന്നത്. വലികളിൽ ചിലർ പ്രസ്തുത എല്ലാ എട്ടു സിദ്ധികളും സാധിച്ചവരായിരിക്കും. അത്തരക്കാരുടെ കഴിവ് മഹത്തായതായിരിക്കുകയും ചെയ്യും. ഓരോതരം സിദ്ധികൊണ്ടു് സാധിക്കാവുന്ന കാൎയ്യങ്ങളെ ചുരുക്കത്തിൽ സൂചിപ്പിക്കാം :—

1. അണിമ :— ഈ സിദ്ധിയാൽ തങ്ങളെ മററുള്ളവൎക്കു് കാണ്മാൻ സാധിക്കാത്ത നില വരുത്താം.

2. മഹിമ :— ഈ സിദ്ധിയാൽ ഇഷ്ടാനുസരണം തങ്ങളുടെ രൂപത്തെ വലുതാക്കുവാൻ. കഴിയും.

3. ലഘിമ :— ഈ സിദ്ധിയാൽ ശ്ശരീരത്തെ തുലോം ലഘുവാക്കുവാൻ കഴിയും.. അതുകൊണ്ടു് വായുവിൽ സഞ്ചരിപ്പാനും വെള്ളത്തിന്നുമീതെ നടക്കുവാനും കഴിയും.

4. ഗരിമ :— ഈ സിദ്ധിയാൽ തങ്ങളുടെ ദേഹത്തെ വളരെ ഭാരമേറിയതാക്കുവാൻ കഴിയും.

5. ഈശിത്വം :— ഈ സിദ്ധിയാൽ ആജ്ഞക്കു് ഒരിടത്തും തടവില്ലായ്മ വരുത്താം.

6. വശിത്വം :— ഈ സിദ്ധിയാൽ ആരെയും എന്തിനെയും തൻെറ വശത്താക്കുവാനുള്ള കഴിവ് വരുത്താം.

7. പ്രാകാശ്യം :— എപ്പോറം എവിടെ പ്രത്യക്ഷനാകേണമൊ അപ്പോറം അവിടെ പ്രത്യക്ഷപ്പെടാനുള്ള കഴിവ് വരുത്താം.

8. പ്രാപ്തി:— സാധാരണക്കാക്ക് മനസ്സ്കൊണ്ടു് പോലും ദുഗ്രഹ്യങ്ങളായ സൂയ്യചന്ദ്രാദികളെ ഒരു പ്രയാസവും കൂടാതെ കൈകൊണ്ടു് പിടിക്കുവാൻ കഴിയും.

സിദ്ധി വരുത്താനുള്ള മാഗ്ഗങ്ങൾ ഗുരുമുഖത്തുനിന്നു ഗ്രഹിക്കേണ്ടതും സ്വയം പ്രവത്തിച്ചു സാധിപ്പിക്കേണ്ടതുമാണു്. സിദ്ധജനങ്ങളെ സംബന്ധിച്ചു് മേൽ പ്രസ്താവിച്ച സംഗതികൾ ഇത്രയും പറഞ്ഞതുകൊണ്ടു് അവരുടെ ലക്ഷ്യം അത്ഭുതകൃത്യങ്ങൾ നടത്തുക മാത്രമാണെന്നു ആരും ധരിച്ചുപോകരുതു്. ചില സന്ദഭ്ഭങ്ങളിൽ പാവങ്ങളെയും ദുഃഖാത്തികളെയും സഹായിക്കുന്നതിന്നും സമാശ്വസിപ്പിക്കുന്നതിന്നുംവേണ്ടി മാത്രം അവർ അങ്ങിനെ ചെയ്തു എന്നേയുള്ളു. അവരുടെ പരമലക്ഷ്യം ഈശ്വരസാക്ഷാൽക്കാരം വരുത്തുക വഴി മോക്ഷം പ്രാപിക്കുക മാത്രമാണു്. ഇസ്ലാമിൻെറ ലക്ഷ്യം ആത്മാവിനെ ബ്രഹ്മത്തിങ്കലപ്പിക്കുകയും ജഡം മനുഷ്യസമുദായത്തെ സേവിക്കുന്നതിന്നായി വിനിയോഗിക്കുകയുമാണു്. വേദാന്തഭാഷയിൽ പറഞ്ഞാൽ മുസൽമാൻെറ ബാത്തിൽ (അകം) ഹഖ്ഖോട്ടും (ബ്രഹ്മത്തോടും) സാഹിർ (പുറം) ഖൽഖോടും (ജനങ്ങളോടും) ചേന്നു നില്ക്കലാണു്. ഇസ്ലാമിൻെറ ആരാധനാപദ്ധതികൾ ഓരോന്നും എടുത്തു വിശകലനം ചെയ്യുന്നവക്കു അവ പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതിന്നുതികച്ചും പയ്യാപ്തമാണെന്നു ബോദ്ധ്യപ്പെടുന്നതാണു്. മുസ്ലിംകൾ മേൽതത്വം ഗ്രഹിക്കുകയും അതനുസരിച്ചു പ്രവത്തിക്കുകയും ചെയ്യുകയാണെങ്കിൽ ലോകം മുഴുവനും

ഇസ്ലാമിൻെറ മുമ്പിൽ അതിവേഗം തല കുനിക്കുമെന്നുള്ളത് തീച്ച്യയാണ്.

തങ്ങളുടെ ദൌത്യം ദൈവികമാണെന്നും അവർ പ്രബോധനം ചെയ്യുന്ന സന്മാർഗ്ഗോപദേശങ്ങൾ സത്യാൽ സത്യമായതാണെന്നും കാണിക്കുന്നതിനും മററുമായി ചില പ്രത്യേക സന്ദർഭങ്ങളിൽ അമ്പിയാക്കന്മാരും (പ്രവാചകന്മാർ) ചില അത്ഭുതകൃത്യങ്ങൾ കാണിച്ചിട്ടുണ്ട്.

മുഹമ്മദ്നബി (സ. അ.) ചന്ദ്രനോടു ഇറങ്ങിവരാനും വന്നേടത്തുനിന്നു രണ്ടു് അർദ്ധാംശങ്ങളായി പിളൎന്നു വീണ്ടും പൂർവ്വസ്ഥാനത്തേക്കുതന്നെ മടങ്ങിപ്പോവാനും കല്പിച്ചതനുസരിച്ച് ചന്ദ്രൻ പ്രവൎത്തിച്ചിട്ടുണ്ട്. ഈസാനബി (അ.) മരണപ്പെട്ടവരോടു എഴുന്നേററുവരാൻ ആജ്ഞാപിച്ച പ്രകാരം അവർ (മരണപ്പെട്ടവർ) എഴുന്നേററു വന്നിട്ടുണ്ട്. മൂസാനബി (അ.) നൈൽ നദിയോടു തനിക്കും കൂട്ടുകാൎക്കും വഴി നല്കുവാൻ ആവശ്യപ്പെട്ട പ്രകാരം നദിയിലെ ജലം രണ്ടു ഭാഗത്തും നീങ്ങിനിന്നു അവൎക്കു വഴി നല്കീട്ടുണ്ട്.

എന്നാൽ, ഇത്തരം അൽഭുതകൃത്യങ്ങളൊ മററു സഹായങ്ങളൊ മരണപ്പെട്ടുപോയ സിദ്ധജനങ്ങൾക്കു പ്രവൎത്തിക്കാൻ കഴിയുമൊ ? എന്നു ചോദിക്കുന്ന ചിലർ മുസ്ലിം സമുദായത്തിൽ ഇന്നുണ്ട്. കാൎയ്യം ഗ്രഹിക്കേണ്ടുന്ന ആത്മാൎത്ഥതയോടെയാണ് ഈ ചോദ്യമെങ്കിൽ അതൊരിക്കലും തെററല്ല. ഈ ചോദ്യത്തിന്നുത്തരം പറയുന്നതും

പ്രയാസമല്ല. സിദ്ധജനങ്ങൾ യഥാൎത്ഥത്തിൽ മരിക്കുന്നില്ല. അവർ സ്വാഭാവിക മരണം സ്വീകരിച്ചുകൊണ്ടു് ഈ സംസാരലോകത്തിൽനിന്നു നീങ്ങി മറെറാരിടത്തു ശാശ്വതമായി ജീവിച്ചിരിക്കുന്നവരാണു്. 'അല്ലാഹുവിൻെറ മാൎഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരണപ്പെട്ടവരാണെങ്കിലും അവർ അല്ലാഹുവിങ്കൽ ജീവിച്ചിരിക്കുന്നവരാണു്'' എന്നു ഖുർ-ആൻ പഠിപ്പിക്കുന്നു. അതുപോലെ തന്നെ നബി (സ. അ.) പറയുന്നു :-- അല്ലാഹുവിൻെറ ഔലിയാക്കൾ മരണപ്പെടുന്നവരല്ല. എങ്കിലും ഒരു വീട്ടിൽനിന്നു മറു വീടുകൊള്ളെ നീങ്ങുന്നവരായിരിക്കും. എന്നു വെച്ചാൽ, "നഫ്സിനെ ഫനാആക്കി ഇറാദിയായ മൌത്ത്കൊണ്ടു് മൌത്തായി ഹഖീഖിയായ ഹയാത്ത്കൊണ്ടു് ഹയാത്തവരാകയാൽ തബഇയായ മൌത്ത്കൊണ്ടു് ദുൻയാവിനെയും വിട്ടുമറയുന്നതല്ലാതെ ഫനാവായി നശിച്ചുപോകുന്നവരല്ല'' എന്നൎത്ഥം. അതായതു്, ചിത്തവൃത്തീനിഷേധമാകുന്ന മരണം സ്വീകരിച്ചു് ശാശ്വതമായി ജീവിച്ചിരിക്കുന്നവരാകയാൽ, സ്വാഭാവിക മരണം വഴിക്കു പ്രപഞ്ചത്തെ ഉപേക്ഷിച്ചു് മറയുന്നതല്ലാതെ ദുർബ്ബലപ്പെട്ടു നശിച്ചു പോകുന്നവരല്ല, എന്നു സാരം. മേൽപറഞ്ഞ ഖുർ-ആനിക തത്വത്തോടും നബിവചനത്തോടും സാരത്തിൽ സാമ്യമുള്ള 'യോഗശിഖോപനിഷദ്'' വാക്യങ്ങളെ ഇവിടെ സാരസഹിതം ഉദ്ധരിക്കുന്നതും വായനക്കാൎക്കുവൃമെന്നുകരുതുന്നു ഉപകരമാവുമെന്നു കരുതുന്നു;

ഹഠേനമൃത ഏവസ്യൌ
മൃതസ്യമരണം കുതഃ
മരണം യത്രസവ്വേഷാം
തത്രാസ്യൌപരിജീവതി.

അത്ഥം :— ഹഠയോഗത്തിൽ യോഗിമൃതനാണ്. മരിച്ചവന്നു പിന്നെയും മരണമെങ്ങിനെയുണ്ടാകും? സവ്വ ശരീരികളും മരണത്തെ അടയുന്ന സ്ഥാനത്തിൽ യോഗിയാകട്ടെ ജീവിച്ചിരിക്കുന്നു.

യസ്യപ്രാണോവിലീനോന്തഃ
സാധകേ ജീവിതേസതി
പിണ്ഡോനപതിതാത്സ്യ
ചിത്തം ദോഷൈന്നബാദ്ധ്യതേ.

അത്ഥം :— ജീവിച്ചിരിക്കുമ്പോഠംതന്നെ യാതൊരുത്തന്റെ പ്രാണൻ അന്തർ ഭാഗത്തിൽ ലയിച്ചുവൊ ആ സാധകന്റെ ശരീരം നശിക്കുകയില്ല (മരിക്കുകയില്ല). അവന്റെ ചിത്തം ദോഷങ്ങളാൽ ബാധിക്കപ്പെടുകയുമില്ല.

സ്വാഭാവികമായ മരണം വഴിക്ക് പ്രപഞ്ചത്തെ ഉപേക്ഷിച്ച് മൺമറഞ്ഞ ചില സിദ്ധന്മാർ തങ്ങളുടെ ഖബറകത്തു (ശവകുടീരം) വെച്ച് ജീവിച്ചിരിക്കുന്നവരെപ്പോലെ പ്രവത്തിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നുണ്ട്. (1) അബ്ദുൽഖാദിറുൽ ജീലാനി (റ) (2) മഹ്റൂഫിൽകർഖി (റ) (3) ശൈഖ്ഉബൈൽ (റ) (4) ഹയാത്ത്ബ്നുബൈസ് (റ) എന്നീ നാലു സിദ്ധന്മാർ തങ്ങളുടെ ഖബറിന്നകത്തുവെച്ച് ജീവിച്ചിരിക്കുന്നവരെപ്പോലെ പ്രവത്തി

നടത്തുന്നതായി ഞാൻ കണ്ടിരിക്കുന്നു, എന്നു അലിയ്യുൽ ഖുറശീ (റ) എന്ന സിദ്ധൻ പറഞ്ഞിരിക്കുന്നു. കൂടാതെ അഹ്മദുൽകബീർരിഫാഇയ്യി (റ) മരണപ്പെട്ടതിൽ പിന്നെ നാലുവഷത്തോളം തന്റെ ഖബറകത്തുവെച്ച് ആത്മവിദ്യാത്ഥികൾക്കു ആത്മീയോപദേശം ചെയ്യുവന്നിരുന്നുവെന്നും മേലിൽ തന്റെ ഖലീഫമാർവഴിക്കൊ സന്താനങ്ങൾ മുഖേനയൊ ആത്മീയോപദേശം സ്വീകരിച്ചുകൊള്ളുകയെന്നു കല്പിച്ചിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. മുഹമ്മദ്നബി (സ. അ.)യുടെ വഫാത്തിന്നു (നിര്യാണം) ശേഷം എത്രയൊ കൊല്ലങ്ങൾ കഴിഞ്ഞിട്ട് അഹ്മദുൽകബീർരിഫായിഈ (റ) നബി അവർകളുടെ വിശ്രമഗൃഹം സന്ദർശിച്ചുകൊണ്ടിരിക്കുമ്പോൾ നബി (സ) അവരുടെ തൃക്കരം ഖബറിന്നകത്തുനിന്നു പുറത്തേക്കു നീട്ടിക്കാണിച്ചു കൊടുത്തിട്ടുണ്ടെന്നു പറയപ്പെടുന്നുണ്ട്. ഇത്തരം കാര്യങ്ങളൊ ച്യവനമഹഷി പന്ത്രണ്ട് കൊല്ലം വെള്ളത്തിന്നടിയിൽ തപസ്സ് ചെയ്യു എന്ന കാര്യമൊ ഒന്നുംതന്നെ അസംഭവ്യമല്ലെന്നു ആത്മീയശാസ്ത്രം ഗ്രഹിച്ചവക്കു നന്നായറിയാം.

Theosophy is the science of sciences ശാസ്ത്രങ്ങളുടെയെല്ലാം ശാസ്ത്രമാണ് ആത്മീയ ശാസ്ത്രമെന്നും Philosophy begins where science ends ശാസ്ത്രം അവസാനിക്കുന്നേടത്താണ് തത്വജ്ഞാനം ആരംഭിക്കുന്നതെന്നുമാണ് ആത്മീയ ശാസ്ത്രജ്ഞന്മാരുടെയെല്ലാം ഏക

കണ്ണമായ അഭിപ്രായം. ശാസ്ത്രീയമായി ലോകം മുന്നേറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ആത്മീയശാസ്ത്രം അവഗണിക്കപ്പെട്ടുകയാണെങ്കിൽ ലോകത്തിൻെറ ഗതി കേവലം മൃഗപ്രായമായിപ്പരിണമിക്കുമെന്നുള്ളത് നിസ്സംശമാണ്.

ആകയാൽ, ആത്മീയ ശാസ്ത്രപ്രചരണവിഷയത്തിൽ മുസ്ലിംകൾ മുൻകൈയെടുത്തുപ്രവത്തിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു എന്നു പറയുന്നതിൽ എനിക്കധികം സന്തോഷമുണ്ട്. കേരളത്തിലെ എല്ലാ അറബി കോളേജുകളിലും മദ്രസ്സകളിലും ആത്മീയ ശാസ്ത്രം പാഠ്യവിഷയമായി ഉൾപ്പെടുത്തേണമെന്നു മുസ്ലിം നേതാക്കന്മാരെ ഉൽബോധിപ്പിച്ചുകൊണ്ടും തരീഖത്ത് (യോഗാഭ്യാസമാർഗ്ഗം) വിഷയത്തിൽ മുസ്ലിം സാമാന്യജനങ്ങൾ ശ്രദ്ധപതിക്കേണമെന്ന് ഓമ്മപ്പെടുത്തിക്കൊണ്ടും ഈ ലേഖനം അവസാനിപ്പിച്ചു കൊള്ളട്ടെ.

# 2

## ഇൽമുത്തസവ്വുഫ്—

## ഹൃദയശുദ്ധീകരണജ്ഞാനം.

‘നിങ്ങൾ അറിവില്ലാത്തവരാണെങ്കിൽ അറിവുള്ളവരോടു ചോദിച്ചുകൊള്ളുവിൻ’ എന്നും ‘വിജ്ഞാനസമ്പന്നരും വിജ്ഞാനവിഹീനരും ഒരിക്കലും സമന്മാരല്ല’ എന്നും മററുമുള്ള ഖുർ-ആനിക വാക്യങ്ങളും ‘ചൈനയിൽ പോയിട്ടെങ്കിലും നിങ്ങൾ വിജ്ഞാനം കരസ്ഥമാക്കുവീൻ’, എന്നും ‘വിജ്ഞാസമ്പാദനം സർവ്വ സത്യവിശ്വാസികൾക്കും നിർബ്ബന്ധമാ’ണെന്നും മററുമുള്ള നബി വാക്യങ്ങളും ‘ജ്ഞാനേനഹീനാ : പശുഭി : സമാനാ :’ എന്ന ഉത്തര ഗീതാവാക്യവും വിജ്ഞാനസമ്പാദനം ഒന്നുകൊണ്ടേ മനുഷ്യന്ന് മനുഷ്യനായി ജീവിക്കുവാനും മനുഷ്യനായിത്തന്നെ മരിക്കുവാനും സാധിക്കുകയുള്ളുവെന്നു വിളിച്ചോതുന്നുണ്ട്.

'വിജ്ഞാനം' എന്നതിൻെറ വിവക്ഷയെ സംബന്ധിച്ച് പണ്ഡിതന്മാൎക്കിടയിൽ പല അഭിപ്രായങ്ങളുമുണ്ട്. 'ഇൽമുൽകലാം' മൂലമാണ് അല്ലാഹുവിനെ അറിയുന്നതെന്നും അതുകൊണ്ട് ഇൽമുൽകലാമാണ് (ദൈവികജ്ഞാനം) അതുകൊണ്ടുള്ള വിവക്ഷയെന്ന് 'മുത്തഅല്ലിമീങ്ങൾ' പറയുന്നു. ഹലാലും ഹറാമും വേർതിരിച്ചറിയുന്നത് ഫിഖ്ഹ് (കൎമ്മശാസ്ത്രം) പ്രകാരമായതിനാൽ 'ഫിഖ്ഹ്' ആണ് വിവക്ഷയെന്നു 'ഫുഖഹാക്കൾ' അഭിപ്രായപ്പെടുന്നു. ശറഇൻെറ അടിസ്ഥാനം ഖുർ-ആനും ഹദീസുമായതുകൊണ്ട് 'ഖർ-ആനും ഹദീസുമാണ് വിവക്ഷയെന്നു' മുഹദ്ദിസുകൾ പ്രസ്താവിക്കുന്നു. പരമസത്യം കണ്ടെത്തുന്നതിനുള്ള വഴി ഹൃദയശുദ്ധീകരണമാകയാൽ ഹൃദയശുദ്ധീകരണജ്ഞാനം (ഇൽമുത്തസവ്വുഫ്) എന്നതാണ് വിവക്ഷയെന്നു സൂഫികൾ (അവധൂതന്മാർ) വാദിക്കുന്നു. ഏതെങ്കിലുമൊരു പ്രത്യേക തരത്തിലുള്ള വിജ്ഞാന സമ്പാദനമല്ല മേൽ വാക്യങ്ങളുടെ വിവക്ഷയെന്നാണ് മഹാനായ ഇമാംഗസ്സാലി (റ)യുടെ പക്ഷം. ഒരാൾ ഏതേത് കാൎയ്യം ചെയ്യുന്നതിന്നു നിർബന്ധിതനായിത്തീരുന്നുവൊ ആ കാൎയ്യങ്ങൾ ശരിയായും ന്യായമായും ചെയ്യുന്നതിനുതകുന്ന വിജ്ഞാനം കരസ്ഥമാക്കുകയെന്നതാണ് അദ്ദേഹത്തിൻെറ പക്ഷം. ഉദാഹരണത്തിന്നു റംസാൻ സമാഗതമാകുമ്പോൾ വ്രതാനുഷ്ഠാനനിയമങ്ങൾ പഠിക്കുക നിർബ്ബന്ധമാകുന്നു. 20 ദീനാർ തൂക്കമുള്ള സ്വൎണ്ണം ലഭിച്ചാൽ അപ്പോൾതന്നെ സക്കാ

ത്തിൻെറ നിയമങ്ങൾ പഠിക്കുക നിർബ്ബന്ധമല്ല. അതു കൈവശമിരുന്നു് ഒരു വർഷം തികയുമ്പോൾ മാത്രമെ നിർബ്ബന്ധമാകയുള്ളു. ഹജ്ജ് ചെയ്യാൻ വിചാരിക്കുന്നതു വരെയും ഹജ്ജിൻെറ നിയമങ്ങൾ പഠിക്കുക നിർബ്ബന്ധമല്ല. കാരണം ഹജ്ജിൻെറ കാലം ജീവിതകാലം മുഴുവനുമാണു്. ഇങ്ങിനെ ഓരോ കാര്യങ്ങളും ചെയ്യേണ്ടതായി വരുമ്പോൾ അതെപ്പററി പഠിക്കൽ നിർബ്ബന്ധമായിത്തീരുന്നു. അതുപോലെ വിവാഹിതരാകുമ്പോൾ, ദമ്പതിമാരുടെ കടമകളും, ആർത്തവകാലത്തു് കുളിച്ചു ശുദ്ധമാകാതെ സംയോഗം ഹറാമാണെന്നും പഠിക്കുക നിർബ്ബന്ധമാണു്. കച്ചവടത്തിലേർപ്പെടുമ്പോൾ പലിശ സംബന്ധമായ കാര്യങ്ങളും, കച്ചവടം അസാധുവാകാതിരിപ്പാനുള്ള നിയമങ്ങളും പഠിക്കുക നിർബ്ബന്ധമാണു്. എന്നുവേണ്ട ഏതൊരു തൊഴിലിൽ ഏർപ്പെടുമ്പൊഴും അതാതിൻെറ സാങ്കേതിക വിജ്ഞാനങ്ങൾ കരസ്ഥമാക്കേണ്ടതു നിർബ്ബന്ധമാകുന്നു. ശസ്ത്രക്രിയ ചെയ്യുന്ന ഒരു ഡോക്ടരാണെങ്കിൽ മനുഷ്യശരീരത്തിലെ കീറത്തക്ക ഭാഗങ്ങൾ മുറികളിൽ വെക്കേണ്ടുന്ന മരുന്നുകളും അവയുടെ അളവുകളും മററും പഠിക്കുക നിർബ്ബന്ധമാണു്. ഇപ്രകാരം 'വിജ്ഞാന സമ്പാദനത്തിൻെറ നിർബ്ബന്ധത, വ്യക്തികളുടെ സ്ഥിതിഗതികളനുസരിച്ചു് വ്യത്യസ്തമായിരിക്കുന്നതാണു്. ഒരു വസ്ത്രവ്യാപാരി ഡോക്ടരുടെ തൊഴിലിനെ സംബന്ധിച്ചും ഒരു ഡോക്ടർ വസ്ത്രവ്യാപാരിയുടെ തൊഴിലിനെ സംബന്ധിച്ചും പഠിക്കുക നിർബ്ബന്ധമല്ല.

സംശം ഉണ്ടായിരിക്കാൻ പാടില്ലാത്തതായ വിശ്വാസപ രമായ സിദ്ധാന്തങ്ങളിൽ ഒരാറംക്കു ഏതെങ്കിലും സംശ യം നേരിട്ടാൽ ആ സംശയം ദൂരീകരിക്കേണ്ടതു് [illegible]നിർബ്ബ ന്ധമാണ്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചുള്ള വി ജ്ഞാനം സമ്പാദിക്കേണ്ടതു എല്ലാ മുസ്ലിംകറംക്കും നിർബ്ബ ന്ധമാണ്. വിജ്ഞാനം ഒരു മുസ്ലിമിന്നും ഇല്ലാതിരിക്കാ വുന്നതല്ല. പക്ഷെ, കടമപ്പെട്ട വിജ്ഞാനം എല്ലാവ ക്കും ഒന്നല്ല; ഒരേ പ്രകാരവുമല്ല. കാലത്തിൻെറയും ജനങ്ങളുടെയും സ്ഥിതിഭേദങ്ങറംക്കനുസൃതമായി അതു വ്യത്യാസപ്പെടുന്നതാണ്. വിജ്ഞാനം ഒരു പ്രകാര ത്തിലും ആവശ്യമില്ലാത്തവർ ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ടാണ് 'വിജ്ഞാനസമ്പാദനം കടമപ്പെടാത്ത ഒരു മുസ്ലിമും ഇല്ല' എന്നു നബി (സ. അ.) പ്രസ്താവിച്ചി രിക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ കാലോചിതമായി ഏതൊരു കാര്യത്തിൽ ഏർപ്പെടേണ്ടതായി വരുന്നുവൊ അക്കാര്യത്തെ സംബന്ധിച്ചുള്ള വിജ്ഞാനം സമ്പാദിക്കേ ണ്ടതു വ്യക്തിയുടെയൊ സമുദായത്തിൻെറയൊ കടമയാ യിത്തീരുന്നതാണ്.

ഒരു രാജ്യത്തിലെ ഭൂരിഭാഗം ജനങ്ങളും ആ രാജ്യ ത്തിലെ ന്യൂനപക്ഷമായ മുസ്ലിംകളെ അവർ മുസ്ലിംകളെ ന്ന കാരണത്താൽ മാത്രം നശിപ്പിച്ചുകളയുവാനുള്ള ഉദ്ദേ ശത്തോടുകൂടി സിഹർ (ആഭിചാരവിദ്യ) പഠിക്കുന്നുവെ ങ്കിൽ അവിടെയുള്ള മുസ്ലിംകറംക്കു പ്രസ്തുത ആപത്തിൽ

നിന്നു രക്ഷപ്രാപിക്കേണ്ടതിന്നായി മാത്രം സിഹർ (ആഭിചാരവിദ്യ) പഠിക്കൽ നിർബ്ബന്ധമായിത്തീരുന്നതാണു്. ഉദ്ദിഷ്ടവിഷയമായ ഇൽമുത്തസവ്വുഫിൻെറ ആ മുഖമെന്നോണം ഞാനിത്രയും പറയുവാൻ കാരണം നമ്മുടെ, നാടൻ പണ്ഡിതന്മാരിൽ ഭൂരിഭാഗവും വിജ്ഞാനത്തെ ലൌകിക വിജ്ഞാനമെന്നും മതവിജ്ഞാനമെന്നും രണ്ടായി ഭാഗിച്ച് മതവിദ്യമാത്രമെ നിർബ്ബമുള്ള ലൌകികവിദ്യ നിർബ്ബന്ധമേയല്ല, മറിച്ച നിഷിദ്ധമാണെന്നുകൂടിയും പറഞ്ഞും മറെറാരുകക്ഷി ഇതിനെ എ തി ൎത്തു ം മുസ്ലിം സമുദായത്തിൻെറ സ്ഥലകാലോചിതമായ വളച്ച മുട്ടിപ്പിച്ചുകളഞ്ഞതിലുള്ള പ രി േവ ദ ന ഒന്നു മാത്രമാണു്.

ആധുനിക േല ാ ക ത്തി ൻെറ ഗതി വിഗതികൾ സസൂക്ഷ്മം ഗ്രഹിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും ലോകം ഭൌതികശാസ്ത്രപരമായി കുതിക്കുകയാണെന്നു്. ലോകത്തിൻെറ ഈ കുതിച്ചോട്ടത്തിൽ ഈശ്വരനും മതവും നശിച്ച തരിപ്പണമായിപ്പോകുമെന്നും അങ്ങിനെ ലോകം കേവലം മൃഗീയതത്തിലേക്കു അധഃപതിക്കുമെന്നും ഭയന്നു മനുഷ്യസമുദായസ്നേഹികളും ദീഘദൃഷ്ടിയുള്ളവരുമായ ചില ഈശ്വരഭക്തന്മാർ ഈശ്വരമത പ്രചരണത്തിന്നായി മുമ്പോട്ടുവന്നു കഴിഞ്ഞിട്ടുണ്ടു്. ഈശ്വരമത പ്രചരണത്തിന്നായി അവർ സ്വീകരിച്ചിരിക്കുന്ന മാൎഗ്ഗം സവ്വശാസ്ത്രങ്ങളെയും ജയിച്ചടക്കുവാൻ കെല്പുള്ള ആത്മീയ

ശാസ്ത്രം പഠിക്കുകയും അതു പ്രചരിപ്പിക്കുകയുമാണു്. ആത്മീയശാസ്ത്രത്തിന്നല്ലാതെ ഇന്നത്തെ ഭൌതികശാസ്ത്രത്തെ ജയിച്ചടക്കുവാൻ സാദ്ധ്യമല്ല.

ശാസ്ത്രീയ വിജ്ഞാനപരമായും ബുദ്ധിപരമായും നമ്മുടെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നെഹറുവെക്കാളും കമ്യൂണിസ്റ്റ് ജനയിതാക്കളിൽ അഗ്രഗണ്യരായി കരുതപ്പെടുന്ന സർവ്വശ്രീ കാറൽമാർക്സ്, ലെനിൻ മുതലായവരേക്കാളും മുമ്പനായിരുന്നു ശ്രീ. വിവേകാനന്ദസ്വാമികൾ. അദ്ദേഹം ഈശ്വരനെ അന്വേഷിച്ചു നടന്ന ഒരു കാലമുണ്ടായിരുന്നു. "ഈശ്വരനെ ആക്കു കാണിച്ചുതരാൻ കഴിയും?" എന്ന ചോദ്യവുമായി അന്നു അദ്ദേഹം പലരെയും സമീപിച്ചുകൂട്ടത്തിൽ ശ്രീരാമകൃഷ്ണപരമഹംസസ്വാമികളെയും സമീപിച്ചിരുന്നു. കേവലം പ്രാഥമിക വിദ്യാലയത്തിലെ അഞ്ചാംതരംവരെ മാത്രം പഠിച്ചിരുന്ന നമ്മുടെ വന്ദ്യനായ ശ്രീരാമകൃഷ്ണപരമഹംസർ പ്രത്യുത്തരം നല്കി: 'ഞാൻ കാണിച്ചുതരാം'? എങ്ങിനെ കാണിച്ചുതരും? എന്ന ചോദ്യത്തിന്നു 'നിങ്ങൾ എന്നെ കാണുന്നപോലെ നിങ്ങൾക്കു ഞാൻ ഈശ്വരനെ കാണിച്ചുതരാം' വീണ്ടും പ്രത്യുത്തരം നല്കുകയും അതുപ്രകാരം കാണിച്ചു എന്നു സ്വാമികൾകൊടുക്കുകയും ചെയ്ത ശേഷമാണു് വിവേകാനന്ദസ്വാമികൾ ഒരീശ്വരവിശ്വാസിയും അവധൂതനുമായിത്തീൎന്നതു്. ഈ ഗുരുശിഷ്യന്മാർ ഒരിക്കലും മുശ്‌രിക്കുകളല്ല, മറിച്ചു, ഒന്നാംതരം മുഹ്ഹിദുകളാണെന്നാണു് ഞാൻ പറയുക. പരമഹംസസ്വാമികൾക്കു ഈ മഹൽകാ

 യ്യം സാധിച്ചത് അദ്ദേഹത്തിൻെറ ആത്മജ്ഞാനം വഴിക്കു മാത്രമായിരുന്നു. ഈ മഹത്തായ ആത്മജ്ഞാനത്തിന്നുള്ള വിജ്ഞാനശാഖയത്രെ ഇൽമുത്തസവ്വുഫ്. ഈ വിജ്ഞാനം വഴിക്കല്ലാതെ ഹൃദയശുദ്ധീകരണവും ആത്മജ്ഞാനസമ്പാദനവും കരസ്ഥമാവുകയില്ല. മനുഷ്യൻ അവൻെറ അല്ലാഹുവിനെ അറിയേണമെങ്കിൽ പ്രസ്തുത വിജ്ഞാനം വഴിക്കെ സാദ്ധ്യമാകയുള്ളൂ. അല്ലാഹുവുമായി യഥാർത്ഥബന്ധം സ്ഥാപിച്ച് സാംസ്കാരിക വിഷയത്തിൽ നിന്നകന്ന് അവന്നു ശാശ്വതമുമുക്ഷുമാകുവാൻ ഉതകുന്ന വിജ്ഞാനം അതൊന്നു മാത്രമാണ്. സൂഫിവര്യന്മാരുടെ നേതാവായി അറിയപ്പെടുന്ന ജുനൈദുൽബഗ്ദാദ് (റ) ഇപ്രകാരം പറയുന്നു, 'തസവ്വുഫ്' എന്നാൽ പ്രാപഞ്ചികമായ എല്ലാ ബന്ധത്തെയും മുറിച്ച് അല്ലാഹുവിനോടുമാത്രം ബന്ധം സ്ഥാപിക്കുകയും അല്ലാഹു അല്ലാത്ത സർവ്വ വസ്തുക്കളിൽനിന്നും ചിന്ത തിരിച്ച് അല്ലാഹുവിൽമാത്രം അതാ ചിന്ത കേന്ദ്രീകരിച്ച് ജീവിക്കുകയും ചെയ്യുകയെന്നതാണ്. യത്, തന്നെ അല്ലാഹുവിൽ ഫനയാക്കുക (ബ്രഹ്മത്തിൽ ലയിപ്പിക്കുക)യെന്നു സാരം. മഹാനായ മഅ്മഫിൽകർഖി (റ) പറയുന്നു. "യഥാർത്ഥങ്ങളായ കഴമ്പുകൾ എടുക്കുകയും സൃഷ്ടികളുടെ കൈവശമുള്ള സാധനങ്ങളിൽനിന്നു ആശയററവനാവുകയും ചെയ്യുക" എന്നതാണ് 'തസവ്വുഫ്'. ഇപ്രകാരം പല ആത്മജ്ഞാനികളും 'തസവ്വുഫ്' എന്നതിന്നു പല വിവക്ഷകളും പറയുന്നുണ്ടെങ്കിലും അവരെല്ലാവരുടെയും അഭിപ്രായങ്ങളുടെ ആകത്തുക 'തസവ്വു്

ഫ്'' എന്നത് അശുഭങ്ങളായ വിഷയങ്ങളിൽനിന്നു് മനസ്സിനെ അകററിനിറുത്തലും ശുഭകാര്യങ്ങളിൽമാത്രം അതിനെ കേന്ദ്രീകരിക്കലും അങ്ങിനെ മനോലയം സാധിക്കലുമാണു്.

ഈശ്വരൻെറ വാസസ്ഥലം വിശ്വാസിയായ മനുഷ്യൻെറഹൃദയമാണെന്നും ആ ഹൃദയത്തിന്നു പലഭാഗങ്ങളുണ്ടെന്നും ഹൃദയം രാഗദ്വേഷാദികളാകുന്ന ദുർഗ്ഗുണങ്ങളെക്കൊണ്ടു് ആവരണം ചെയ്യപ്പെട്ടിരിക്കയാലാണു് മനുഷ്യൻ മൃഗീയാവസ്ഥയിലേക്കു അധ:പതിക്കുന്നതെന്നും ഈ ആവരണം എപ്പോൾ പരിച്ഛേദം നീക്കപ്പെടുന്നുവൊ അന്നു ഹൃദയം മുഴുവനും ഈശ്വരമയമായിത്തീരുമെന്നും, മനുഷ്യജഡം പഞ്ചഭൂത നിർമ്മിതവും അതിലെ ആത്മാവ് ബ്രഹ്മപ്രതിബിംബവും ആയതുകൊണ്ടു മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും മററുമാണു് ഇൽമുത്തസവ്വുഫ് അഥവാ വേദാന്തവിജ്ഞാനം പഠിപ്പിക്കുന്നത്.

ഉപരിസൂചിതമായ ദുർഗ്ഗുണങ്ങൾ (1) രാഗം = മൈഥുനത്തിലുള്ള ഇച്ഛ (2) ദ്വേഷം = ഇങ്ങോട്ടുപദ്രവിക്കുന്നവനെ അങ്ങോട്ടുപദ്രവിക്കേണമെന്ന വിചാരം (3) കാമം = ആശ (4) ക്രോധം = കോപം (5) ലോഭം = ഒന്നും ആൎക്കും കൊടുത്തുകൂട എന്ന വൃത്തി (6) മോഹം = ഐശ്വര്യതിമിരം പിടിപെട്ടു് കൃത്യത്തെയും അകൃത്യത്തെയും അറിയാതിരിക്കുക (7) മദം = എനിക്കു സമ്പത്തുണ്ടു്, ഞാൻ വിചാരിച്ചാൽ എന്താണു് കഴിയാത്തത് എന്ന ബുദ്ധി (8) മാത്സര്യം = മററൊരുവൻ നന്നാകുന്നതു കാണു

ന്മോറം സഹിച്ചുകൂടായ്മ (9) ഈർഷ്യ=ഈ ദുഃഖം അവന്നു വരാതെ എനിക്കെന്താണു് വന്നതു് എന്ന ബുദ്ധി (10) അസൂയ=മറെറാരുത്തന്റെ ഗുണത്തിൽ ദോഷത്തെ ആരോപിക്കുക (11) ദംഭം=ഈ ധർമ്മംകൊണ്ടു് എനിക്കു പ്രസിദ്ധിയുണ്ടാവേണമെന്ന, വിചാരം എല്ലാവരും എന്നെ പുകഴ്ത്തേണമെന്നു് വിചാരിക്കൽ (12) ദർപ്പം=എനിക്കു സമനായി ആരും ഇല്ലെന്ന വിചാരം (13) അഹങ്കാരം=എല്ലാററിലും അഹംമതി. ഇങ്ങിനെ ബഹുവിധമുണ്ടെങ്കിലും അവയെയെല്ലാം ഇൽമുത്തസവ്വുഫിൽ ഏഴുമാത്രമായി ചുരുക്കീട്ടുണ്ടു്. ഓരോ ദുർഗ്ഗുണത്തെയും എപ്രകാരമാണു് ശുദ്ധി വരുത്തേണ്ടതെന്നും ഇൽമുത്തസവ്വുഫ് പഠിപ്പിക്കുന്നുണ്ടു്.

മേൽപറഞ്ഞ ദുർഗ്ഗുണങ്ങളെയെല്ലാം ചിത്തത്തിന്റെ മാലിന്യമെന്നും ഈ മാലിന്യത്തെ ഇല്ലാതാക്കുന്ന പ്രവൃത്തിക്കു ആന്തരശൌചമെന്നും ഓരോ മാലിന്യത്തെയും എപ്രകാരമാണു് ശുദ്ധി ചെയ്യേണ്ടതെന്നും മനോമാലിന്യങ്ങളെ നീക്കംചെയ്തു മനുഷ്യമനസ്സിനെ ബ്രഹ്മത്തിങ്കലേക്കെത്തിക്കാനുള്ള മാർഗ്ഗത്തിന്നു തരീഖത്ത് എന്നാണു് പറയപ്പെടുന്നതെന്നും മററും ഇൽമുത്തസവ്വുഫിൽ പഠിക്കാനുണ്ടു്. മനസ്സിന്റെ സ്വഭാവം എപ്രകാരമുള്ളതെന്നു മനസ്സിലാക്കി അതിന്നനുസൃതമായ മനോമാലിന്യ ശൌചരീതി ഉപദേശിക്കുന്ന ഗുരുവത്രെ ആത്മീയഗുരു (ശൈഖ്). മനോമാലിന്യങ്ങളെ

ഹൃദയം ശുദ്ധീകരിക്കാത്ത കാലത്തോളം ഈശ്വരനെ അറിയുവാനോ ദർശിക്കുവാനോ സാദ്ധ്യമല്ല. ഹൃദയ ശുദ്ധീകരണത്തിനുള്ള മാർഗ്ഗം ഒരു ആത്മീയ ഗുരുവിൽ നിന്നു മാത്രമെ കരസ്ഥമാകയുള്ളവെന്നും അത്തരം ആത്മീയഗുരുജനങ്ങളെ സമീപിക്കുന്നതിനാണ് തവ സ്സുലെന്നു പറയപ്പെടുന്നതെന്നും ഇൽമുത്തസവ്വുഫ് നന്നായി പഠിപ്പിക്കുന്നുണ്ട്. 'ആത്മജ്ഞാനിയായ ഗുരു മുഖേനയല്ലാതെ ഈശ്വരങ്കലേക്കു വഴിയില്ല, എന്നു മുഹിയിദ്ദീനുബ്നു അറബി പറഞ്ഞതിൻെറ രഹസ്യവും ഇപ്പോഠം മനസ്സിലായല്ലൊ.

സാംസാരിക വിഷയത്തിൽ വ്യാപൃതമായിരി ക്കുന്ന മനസ്സ് തൊട്ടു ബ്രഹ്മത്തിൽ ലയിക്കുന്നതുവരെ യുള്ള മനസ്സിൻെറ (നഫ്സ്) പടിപടിയായ ഉയർച്ചയ നുസരിച്ച് ആത്മജ്ഞാനികഠം അതിനെ ഏഴു പദവിക ളായിതരംതിരിച്ചിട്ടുണ്ട്. അവ :-(1) നഫ്സ് അമ്മാറ =Instinct (2) നഫ്സ്ലവ്വാമ=Reason (3) നഫ്സ് മൽഹിമ=Intuition (4) നഫ്സ്മുത്ത്മഇന്ന =Super intuition നഫ്സ്റാളിയ=Inspiration (6) നഫ്സ്മർ ളിയ=Superinspiration (7) നഫ്സ്കാമില=Divinity. ഇത്തരം അതിനിഗൂഢമായ കാര്യങ്ങളെല്ലാം ഇൽമുത്തസ വ്വുഫ് പഠിപ്പിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യ ന് മനുഷ്യത്വത്തിൽനിന്നു ബ്രഹ്മത്വത്തിലേക്കു എത്താൻ സാധിക്കുമെന്നു പഠിപ്പിക്കുന്ന വിജ്ഞാന ശാ ഖയാണ് ഇൽമുത്തസവ്വുഫ്.

ഇത്തരം മഹത്തായ കാൎയ്യങ്ങളെ പഠിപ്പിക്കുന്ന വിജ്ഞാനശാഖയെ എന്തുകൊണ്ടു് മുസ്ലിംകൾ അവഗണിച്ചു എന്നു സൂചിപ്പിക്കൊണ്ടു് ലേഖനം അവസാനിപ്പിക്കാം. മുന്തിരിങ്ങയിൽനിന്നെടുക്കുന്ന വീഞ്ഞും തെങ്ങിൽനിന്നെടുക്കുന്ന കള്ളും ദേഹത്തിന്നു ഒരു പ്രകാരത്തിൽ ഗുണമുള്ളതാണെങ്കിലും അതു ചിലപ്പോൾ മനുഷ്യരെ മത്തനാക്കിതീൎത്തുകളയുക കാരണം അവരെ തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്നു വ്യതിചലിപ്പിച്ചുകളയുന്നതുകൊണ്ടു്, അവ (മദ്യം) ഉപയോഗിക്കുന്നതു് ശറഅ് നിഷിദ്ധമായിക്കല്പിച്ചിരിക്കുന്നു. അതുപോലെ ഇൽമുത്തസവ്വുഫ് പഠിക്കുന്ന മനുഷ്യരിൽ ഭൂരിഭാഗവും ഐഹികസുഖവിരക്തന്മാരായിത്തീൎന്നു കാട്ടു് കയറുക കാരണം അവൎക്കു മനുഷ്യസമുദായത്തോടുള്ള കടമ നിൎവ്വഹിക്കാൻ കഴിയാതെ പോകുന്നതുകൊണ്ടു് അതു (ഇൽമുത്തസവ്വുഫ്) പഠിക്കുന്നതു നിരുത്സാഹപ്പെടുത്തിയതായിരിക്കണം എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഹല്ലാജിബ്നുമൻസൂർ (റ) ഇബ്രാഹിമിബ്നു അദ്ഹം (റ) ഹസ്സൻ ബസരി (റ) മുതലായവരുടെ പിൽക്കാലജീവിതം ഇപ്പറഞ്ഞതിന്നുദാഹരണമാണു്. അവർ അങ്ങിനെ കാട്ടു് കയറിപ്പോകുക കാരണം അവരുടെ സേവനം സമുദായത്തിന്നു നഷ്ടപ്പെട്ടുനു എന്നുള്ളതു് ശരിയാണെങ്കിലും അവരെക്കൊണ്ടു് ഹൃദയശുദ്ധിയില്ലാത്തവരായ പാമരജനങ്ങളെക്കൊണ്ടുണ്ടാകുന്ന തരത്തിലുള്ള ദോഷ

ങ്ങൾ സമുദായത്തിന്നുണ്ടാകയില്ലെന്നുള്ളത് തീൎച്ചയാണ്. ഇൽമുത്തസവ്വുഫിൽ വളരെയധികം വിജ്ഞാനം സമ്പാദിച്ച എത്രയൊ ആത്മജ്ഞാനികൾ ശറഇൻെറ നിയമങ്ങളെ അണുമാത്രം പിഴക്കാതെ ജീവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പെട്ടവരാണ് മുഹമ്മദ്നബി (സ. അ.), മുഹിയിദ്ദീൻശൈഖ് (ഖ.), അബുൽഹസ്സൻ ശാദുലിശ്ശൈഖ് (റ.) മുതലായവർ. ആന്തരീയമായി സാംസാരിക വിഷയത്തെ പാടെ ഉപേക്ഷിച്ച് സദാ ബ്രഹ്മത്തിൽ ലയിച്ചവരാണെങ്കിലും അതേ സമയംതന്നെ കേവലം സാധാരണക്കാരെപ്പോലെ ജീവിച്ച് സാധാരണക്കാൎക്കുവേണ്ടി സേവനം ചെയ്തു അവരെ സൎവ്വവിധേനയും ഉദ്ധരിക്കാൻ ശ്രമിച്ചുകൊണ്ടു ജീവിക്കുന്നവരാണ് സാലിക്കീങ്ങൾ എന്നു അറിയപ്പെടുന്നവർ. നബി (സ. അ.) സാലിക്കീങ്ങൾക്കെല്ലാം സാലിക്കായതുകൊണ്ടു് അവൎക്കു സാലികുസ്സിൽക്കു എന്നു പേരുണ്ട്. ഈ നിലപാടാണ് ഏററവും ശ്രേഷ്ഠമായത്.

ഇൽമുത്തസവ്വുഫ് പഠിക്കാതെയുള്ള മുസ്‌ലിംകളുടെ ജീവിതരീതിയും ഈമാനും എൻെറ അനുഭവത്തിൽ പറകയാണെങ്കിൽ കേവലം മാമൂൽകൎമ്മവും ബലഹീനവുമാകുന്നു.

അതുകൊണ്ട്, ചെറുപ്രായത്തിൽ വേണ്ടതില്ലെങ്കിലും, ഒരു നിശ്ചിത പ്രായമെത്തിയാലെങ്കിലും മേൽ വിഷയം എല്ലാവരും പഠിച്ചിരിക്കേണ്ടതാണ്. അതിന്നായുള്ള സാഹചൎയ്യങ്ങൾ സൎവ്വത്ര ഉണ്ടായിരിക്കേണ്ടതു

മാണു്. ഇവ്വിഷയത്തിൽ മുസ്‌ലിം നേതാക്കന്മാരുടെ ശ്രദ്ധ പതിയാത്തപക്ഷം മുസൽമാൻെറ നില വിദ്യ ത്തില്ലാത്ത ബറംബ്യ്പോലെ മാത്രമാണു് ശേഷിക്കുക. നേർച്ചപ്പാട്ടു്, മിഅ്റാജ്, റാത്തീബ് എന്നീ ലേഖനങ്ങ ളിൽ പലയിടങ്ങളിലായി ഇൽമുത്തസവ്വുഫിൻെറ ആശ യങ്ങൾ അങ്ങിങ്ങായി സ്പർശിച്ചിട്ടുള്ളതിനാലും ഈയുള്ള വൻ ഇത്തരം വിഷയങ്ങളെ സ്പർശിച്ച ദീർഘമായ ഒരു വി വരണം നല്കാൻ അപ്രാപ്തനാകയാലും ഇത്രമാത്രംകൊണ്ടു് ലേഖനം ഉപസംഹരിക്കട്ടെ. ഫ്ഫഅല്ല:

## 3

# നബി(സ)യെ തുടരേണ്ടതെങ്ങിനെ?

'അല്ലാഹുവെ ഒരാൾ സ്നേഹിക്കുന്നുവെങ്കിൽ അയാൾ നബിയെ തുടന്നു കൊള്ളട്ടെ' എന്നു ഖുർ-ആൻ പഠിപ്പിക്കുന്നു. ഒരാൾ അല്ലാഹുവിന്റെ സ്നേഹിതനായിക്കഴിഞ്ഞാൽ ആ ആൾ അല്ലാഹുവിന്റെ സ്നേഹിതരായി അറിയപ്പെടുന്ന ഇബ്രാഹീംനബി (അ.) മുഹമ്മദ്നബി (സ. അ.) മുതലായവരെപ്പോലെയായി. രിസാലത്തും നുബുവ്വത്തും ഇല്ലെന്നുമാത്രം. ഇത്രയും അത്യുന്നതമായ പദവി ഒരാൾക്കു കരസ്ഥമാകുവാൻ അദ്ദേഹം ചെയ്യേണ്ടതെന്തു? മുഹമ്മദ് നബി (സ. അ.)യെ തുടരുക മാത്രം!

നബി(സ)യെ യഥാർത്ഥത്തിൽ തുടരേണ്ടതെപ്രകാരമെന്നു അധികമാളുകളും മനസ്സിലാക്കീട്ടുണ്ടോ? ഉണ്ടെങ്കിൽ ഇന്നു ഭൂമുഖത്തുള്ള മുസൽമാന്മാരെല്ലാം രിസാലത്തും നുബുവ്വത്തും ഇല്ലാത്ത ഇബ്രാഹീംനബി(അ)യെപ്പോലെയും

മുഹമ്മദ്നബി(സ)യെപ്പോലെയും ആദരണീയരായിത്തീരേണ്ടതല്ലേ ? അതു എന്തുകൊണ്ടായിത്തീരുന്നില്ല ? ഇന്നു എവിടെ നോക്കിയാലും മുസ്ലിംകളന്യോന്യം അസൂയാലുക്കളും പരസ്പരം ബഹുമാനമില്ലാത്തവരും പരസ്പരം മത്സരിക്കുന്നവരും ആയിട്ടാണ് കാണുന്നത്. ഇങ്ങിനെ അവർ (മുസ്‌ലിംകൾ) മററു മുസദായക്കാരുടെ ദ്രഷ്ടിയിൽ ഇന്നു ആദരണീയരല്ലാതായിത്തീൎന്നിരിക്കുകയാണ്. മററൊന്നു മുസ്‌ലിംകൾക്കു എന്തെങ്കിലും ഒരു നിസ്സാരകാൎയ്യം കണ്ടാലൊ കേട്ടാലൊ എന്തെന്നില്ലാത്ത ഒരു ഭയം. ഇബ്രാഹീംനബി (അ)യെ അഗ്നികുണ്ഡത്തിലിട്ടപ്പോഴും മുഹമ്മദ്നബി (സ. അ.) ഏകനായി ഖഡ്ഗപാണികളുടെ മുമ്പിൽ അകപ്പെട്ടപ്പോഴും അവൎക്കാൎക്കും ഒരു തരത്തിലുള്ള ഭയവും ഉണ്ടായിരുന്നില്ല. അവൎക്കു തെല്ലും ഭയമില്ലാതിരിക്കാനുള്ള കാരണം അവർ അല്ലാഹുവിൻെറ സ്നേഹിതന്മാരാണെന്ന ഒരേ ഒരു വസ്തുതയാകുന്നു. അതെ, ആൎക്കുംതന്നെ അല്ലാഹുവിൻെറ സ്നേഹിതനായിക്കഴിഞ്ഞാൽ ഒരിക്കലും ഒന്നുകൊണ്ടും എവിടെവെച്ചും ആരെയും ഭയപ്പെടേണ്ടതില്ല. എന്നാൽ മുഹമ്മദ്നബി (സ. അ.)യെ ഏതൊരാൾ തുടരുന്നുവൊ അയാൾ അല്ലാഹുവിൻെറ സ്നേഹിതനായിത്തീരേണ്ടതും അല്ലാഹുവിൻെറ സ്നേഹിതന്മാരായ ഇബ്രാഹീംനബി (അ.) മുഹമ്മദ്നബി (സ. അ.) മുതലായവരെപ്പോലെ ആരെയും ഭയപ്പെടാത്തവരും ആരുടെയും ആദരവിന്നു പാത്രവാന്മാരും ആയിരിക്കേണ്ടതും ആണല്ലൊ. അതെന്തുകൊണ്ടു കാണുന്നില്ല ? മുസ്‌ലിംകൾ നബി(സ)

യെ ഒന്നുകിൽ തുടരുന്നില്ല, അഥവാ തുടരുന്നുണ്ടെങ്കിൽ അതു യഥാൎത്ഥരൂപത്തിലായിത്തീരുന്നില്ല എന്നുവേണം കരുതുവാൻ.

നബി (സ. അ.) എപ്രകാരം വസ്ത്രം ധരിച്ചുവൊ അപ്രകാരം വസ്ത്രം ധരിക്കുക; നബി (സ. അ.) ഏതു വൎണ്ണത്തിലുള്ള വസ്ത്രം ധരിച്ചുവൊ ആ വൎണ്ണത്തിലുള്ള വസ്ത്രം ധരിക്കുക; ഏതുതരത്തിലുള്ള ഭക്ഷണം കഴിച്ചുവൊ അത്തരത്തിലുള്ള ഭക്ഷണം കഴിക്കുക; എങ്ങിനെ നടന്നുവൊ അപ്രകാരം നടക്കുക; ഏതു ഭാഷ സംസാരിച്ചുവൊ ആ ഭാഷ സംസാരിക്കുക; ഏതു ഭാഷയിൽ വെള്ളിയാഴ്ച ഖുത്തുബ നടത്തപ്പെട്ടുവൊ അതേ ഭാഷയിൽ ഖുത്തുബ നടത്തപ്പെടുക; എങ്ങിനെ മലമൂത്രവിസൎജ്ജനം ചെയ്യുന്നതിന്നിരുന്നുവൊഅപ്രകാരം ഇരിക്കുക; ഇങ്ങിനെനബി (സ. അ.) ഏതേതു പ്രവൃത്തി ഏതു രീതിയിൽ ചെയ്തുവൊ ആ പ്രവൃത്തി അതേ രീതിയിൽ ചെയ്താൽ നബി(സ)യെ തുടരുന്നവരായി എന്നു നാടൻ പണ്ഡിതന്മാർ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ടു്. അപ്രകാരംതന്നെ സ്ഥലത്തിന്നൊ കാലാവസ്ഥയ്ക്കൊ അനുസരിച്ചു വസ്ത്രരീതി ഒന്നു മാറിപ്പോയെങ്കിൽ അതു നബി(സ)യെ തുടരലല്ല, ബിദ്അത്താണെന്നുംമററുംപറയുന്നതുംഞാൻകേട്ടിട്ടുണ്ടു്. ചില കുററങ്ങൾക്കു ഞാൻതന്നെ വിധേയനായിട്ടുമുണ്ടു്. അവർ അങ്ങിനെയെല്ലാം പറയുന്നതു നബി(സ)യോടുള്ള ഭക്തികൊണ്ടാണെങ്കിലും അതൊരന്ധമായ ഭക്തിയെന്നാണു് ചിലപ്പോൾ ആൎക്കും തോന്നിപ്പോകുക. കാരണം

അവർ പറയുന്ന അടിസ്ഥാനത്തിൽ നാം ഇന്നു ചെയ്യുന്ന ഓരോ പ്രവൃത്തിയും നമുക്കു ചെയ്യാൻ സാധിക്കാതെ വരും. നബി (സ. അ.) ബസ്സിലൊ വിമാനത്തിലൊ കയറി സഞ്ചരിച്ചിട്ടില്ലാത്തതുകൊണ്ടു നാമതു ചെയ്യുന്നത് ബിദ്അത്തായിത്തീരും. വെള്ളിയാഴ്ച ഖുത്തുബ നബി (സ. അ.) പരിഭാഷ ചെയ്തിട്ടില്ലാത്തതുകൊണ്ട് നാമതു ചെയ്യുന്നത് അനിസ്ലാമികമെന്നുകൂടി വന്നേക്കാം. എന്നു വെച്ചാൽ നാം ചെയ്യുന്ന ഏതു കർമ്മവും നബി (സ.) ചെയ്തതും ചെയ്തതുപോലെയും ആയിരിക്കുക എന്നും നബി (സ) ചെയ്തിട്ടില്ലാത്തതും ചെയ്തതുപോലെയല്ലാതെയും ചെയ്യരുതെന്നും സാരം. ഇങ്ങിനെ നോക്കുമ്പോൾ നബി (സ. അ.) ജീവിച്ചിരുന്ന കാലത്തുകൂടി ആർക്കും നബി(സ)യെ പൂർണ്ണമായി തുടരുവാൻ സാധിച്ചിരുന്നില്ലെന്നു വന്നേക്കും. ഈ പരിത:സ്ഥിതിയിൽ, പിന്നെങ്ങിനെയാണ് നബി(സ)യെ തുടരേണ്ടതെന്ന ചോദ്യംതന്നെ ഉത്ഭവിക്കുന്നു.

(1) നബി (സ. അ.)യുടെ സംസാരത്തോടു നമ്മുടെ സംസാരം തുടരുക. എന്നുവെച്ചാൽ നബി(സ)ഒരക്ഷരം വല്ലപ്പോഴും സംസാരിച്ചിട്ടുണ്ടെങ്കിൽ അതു അവിടുത്തേക്കും അവിടുത്തെ ബന്ധുമിത്രാദികൾക്കും അയൽപക്കത്തിന്നുതന്നെയും ഗുണകരമായിട്ടുള്ളതു മാത്രമായിരുന്നു. ഇവർക്കാർക്കും ഒരു പ്രകാരത്തിലും ദോഷകരമായിട്ടുള്ള ഒരൊററവാക്കും അവിടുത്തെ ആയുഷ്ക്കാലത്തിലിടയ്ക്കു സംസാരിച്ചിട്ടില്ല. നമ്മുടെ സംസാരവും അത്തരത്തിൽ ആക്കിത്തീർക്കുക. അതായത്, നാം എന്തു സംസാരിക്കു

ന്നുവൊ അതു നമുക്കൊ നമ്മുടെ ബന്ധുമിത്രാദികൾക്കൊ അയൽപക്കക്കാൎക്കൊ നാട്ടിന്നൊ ലോകത്തിന്നുതന്നെയു മൊ ഗുണകരമായിട്ടുള്ളതുമാത്രം ആയിരിക്കുക. ഇങ്ങി നെയായാൽ തീൎച്ചയായും നമ്മുടെ സംസാരം നബിയുടെ സംസാരത്തോടുതുടൎന്നു. മറിച്ചു നബി(സ. അ.) ഉപയോ ഗിച്ച അറബ്ഭാഷ സംസാരിക്കുകയും അതു ജനങ്ങൾക്കാ ക്കെങ്കിലും ഉപദ്രവകരമൊ ദോഷകരമൊ ആയിത്തീരുക യും ചെയ്യുന്നുവെങ്കിൽ നമ്മുടെ സംസാരം നബിയുടെ സംസാരത്തോടു തുടരുന്നില്ല.

(2) അപ്പോലെതന്നെ നബി(സ)യുടെ പ്രവൃത്തിയും. അവിടുന്നു് അവിടുത്തെ ആയുഷ്ക്കാലത്തിൽ ഏതൊന്നു പ്രവൎത്തിച്ചിട്ടുണ്ടൊ അതു അവിടുത്തേക്കും ബന്ധുമിത്രാദി കൾക്കും അയൽപക്കത്തിന്നും നാട്ടിന്നും ലോകത്തിന്നാ കമാനവും ഗുണകരമായതു മാത്രമായിരുന്നു. ഒരു പ്രകാ രത്തിലും ആൎക്കും ദോഷകരമായതു അവിടുന്നു പ്രവൃത്തിച്ചി ട്ടേയില്ല. അപ്പോലെ നാമും എന്തു പ്രവൃത്തിക്കുന്നുവൊ അതു നമുക്കൊ ബന്ധുമിത്രാദികൾക്കൊ അയൽപക്കത്തി ന്നൊ നാട്ടിന്നൊ ലോകത്തിന്നാകമാനമൊ ഗുണകരമാ യതായിരിക്കണം. ഒരിക്കലും ഒരു പ്രകാരത്തിലും മേൽ പറഞ്ഞവൎക്കാൎക്കും ദോഷകരമായിരിക്കരുതു്. അങ്ങിനെ യായാൽ നമ്മുടെ പ്രവൃത്തി നബി(സ)യുടെ പ്രവൃത്തി യോടു തുടൎന്നു.

(3) പിന്നെത്തേതു നബി(സ)യുടെ സ്വഭാവമാണു്. അതെങ്ങിനെയെന്നു നോക്കുക. ഒരിക്കൽ നബി (സ.)

തായിഫ് ദേശത്തിലെ ജനങ്ങൾക്കു സനാതനമായ തത്വോപദേശം ചെയ്യുമ്പോൾ അവർ നബി(സ)യുടെ ദേഹത്തിൽ നിഷ്ക്കരുണം കല്ലെറിയുകയുണ്ടായി. ഏറ് കൊണ്ട ഭാഗത്തുനിന്നു രക്തം ചിന്തുമ്പോൾ നബി(സ) യുടെ പ്രാത്ഥന ഇതായിരുന്നു:—ഓ! ദൈവമെ, ഇവർ പാമരന്മാരായതുകൊണ്ടു് എന്നെ അറിയായ്കയിലാണു് ഈ കഠിനകൃത്യം ചെയ്യുന്നതു്. ഈ കുററത്തിന്നു നീ അവരെ ശിക്ഷിക്കരുതെ! അവക്കു മാപ്പ് നല്കേണമെ! എന്നായിരുന്നു. അഹൊ! എത്ര അത്ഭുതകരമായ സംസ്കാരം! ഇതായിരുന്നു നബി(സ)യുടെ സ്വഭാവരീതി. നമ്മുടെസ്വഭാവത്തെയും അത്തരത്തിലാക്കിത്തീക്കുക. മുട്ടോളം താടി നീട്ടുകയും അറബ് ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അയാൾ മററുള്ളവരോടു പ്രതികാരബുദ്ധിയോടുകൂടി വത്തിക്കുന്നുവെങ്കിൽ അദ്ദേഹം നബി (സ)യുടെ സ്വഭാവത്തെ തുടരുന്നില്ല, തീച്ച.

(4) നബി(സ)യുടെ രഹസ്യമാണു്. നബി(സ)യുടെ രഹസ്യം ഏതു വേളയിലും മനസ്സിനെ സദ്വിഷയത്തിലും ബ്രഹ്മത്തിങ്കലും നിത്തുകയായിരുന്നു. അല്ലാതെ എനിക്കു സമ്പത്ത് വദ്ധിപ്പിക്കേണമെന്നൊ മേധാവിത്വം കിട്ടേണമെന്നൊ മററൊ ഉള്ള കായ്യമായിരുന്നില്ല. അപ്പോൾ നാമും നമ്മുടെ മനസ്സിനെ ഏതു വേളയിലും സദ്വിഷയത്തിലും ബ്രഹ്മത്തിങ്കലും നിത്താൻ ശ്രമിക്കുക. ഇങ്ങിനെ ചെയ്താൽ നമ്മുടെരഹസ്യം നബി(സ)യുടെ രഹസ്യത്തോടു തുടന്നു. നബി (സ) ഒരിക്കൽ ഇപ്രകാരം

അരുളിച്ചെയ്തു :—(1) അശ്ശരീഅത്തു അഖ്‌വാലി (2) അത്തരീഖത്തു അഫ്ആലി (3) അൽഹഖീഖത്തു അഹ് വാലി (4) അൽമഅ്‌രീഫത്തു അസ്രാരീ. അതായത്, (1) ശരീഅത്തെന്നതു് എന്റെ സംസാരവും (2) തരീഖത്തു എന്നതു എന്റെ പ്രവൃത്തിയും (3) ഹഖീഖത്തെന്നതു എന്റെ സ്വഭാവവും (4) മഅ്‌രീഫത്തെന്നതു എന്റെ രഹസ്യവുമാണു്. ഈ അടിസ്ഥാനത്തിൽ നാം നബിയെ തുടരേണ്ടതു (1) ശരീഅത്തോടും (കർമ്മയോഗം) (2) തരീഖത്തോടും (ഭക്തിയോഗം)(3) ഹഖീഖത്തോടും (രാജയോഗം) (4) മഅ്‌രീഫത്തോടു (ജ്ഞാനയോഗം)മാണു്. അങ്ങിനെയായിത്തീരുമ്പോൾ മാത്രമെ ഒരു മനുഷ്യവ്യക്തി നബി(സ)യുടെ പൂർണ്ണഅനുയായിത്തീരുകയുള്ളൂ. എന്നി പ്രകാരമാണു് ചില ആത്മീയ ഗുരുക്കന്മാർ ഉപദേശിക്കുന്നതു്.

മേൽ വിവരിച്ചവിധം ഓരോ മനുഷ്യവ്യക്തിയും പ്രവൃത്തിക്കുകയാണെങ്കിൽ അനുലോകം സ്വർഗ്ഗമായി മാറുകയില്ലെ ? അവിടെ വെച്ചും ഇവിടെ വെച്ചും അതിന്റെയും ഇതിന്റെയും പേരിൽ പോരടിക്കുന്ന മൌലവി മുസ്ല്യാന്മാർ ഇതെല്ലാം ഒന്നു ക്ഷമയോടുകൂടിഗ്രഹിച്ചു ജീവിതം നയിക്കുകയാണെങ്കിൽ അവരായിരിക്കും സമുദായത്തിന്റെ യഥാർത്ഥ മുർശിദുകൾ എന്നു പറഞ്ഞുകൊണ്ടു് ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

ഹഅല്ല;

4

# മിഅ്റാജ്—പ്രേമസോപാനം

ലോകത്തിന്നാകമാനം ആശ്വാസപ്രദരായും, ലോകൈക ഗുരുവായും, അന്ത്യപ്രവാചകരായും അവതരിച്ച മുഹമ്മദ്നബി (സ. അ.)യുടെ ജീവചരിത്രം ആവത്തിച്ചാവത്തിച്ച പാരായണം ചെയ്യുന്നതിന്നും, കഴിവനുസരിച്ച് ദാനധമ്മങ്ങൾ ചെയ്യുന്നതിന്നും ഉപകരിക്കുന്ന ഒരു മാസമാണ് റബീഉൽ അവ്വൽ. തിരുനബിയുടെ ജീവിതത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണ് മിഅ്റാജ്. അതുകൊണ്ടു് നബിദിനം കൊണ്ടാടുന്ന ഈ മാസത്തിൽ മിഅ്റാജിനെക്കുറിച്ച് പറയുന്നതു് ഒട്ടും അനുചിതമല്ല.

മുസ്ലിംകൾ പ്രധാനമായി കരുതിവരുന്ന സുദിനങ്ങളിൽ ഒന്നാണ് മിഅ്റാജ് ദിനം. അറബി മാസങ്ങളിൽ ഏഴാമത്തേതായ റജബ് 27-ാംനു-യാണ് പ്രസ്തുത ദിനം ആചരിക്കപ്പെട്ടുന്നത്. വലിയ പെരുന്നാൾ,

ചെറിയ പെരുന്നാറം, നബിദിനം മുതലായ സുദിന ങ്ങറം മനുഷ്യരെ മഹത്തരങ്ങളായ ചില സംഭവങ്ങളെ അനുസ്മരിപ്പിക്കുകയും അതുവഴി അവരെ ത്യാഗോത്സുക രാക്കിത്തീക്കുകയും ചെയ്യുന്നതിന്നുപകരിക്കുന്നു. അതു പോലെ അതിപ്രധാനമായ മറെറാരു സംഭവത്തെ അനു സ്മരിപ്പിക്കുകയും തദ്വാരാ മനുഷ്യാത്മാവിന്നു അതിൻെറ പൂണ്ണവളച്ച് പ്രാപിക്കാൻ സാധിക്കുമെന്നുള്ള മഹത്തായ പാഠം പഠിപ്പിക്കുകയും ചെയ്യുന്നതിന്നുപകരിക്കുന്ന ഒരു പുണ്യാൽപുണ്യദിനമാണ് മിഅ്റാജ്. പക്ഷെ, മുസ് ലിം സാമാന്യജനങ്ങറം ഈ മഹൽദിനം അതർഹിക്കുന്ന ഗൌരവത്തോടെ ആചരിക്കുന്നതായി കാണാറില്ല.

റജബ് മാസം 27ന്നാണ് തിരുനബി (സ. അ.) ഭൂലോകത്തിൽനിന്നു പുറപ്പെട്ട് ഏഴ ആകാശങ്ങളെയും കടന്നു അവിടെ നിന്നും 'സിദറത്തുൽമുന്തഹാ' എന്ന സ്ഥാനത്തുവെച്ച് അല്ലാഹുതആലയുമായി (പരബ്രഹ്മവു മായി) സംഭാഷണം ചെയ്തു വീണ്ടും ഭൂമിലോകത്തേക്കു മടങ്ങിയെത്തിയത്. ലേഖനദൈൎഘ്യം ഭയന്നു ഖാബ ഖൌസൈനി എന്ന സ്ഥാനവും അതിൽ പിന്നെയുള്ള വിവിധവൎണ്ണങ്ങളിലുള്ള സമുദ്രങ്ങളും ബഹുവിധ ഹിജാ ബുകളും മററുമെല്ലാം സിദറത്തുൽമുന്തഹായുടെ മേലഗ്ര ങ്ങളാണെന്നതുകൊണ്ടു് അവയെപ്പററിയൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. അതുപോലെതന്നെ അഞ്ചു വിധ ത്തിലുള്ള വാഹനങ്ങളുണ്ടെങ്കിലും ബുറാഖൊഴിച്ചു ബാ ക്കിയുള്ള നാലു വാഹനങ്ങളുടെയും സൂചന ബുറാഖി

ൻെറ മേലൽഭാഗമായ ചിറകുള്ള മനുഷ്യരൂപത്തിൽ അന്തർഭവിച്ചിരിക്കയാൽ ബാക്കി നാലു വാഹനങ്ങളെക്കുറിച്ചും ഇവിടെ വിസ്തരിക്കുന്നില്ല. വാനമണ്ഡലങ്ങളിൽ കൂടി അല്ലാഹുവിൻെറ തിരുസന്നിധിയിലേക്കുള്ള നബി (സ)യുടെ പ്രയാണത്തിന്നാണ് 'മിഅ്റാജ്' എന്നു പറയപ്പെടുന്നതു്. 'മിഅ്റാജ്' എന്ന അറബി പദത്തിന്നു 'ഏണി' എന്ന അർത്ഥമുള്ളതുകൊണ്ടും പ്രയാണം അല്ലാഹുവിങ്കലേക്ക് (ബ്രഹ്മത്തിങ്കലേക്കു) ആയതുകൊണ്ടും 'മിഅ്റാജി'നെ 'ബ്രഹ്മസോപാനം എന്നു ഭാഷപ്പെടുത്താം. മിഅ്റാജിനെക്കുറിച്ച് ഖുർ-ആൻ ശരീഫിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. മാർഗ്ഗമദ്ധ്യേ നബി (സ. അ.) കണ്ടതായി മററു് ചില ഗ്രന്ഥങ്ങളിൽ പറയപ്പെടുന്ന അത്ഭുതങ്ങൾ ഇവിടെ വിസ്തരിക്കുക സാദ്ധ്യമല്ല. നബിതിരുമേനികൾ അതിവിദൂരമായ മേപ്പടി യാത്രചെയ്തു മടങ്ങിയെത്താൻവേണ്ടി വന്ന സമയം ചില മണിക്കൂറുകൾ മാത്രമാണു്. യാത്രക്കുപയോഗിച്ചിരുന്ന വാഹനം സ്വർഗ്ഗത്തിൽനിന്നു അല്ലാഹുവാൽ അയക്കപ്പെട്ടതായി പറയപ്പെടുന്ന മേലൽഭാഗം. രണ്ടു ചിറകുള്ള മനുഷ്യരൂപവും കീഴൽഭാഗം നാലുകാലും ഒരു വാലുമുള്ള മൃഗരൂപവും ചേർന്ന 'ബുറാഖ്' എന്നു വിളിക്കപ്പെടുന്ന ഒരു ജീവിയെയാണു്. ഈ ദിവ്യജീവിക്കു മനോവേഗതയിൽ പറക്കുവാൻ കഴിയുമെന്നാണു് വിശ്വസിക്കപ്പെടുന്നതു്. മനോവേഗതയിൽ പറക്കുവാൻ കഴിയുന്ന ഒരു വാഹനത്തിലേറി ക്ഷണനേരത്തിലകത്തു് എത്ര ദൂരമെങ്കിലും

പോയി മടങ്ങിയെത്തുവാൻ ഒട്ടും പ്രയാസമില്ലല്ലൊ. അതുകൊണ്ടു്, 'മിഅ്റാജ്‌യാത്ര ജഡശരീരത്തോടുകൂടിയായിരിക്കുകയില്ല' എന്ന ചില പണ്ഡിതാഭിപ്രായം പൊതുവെ സ്വീകരിക്കപ്പെട്ടിട്ടില്ല. കേവലം മനുഷ്യനിർമ്മിതമായ ഒരു സ്ഫുട്നിക്കിന്നു ക്ഷണനേരംകൊണ്ടു് ചന്ദ്രനിലെത്തി മടങ്ങുവാൻ കഴിയുമെങ്കിൽ സർവ്വശക്തനായ അല്ലാഹുവിനാൽ നിർമ്മിതമായ ഒരു വാഹനത്തിന്നു എന്തുകൊണ്ടു് ക്ഷണനേരത്തിലകത്തു് ഏഴു ആകാശങ്ങളുടെ മേലെ പോയി മടങ്ങിയെത്തിക്കൂടാ? എന്നു മദ്ധ്യമാധികാരികൾ ചോദിക്കാറുണ്ടു്.

അഷ്ടൈശ്വര്യസിദ്ധി വരുത്തിയ ഒരു മനുഷ്യവ്യക്തിക്കു എന്തുചെയ്വാനും കഴിവുണ്ടെന്നാണ് വേദാന്തമതവിജ്ഞാനികൾ ഉപദേശിക്കുന്നതായി അറിയപ്പെട്ടുന്നതു്. അപ്പോൾ നബി (സ. അ.) അഷ്ടൈശ്വര്യസിദ്ധി വരുത്തിട്ടുള്ള ഒരു വ്യക്തിയെങ്കിൽ അത്തരമൊരുവാഹനത്തിൻെറ സഹായമില്ലാതെതന്നെ ജഡശരീരത്തോടുകൂടിയായാലുംശരി മേപ്പടി യാത്ര ചെയ്യുവാൻ സാധിക്കുമെന്നുള്ളതിന്നു സംശയമില്ല. നബി (സ. അ.) ഒരിക്കൽ പൂർണ്ണചന്ദ്രനെ തൻെറ അരികിൽ വിളിച്ചു വരുത്തുകയും അവിടെ വെച്ചു് രണ്ടു് അർദ്ധാംശങ്ങളായി പിളർന്നു വീണ്ടും ഒന്നായിചേൎന്ന നിലയിൽ പൂർവ്വസ്ഥാനത്തേക്കുതന്നെ മടങ്ങിപ്പോകുവാൻ കല്പിക്കുകയും ചെയ്തതനുസരിച്ചു് ചന്ദ്രൻ പ്രവർത്തിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നുണ്ടു്. ഇതു കാണിക്കുന്നത് നബി (സ. അ.) അഷ്ടൈ

ശപരസിദ്ധിവരുത്തിയ ഒരു വ്യക്തി ആയിരുന്നു എന്നാ ണല്ലൊ? അങ്ങിനെയെങ്കിൽ 'മിഅ്റാജ്'യാത്ര ജഡശരീരത്തോടുകൂടിത്തന്നെയെന്നു വിശപസിക്കുന്നതിൽ എന്തുണ്ട് യുക്തിഭംഗം?

'ബുറാഖ്' എന്ന അറബി പദത്തിന്നു ജ്ഞാനസൂചകമായി ഉപയോഗിക്കാറുള്ള പ്രകാശം എന്ന അത്ഥവും കൂടിയുള്ളതുകൊണ്ടു് നബിയുടെ മിഅ്റാജ് വാഹനം ജ്ഞാനമാണെന്നും യാത്ര കേവലം ആത്മീയമാണെന്നും ഇപ്രകാരം നബി(സ്)ക്കു ജ്ഞാനംമുഖേന ബ്രഹ്മദശ്നം (അല്ലാഹുതആലയുമായുള്ള മുനാജാത്ത്) സാധിച്ചു എന്നതാണ് മിഅ്റാജിൻെറ പൊരുളെന്നും അഭിപ്രായപ്പെടുന്ന ചില ഉത്തമാധികാരികളും ഉണ്ടെന്നു പറയപ്പെടുന്നുണ്ടു്. ഇതുപോലെതന്നെ മിഅ്റാജിനെ ചില ഉത്തമോത്തമ അധികാരികൾ മറെറാരു വിധത്തിലും വ്യാഖ്യാനിക്കുന്നു.

അഖില ബ്രഹ്മാണ്ഡത്തിൻെറ (ആലംകബീറിൻെറ) ഒരു ചെറുപ്രതിരൂപമത്രെ ഒരു മനുഷ്യപിണ്ഡാണ്ഡം (ആലംസഗീർ) ബ്രഹ്മാണ്ഡത്തിൽ 1) നാസൂത്ത് 2) മലക്കൂത്ത് 3) ജബറൂത്ത് 4) ലാഹൂത്ത് 5) ഹാഹൂത്ത് 6) ബാഹൂത്ത് 7) ജാഹൂത്ത് എന്നീ ഏഴ ആകാശമണ്ഡലങ്ങളും അവയുടെ മേലെയായി സദറത്തുൽമുന്തഹാ എന്ന സ്ഥാനവും സ്ഥിതി ചെയ്യുന്നു. അതുപോലെ

മനുഷ്യപിണ്ഡാണ്ഡമായ ജഡത്തിൽ 1) മൂലാധാരം 2) സ്വാധിഷ്ഠാനം 3) മണിപൂരകം 4) അനാഹതം 5) വിശുദ്ധി 6) ആജ്ഞാചക്രം ഇങ്ങിനെ ഷഡാധാരങ്ങളും അവയുടെ മേലെ തുര്യ്യം എന്ന കേന്ദ്രവും ഇങ്ങിനെ 7 മണ്ഡലങ്ങളും ഇതിൻെറയും ഉപരിയായി പ്രണവസ്ഥാവും സ്ഥിതി ചെയ്യുന്നു. അതിനാൽ 7 ആകാശങ്ങളെയും കടന്നു അവയ്ക്കുമേലെയുള്ള സിദ്റത്തുൽ മുന്തഹായിൽ വെച്ച് അല്ലാഹുവുമായി സംഭാഷിച്ചുവെന്നതിന്നു നബി (സ. അ.) അവർകൾ പ്രണവാത്മകനായി എന്നൊ തുര്യ്യാതീതനായി എന്നൊ ബ്രഹ്മജ്ഞാനിയായ എന്നൊ ആണ് മിഅ്റാജിൻെറ ഉൾപൊരുളെന്നു അവർ അഭിപ്രായപ്പെടുന്നു.

മദ്ധ്യമാധികാരികൾ (അവാമുന്നാസ്) ഉത്തമാധികാരികൾ (ഖാസ്സീങ്ങൾ) ഉത്തമോത്തമ അധികാരികൾ (അഖസ്സീങ്ങൾ) തുടങ്ങിയവർ മേൽ പ്രസ്താവിച്ച പ്രകാരം മിഅ്റാജിൻെറ സ്വഭാവത്തെ മൂന്നു വിധത്തിൽ കരുതുന്നുണ്ടെങ്കിലും അവയുടെയെല്ലാം ജീവൽ പൊരുൾ ഒന്നാണ്. അതായത് അഖില ബ്രഹ്മാണ്ഡത്തിൻെറ (ആലംകബീർ) പ്രതിരൂപമായ മനുഷ്യപിണ്ഡാണ്ഡത്തിൽ (ആലംസഗീർ) സ്ഥിതി ചെയ്യുന്ന ബ്രഹ്മപ്രതിബിംബമായ (അല്ലാഹുവിൻെറ മള്ഹർ) ആത്മാവിന്നു അല്ലാഹുവിൻെറ തിരുസന്നിധിയിലേക്കു (പരബ്രഹ്മത്തിലേക്ക്) ഉയരുവാനൊ പറക്കുവാനൊ കഴിയുമെന്നുള്ളതാണ് അത്.

ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നായ അഞ്ചു നേരനമസ്കാരം മിഅ്റാജിൻെറ രാത്രിയിലാണ് കർത്തവ്യമായി നിശ്ചയിക്കപ്പെട്ടത്. നമസ്കാരം സത്യവിശ്വാസികളുടെ മിഅ്റാജാണെന്നു നബി (സ. അ.) അരുളിച്ചെയ്തിട്ടുണ്ട്. നമസ്കാരം അഥവാ ബ്രഹ്മധ്യാനം മുഖേന മിഅ്റാജിൻെറ പദവി ലഭിക്കുമെന്നാണല്ലൊ പ്രസ്തുത നബിവാക്യം പഠിപ്പിക്കുന്നതു്. ആകയാൽ, ഈശ്വര വിശ്വാസികൾ നമസ്കാരം കൃത്യമായും നിഷ്ഠയോടുകൂടിയും നിർവ്വഹിക്കേണമെന്നും ഇതിനുവേണ്ടിയുള്ള ഒരു പ്രചരണദിനമായി മിഅ്റാജ്ദിനം ഉപയോഗപ്പെടുത്തേണ്ടതു് ആവശ്യമാണെന്നും സത്യവിശ്വാസികൾ മനസ്സിലാക്കുന്നതു് ഉപകാരപ്രദമാണ്. യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രം ചിന്തിക്കുന്ന ചില യുവസ്നേഹിതന്മാർ ബുറാഖ്, എന്ന ദിവ്യജീവിയുടെ ആകൃതിയെക്കുറിച്ചും മററും ഇങ്ങിനെ സംസാരിക്കാറുണ്ടു്. "പകുതിഭാഗം ചിറകുള്ള മനുഷ്യൻ ! മറെറ പകുതിഭാഗം നാലുകാലും ഒരു വാലുമുള്ള മൃഗം ! ഇത്തരം വികൃതമായ ജീവികളാണൊ സ്വർഗ്ഗത്തിലുള്ളത് ? അഥവാ ഉണ്ടെങ്കിൽതന്നെ അതിൻെറ ഛായാപടം (ഫോട്ടോ) ആർ, എപ്പോൾ എടുത്തു ? ഇതിനുത്തരമായി ഞാനവരോടു പറയുന്നതിപ്രകാരമാണ് :–"സർവ്വേശ്വരനിലും അവൻെറ ബൃഹത്തായ കഴിവിലും വിശ്വസിക്കുന്ന ഒരു വ്യക്തിയിൽനിന്നും ഇത്തരം ചോദ്യങ്ങൾ ഉണ്ടായിക്കൂടാത്തതാണെന്നാണ്

ഒന്നാമതായി ഞാൻ പറയുക. രണ്ടാമതായി ഗ്രാഹ്യ ശക്തി കുറഞ്ഞ വരും അജ്ഞാനികളുമായ ജനങ്ങളെ ചില നിഗൂഢമായ തത്വങ്ങൾ നിഷ്പ്രയാസം ഗ്രഹിപ്പി ക്കുന്നതിനു സാങ്കല്പികമായ ചില ചിത്രങ്ങൾ ഉപയോ ഗപ്പെടുത്തുന്ന സമ്പ്രദായം ഇന്നത്തെ പരിഷ്ക്കരിച്ച ശാസ്ത്രലോകം അംഗീകരിച്ചതാണല്ലോ. ആ സമ്പ്രദായ മനുസരിച്ച് 'മനുഷ്യൻ ഉയന്നാൽ ഈശ്വരങ്കലേക്കു പറ ക്കുവാൻ കഴിയുന്നവനായി ഉയരുമെന്നും അവൻ അധഃ പതിച്ചാൽ നാലുകലും ഒരു വാലും മാത്രമുള്ള തലയില്ലാ ത്ത മൃഗമായി അധഃപതിക്കുമെന്നുമുള്ള മഹത്തായ തത്വ മാണ് ആ ദിവ്യജീവിയുടെ ആകൃതി പഠിപ്പിക്കുന്ന തെന്നുമാത്രം മനസ്സിലാക്കിയാൽ മതി.'

ഏകദേശം 25 കൊല്ലം മുമ്പ് ഒരു തീവണ്ടിയാത്ര യിൽവെച്ച് യാദൃച്ഛികമായുണ്ടായ ഒരു സംഭവംകൂടി ചുരുക്കിപ്പറഞ്ഞു ഈ ലേഖനമവസാനിപ്പിക്കാം. വണ്ടി യിൽ വെച്ച് ചില ഹിന്ദുയുവാക്കന്മാർ വിഷ്ണുവിൻെറ പൊക്കിളിൽ ചളിയാണെന്നും അതു കൊണ്ടാണതിൽ നിന്നു താമരയുണ്ടായതെന്നും അതിൻെറ തലക്കൽ ബ്രഹ്മാവുണ്ടായി എന്നതു് തനി അസംബന്ധമാണെന്നും പരസ്പരം വിമർശിക്കുകയായിരുന്നു. ഇതു് അസഹ്യമായി ത്തോന്നിയപ്പോൾ ഞാൻ സൌമ്യമായി അവരോടു ചോദിച്ചു "കേട്ടതിനുത്തരം പറഞ്ഞാൽ നിങ്ങൾ എൻെറ നേരെ മുഷിയുമൊ?" "ഇല്ല. ഒരിക്കലും ഇല്ല". എന്നു അവർ പ്രത്യുത്തരം നല്കി. തുടന്നു ഞാ

നവരോടു ഇങ്ങിനെ പറഞ്ഞു :—"വിഷ്ണുവിൻെറ നാഭി യിലല്ലചളി. ചളി നിങ്ങളുടെ തലയിലാണ്. വിഷ്ണു വിൻെറ നാഭിയായി സങ്കല്പിച്ചിരിക്കുന്നതു് മനുഷ്യൻെറ കുണ്ഡലിനിയെയും താമരത്തണ്ടായി സങ്കല്പ ച്ചിരിക്കു ന്നതു അവൻെറ സുഷുമ്ന നാഡിയെയും ആയിരം ദളങ്ങളുള്ള താമരപ്പൂവായും അതിൻ മദ്ധ്യത്തിലിരിക്കുന്ന ബ്രഹ്മാവായും സങ്കല്പിച്ചിരിക്കുന്നതു് അവ ൻെറ ഭ്രൂമദ്ധ്യത്തെയുമാണ്. അതായത്, കുണ്ഡലിനീശക്തി സുഷുമ്നവഴിക്കുയർത്തി ഭ്രൂമദ്ധ്യത്തിൽ നിർത്താൻ കഴിഞ്ഞാൽ അവനു ഈ ശ്വരസാക്ഷാൽക്കാരം അഥവാ 'അഹംബ്രഹ്മ :' എന്ന പദവിയിലെത്താം 'എന്ന അതിഗഹനമായ ആത്മീയ തത്വം നിങ്ങളെപ്പോലെ തലയിൽ ചളിനിറഞ്ഞവരെ എളുപ്പത്തിൽ ഗ്രഹിപ്പിക്കുന്നതിനുവേണ്ടി മന:ശാസ്ത്രസി ദ്ധാന്തമനുസരിച്ചുള്ള ചിത്രങ്ങളാണവ". ഇതു കേട്ടമാ ത്രയിൽ അവർ എല്ലാവരും തങ്ങളുടെ അറിവില്ലായ്മ യിൽ ഖേദിക്കുകയും അസംബന്ധം പറഞ്ഞുപോയതിൽ പശ്ചാത്തപിക്കുകയും ഞാൻ ഒരു മുസൽമാനാണെന്നുകൂടി അറിഞ്ഞപ്പോൾ അവർ ലജ്ജിക്കുകയും ചെയ്തു. പിന്നീ ട് വളരെ സ്നേഹഭാവത്തിലാണവർ എന്നോടു യാത്ര പറഞ്ഞു പിരിഞ്ഞതു്. ഞാനിപ്പോഴും ആ സംഭവം വ്യ ക്തമായി ഓർക്കുന്നു. ഏതു മതക്കാരായാലും മതഗ്രന്ഥ ങ്ങളിലെ തത്വങ്ങളൊ മതാചാര്യന്മാരുടെ ആശയങ്ങ ളൊ ഗ്രഹിക്കാതെയുള്ള വിമർശനങ്ങൾ അബദ്ധവും പല പ്പോഴും അസംബന്ധവുമാവും.

അതുകൊണ്ടു് ശരിയായ മാർഗ്ഗങ്ങളിൽകൂടി യഥാർത്ഥ ജ്ഞാനം നേടുവാൻ ശ്രമിക്കുകയെന്നല്ലാതെ വാദത്തിന്നു വേണ്ടിമാത്രം യുക്തിവാദം ചെയ്യുകയെന്നുള്ളത് ഒരിക്കലും ശുഭകരമല്ലെന്നു മനസ്സിലാക്കേണ്ടതാണു്.

ഋഷ അല്ല : = ഓം ബ്രഹ്മ :

## 5

# റാത്തീബ്

ഒന്നോ അതിലധികമൊ ആളുകൾ ചേൎന്നിരുന്നു, ചിലപ്പോൾ നിന്നുകൊണ്ടും, ഭക്തിപൂൎവ്വം നടത്തിവരുന്ന ഒരു പുണ്യകൎമ്മമാണു് റാത്തിബ്. റാത്തിബ് എന്ന അറബിപദം ക്രമേണയുള്ള പ്രയോഗത്തിൽ റാത്തീബായിത്തീൎന്നു എന്നതാണു് അറബിഭാഷാ പണ്ഡിതന്മാരുടെ അഭിപ്രായം. തുടൎച്ചയായി ചെയ്തുവരുന്നതു് അല്ലെങ്കിൽ പതിവാക്കിയതു് എന്നാണു് 'റാത്തിബ്' എന്ന പദത്തിന്നൎത്ഥം.

മുഹിയിദ്ദീൻ റാത്തീബ്, രിഫാഈൻ റാത്തീബ്, ശാദുലിറാത്തീബ്, ഹദ്ദാദ്റാത്തീബ്, അൽവാൻറാത്തീബ് മുതലായവയാണു് ഇവയിൽ പ്രധാനമായി അറിയപ്പെടുന്നതു്. ഇവയുടെ മുമ്പിലുള്ള മുഹിയിദ്ദീൻ, രിഫാഈൻ, ശാദുലി, ഹദ്ദാദ്, അൽവാൻ എന്നീ പദങ്ങൾ 'റാത്തീബ്' എന്ന പുണ്യകീൎത്തനം പതിവാക്കിവന്ന,

ആത്മജ്ഞാനികളും ഗുരുശ്രേഷ്ഠന്മാരുമായ മുഹിയിദ്ദീൻ ശൈഖ്, രിഫാഇൗൻശൈഖ്, ശാദുലിശൈഖ്, ഹദ്ദാദ് ശൈഖ്, അൽവാൻശൈഖ് (൧) മുതലായവരുടെ പേരുകളാണു്. അപ്പോൾ മുഹിയിദ്ദീൻശൈഖ് പതിവാക്കിയത്, രിഫാഇൗൻശൈഖ് പതിവാക്കിയതു് എന്നൊക്കെയാണു് മേൽ റാത്തീബുകളുടെ മുഴവൻ പേരിന്നൎത്ഥം.

ഈയുള്ളവൻ ഒരു ബാലനായ കാലത്തു മാതാപിതാക്കന്മാരുടെ കല്പന പ്രകാരം ചിലപ്പോൾ ഏകനായും മററു ചിലപ്പോൾ ആളുകളോടുകൂടിച്ചേൎന്നും മുൻപറഞ്ഞ റാത്തീബുകൾ ഭക്തിപൂൎവ്വം നടത്തിവന്നിട്ടുണ്ടു്. എന്നാൽ, ചിന്താശീലം വളൎന്നുവന്നപ്പോൾ ഇത്തരം റാത്തീബുകൾ നടത്തി വരുന്നതെന്തിന്നു ? അതുകൊണ്ടു സാധിക്കുന്നതെന്തു ? എന്നീ ചോദ്യങ്ങൾ സ്വയം ഉയിരെടുത്തു. അങ്ങിനെ റാത്തീബുകൾ നടത്തിവരുന്ന വൃദ്ധന്മാരായ സാധാരണക്കാരോടും, മററു ചില പണ്ഡിതന്മാരോടും ഇതെപ്പററി ചോദിച്ചുനോക്കി. "വളരെ പുണ്യമുള്ള ഒരു കാൎയ്യമായതുകൊണ്ടും, ചില ഉദ്ദേശ്യകാൎയ്യങ്ങൾ സാധിപ്പിക്കുന്നതിന്നുവേണ്ടിയും ഞങ്ങളതു ചെയ്തുവരുന്നു." എന്നു സാധാരണക്കാരും, പണ്ടു്പണ്ടേ നടത്തിവരുന്ന പുണ്യമുള്ള ഒരു കാൎയ്യമാണതെന്നു" പണ്ഡിതന്മാരും "അത്തരം റാത്തീബുകൾ ചൊല്ലിവരുന്നത് ബിദ്അത്താണെന്നു" വേറെ ചിലരും പറഞ്ഞു. പക്ഷെ, ഈയുള്ളവൻ ഒരു മതപണ്ഡിതനല്ലാത്തതുകൊണ്ടു്, ബിദ്

അത്താണെന്ന അഭിപ്രായം പാടെ നിഷേധിക്കുവാനും, ഏതു കാൎയ്യവും ശാസ്ത്രീയമായി വീക്ഷിക്കുന്ന ഒരു ശീലം ഈയുള്ളവനുള്ളതുകൊണ്ടു് സാധാരണക്കാരുടെ അഭിപ്രായം അപ്പടി സ്വീകരിപ്പാനും സാധിച്ചില്ല.

ഏതായാലും ഇത്തരം കൎമ്മങ്ങൾ ആദ്യമായി പതിവാക്കിയത്, ഈശ്വരാനുരാഗികളും ആത്മജ്ഞാനികളുമായിരുന്ന മുഹിയിദ്ദീൻ ശൈഖ്, അഹ്മദുൽകബീർ, അബുൽഹസൻ ശാദുലി, അബ്ദുല്ലാഹിൽഹദ്ദാദ്, അഹ്മദിബ്നുഅൽവാൻ (൧) മുതലായവരാണല്ലൊ. ഇവരാരുംതന്നെ ഇന്നുള്ളവരെപ്പോലെ ഇഹലോകവിഷയത്തിന്നു പരലോക വിഷയത്തേക്കാൾ പ്രാധാന്യം കല്പിച്ചവരായിരുന്നില്ല. അതുകൊണ്ടു്, പരലോകത്തെ സംബന്ധിക്കുന്ന എന്തൊ ചില മഹത്തായ കാൎയ്യങ്ങൾ സമ്പാദിക്കുകയായിരിക്കണം അവരുടെ റാത്തീബുകൎമ്മം കൊണ്ടുള്ള ഉദ്ദേശ്യമെന്നു ഈയുള്ളവൻ മനസ്സിലാക്കി. ഈ അടിസ്ഥാനത്തിൽ റാത്തീബുകളിൽ ചൊല്ലിവരാറുള്ള അൎത്ഥം മനസ്സിലാക്കുവാനും ശ്രമിക്കുകയുണ്ടായി. ഓരോ റാത്തീബിലുമുള്ള എല്ലാ ദിക്കറുകളുടെയും അൎത്ഥം ഇവിടെ വിവരിക്കുന്നില്ല. എന്നാൽ ഏകദേശം എല്ലാ റാത്തീബിലെയും ദിക്കറുകൾ മൊത്തത്തിൽ അല്ലാഹുവിന്റെ (ബ്രഹ്മത്തിന്റെ) വിവിധ നാമങ്ങളും, അവന്റെ മഹത്വവും, സൎവ്വജ്ഞതയും, ബൃഹത്തായ ശക്തിയും, പരിശുദ്ധതയും, കാരുണ്യവും, സൎവ്വവ്യാപകത്വവും

സൃഷ്ടിയും അവനും തമ്മിലുള്ള ബന്ധവും കുറിക്കുന്നവയാണെന്നു ഈശ്വരവിശ്വാസികൾക്കു ബോദ്ധ്യമായി. ഇങ്ങിനെ ഈശ്വയുള്ളവന്നു മനസ്സിലാക്കാൻ സാധിച്ചതും മഹത്തായി തോന്നിയതുമായ ചില കാര്യങ്ങൾ പറയാം.

1. സുന്ദരിയായ ഒരു സ്ത്രീയിൽ അനുരക്തനായ ഒരാൾ അവളുടെ അഭാവത്തിൽ, അവളുമായി അകന്നിരിക്കുവാൻ കഴിയാത്തതുകൊണ്ടു്, അവളുടെ ഗുണഗണങ്ങൾ പറഞ്ഞു് കൊണ്ടേയിരിക്കുന്നു. അങ്ങിനെ അദ്ദേഹം അവളുമായുള്ള അനുരാഗബന്ധത്തിൽ നിന്നു വേർപ്പിടാതെ, നിലക്കൊള്ളുന്നു. ഇതുപോലെ ഈശ്വരാനുരാഗികളായ ഭക്തന്മാർ തങ്ങളുടെ അനുരാഗബന്ധം നിലനിറുത്തിപ്പോരാൻ അവൻെറ വിവിധ നാമങ്ങളും ഗുണഗണങ്ങളും കീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു.

2. ഏതെങ്കിലും ഒരു കാവ്യശകലമൊ, മറ്റേതെങ്കിലും വാക്യങ്ങളൊ മനഃപാഠമാക്കുന്നതിന്നു ഒരാൾ അതു വളരെ പ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ടു്. വളരെ പ്രാവശ്യം ആവർത്തിച്ചു കഴിയുന്നതോടെ അതു അദ്ദേഹത്തിന്നു മനഃപാഠമാകുകയും ചെയ്യുന്നു. എന്നുവെച്ചാൽ അവ അദ്ദേഹത്തിൻെറ മനസ്സിൽ ദൃഢമായി ഊന്നിപ്പിടിക്കുന്നു. ഇതുപോലെ ഒരാൾ ഈശ്വരനാമങ്ങൾ ആവർത്തിച്ചാവർത്തിച്ചു പല പ്രാവശ്യം ഉരുവിടുന്നതുമൂലം അവ അദ്ദേഹത്തിൻെറ ഉൾമനസ്സിൽ (Sub-conscious mind) ദൃഢമായി ഉറച്ചുകിടക്കുന്നു. മനസ്സിൽ ഈശ്വരനാമം പ്രതിഷ്ഠിക്കപ്പെട്ട ഒരു മനുഷ്യൻ എല്ലാ

ഘട്ടത്തിലും ഈശ്വരഹിതത്തിന്നനുസരിച്ചു മാത്രമേ പ്രവൎത്തിക്കുകയുള്ളു. പുരാണത്തിൽ, ഈശ്വരകല്പനയെ അക്ഷരംപ്രതി അനുസരിക്കുവാനുള്ള സന്നദ്ധത അവനിൽ സംജാതമാകുന്നു. 'ശരീരത്തിൽ ഒരു കഷ്ണം മാംസമുണ്ടു്. അതു നന്നായാൽ അവൻ നല്ലവനായി; അതു ചീത്തയായാൽ അവൻ മുഴുവൻ ചീത്തയായി' എന്നു നബി (സ. അ.) അരുളം ചെയ്തതു ഇവിടെ പ്രസ്താവ്യമാണു്.

3. ഗാഢമായ ഉറക്കം, അതിക്രമിച്ച പനി, ചിത്തഭ്രമം മുതലായവയാൽ ഒരാൾ ബോധരഹിതനാകുമ്പോൾ എന്തൊക്കെയൊ ഉരുവിടുന്നതു അദ്ദേഹത്തിന്റെ ഉൾമനസ്സിൽ സ്ഥലംപിടിച്ച വിഷയങ്ങളാണല്ലോ. ഇതു പലക്കും അനുഭവമുള്ള കാൎയ്യമാണു്. ഇതുപോലെ മരണശയ്യയിൽ മാനസീകവും ശാരീരികവുമായ ബഹുവിധവേദനാധികൃത്താൽ ഒരാൾ ബോധരഹിതനാകുന്നു. ആ സന്ദൎഭത്തിൽ അവൻ തന്റെ ഉൾമനസ്സിൽ ബ്രഹ്മനാമം പ്രതിഷ്ഠിക്കപ്പെട്ടവനാണെങ്കിൽ 'അൽല്ല:' എന്നു പറയുകയൊ കരുതുകയൊ ചെയ്യാൻ സാധിക്കുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ മരണം സമാധാനത്തോടുകൂടിയ മരണമായിത്തീരുന്നു. ശരീഅത്തുനിയമങ്ങൾ അക്ഷരംപ്രതി അനുസരിക്കുകകൂടി ചെയ്യുന്ന ഒരാൾക്കു മാത്രമേ, ഈവിധത്തിലുള്ള മരണം ലഭിക്കുകയുള്ളു എന്നു പ്രത്യേകം പറയേണ്ടതുമില്ല.

4. ആയിരമായിരം പ്രാവശ്യം ബ്രഹ്മനാമം ഉരുവിടുന്നതുകൊണ്ടു് അവന്നു ഏകാഗ്രത, തന്നെത്താൻ മറ

ക്കാനുള്ള കഴിവു്, ഈശ്വരദർശനം മുതലായ മഹത്തായ കാര്യങ്ങൾ കൈവരുന്നു. അതു എങ്ങിനെയെന്നു ഇവിടെ വിവരിക്കുക സാദ്ധ്യമല്ല. അതു അനുഭവത്തിൽക്കൂടി അറിയേണ്ടതാണ്.

ശരീരത്തെ എന്നും അരോഗദൃഢമാക്കുന്നതിന്നായി ഒരാഴ്ചയിൽ രണ്ടുപ്രാവശ്യമൊ, നിത്യേനയൊ അഭ്യംഗം ആചരിക്കുന്നതും, കായികാഭ്യാസവിദഗ്ദ്ധന്മാരാൽ ക്രമീകരിക്കപ്പെട്ട ഏതെങ്കിലും അഭ്യാസം ശീലിക്കുന്നതും എപ്രകാരം ഒരു നല്ല കാര്യമാണൊ, അതിലും ആയിരമായിരം മടങ്ങു നല്ല കാര്യമാണ് ഹൃദയത്തെ (മനസ്സിനെ) എപ്പോഴും അല്ലാഹുവിൽ (ബ്രഹ്മത്തിങ്കൽ) നിറുത്തുന്നതിന്നായി റാത്തീബ് മുതലായ കാര്യങ്ങൾ അനുഷ്ഠിക്കുന്നതും.

ഫ്ഫ അൽല്ല:

## 5 (തുടർച്ച)

# റാത്തീബ്

മേൽതലക്കെട്ടിലെ എൻെറ ലേഖനം മെയി മാസത്തെ ചിന്തകനിൽ, ജ: കെ. കെ. ജമാലുദ്ദീൻ മൌലവി സാഹിബിനാൽ വിമർശിക്കപ്പെട്ടുകണ്ടു. രിഫായിൻ റാത്തീബിലെ ആഹ്, ഹാഹം, ഹീഹം, ഹാഹുഹീ, ലാലാ, ഇല്ലാ, ഇല്ലാ, അല്ലാ, അല്ലാ എന്നീ ദിക്റുകളുടെ അർത്ഥം ആവശ്യപ്പെടുന്ന ഭാഗം ഒഴിച്ചു, വിമർശനത്തിലെ ബാക്കി ഭാഗങ്ങളെല്ലാം, എൻെറ ലേഖനത്തെ സംബന്ധിച്ചേടത്തോളം തീരെ അനാവശ്യവും, അസ്ഥാനത്തും, മാന്യ വായനക്കാരെ തെററിദ്ധരിപ്പിക്കുന്നതിന്നുമാത്രം ഉതകുന്നതുമായിപ്പോയി എന്നു പറയേണ്ടിവന്നതിൽ പരിതപിക്കുന്നു.

മുസ്ലിംകളിൽ ചിലർ 'റാത്തീബ്' എന്ന പേരിൽ ചൊല്ലിവരുന്ന ദിക്റുകൾക്ക് 'റാത്തീബ്' എന്ന പേർ എങ്ങിനെ സിദ്ധിച്ചുവെന്നും, അവ ചൊല്ലിവരു

ന്നതുകൊണ്ടുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്നും ശാസ്ത്രീയമായും യുക്തിയുക്തമായും വ്യക്തമാക്കുകയായിരുന്നു എന്റെ ലേഖനത്തിലെ കഴമ്പും കാതലും. 'റാത്തീബ്' എന്ന പുണ്യകർമ്മത്തിന്നുള്ള പ്രാധാന്യം എത്രമാത്രമാണെന്നു ഒടുക്കത്തെ ഖണ്ഡികയിൽ ഉദാഹരണസഹിതം ഞാൻ വ്യക്തമാക്കീട്ടുമുണ്ട്.

ബഹുമാന്യനായ ജലാലുദ്ദീൻ സാഹിബിനെപ്പോലെയുള്ളവരുടെ മതപ്രസംഗങ്ങൾവഴി, റാത്തീബും അതുപോലെയുള്ള മററുകാര്യങ്ങളും നിർവ്വഹിച്ചുവരുന്നതു് കേവലം ബിദ്അത്താണെന്നു അഭ്യസ്തവിദ്യരും അല്ലാത്തവരുമായ യുവാക്കന്മാർ ധരിച്ചുപോയിരുന്നു. അതിനെ ദൂരീകരിക്കാൻ എന്റെ ലേഖനം സമർത്ഥവുമായിരുന്നു. എന്നാൽ വിമർശനത്തിൽ അത്രയധികം എഴുതുവാൻ ലേഖകന്റെ ഒരു സങ്കല്പമാണ് കാരണമെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടു്. അതെ, എന്തെങ്കിലും സങ്കല്പിക്കുകയും എന്നിട്ടു് തനിക്കു മനഃപ്പാഠമല്ലാത്തതെല്ലാം അങ്ങു പുറത്തുവിടുകയും ചെയ്യുന്ന ഒരുതരം മൌലവിമാരെ എനിക്കു നല്ല പരിചയമുള്ളതുകൊണ്ടു്, ജമാലുദ്ദീൻ സാഹിബിനോടു എനിക്കൊട്ടും പരിഭവമില്ല.

'ദിക്ക്ർ'ചെയ്യുന്ന കാര്യത്തിൽ ഖുർ-ആനും സുന്നത്തും മഹത്തായ സ്ഥാനം കല്പിച്ചിരിക്കുന്നു എന്ന വസ്തുത സാധാരണക്കാരനായ മുസൽമാന്നുകൂടി അറിവുള്ളതുകൊണ്ടാണ്, മുൻലേഖനത്തിൽ 'ദിക്കുറുകൾക്കു ഖുർ-

ആനും സുന്നത്തും കല്പിക്കുന്ന സ്ഥാനത്തെപ്പററി ഞാൻ സ്പൃശിക്കാതിരുന്നതു്. ഇപ്പോൾ ഒരു ബദ്ധാമൌലവി കളുകൂടി അക്കാര്യം അറിഞ്ഞുകൂടെന്നു വിമർശനത്തിൽനിന്നു മനസ്സിലാകുന്നതുകൊണ്ടു് അതേപ്പററി അല്പമൊന്നു സൂചിപ്പിക്കാം.

'റാത്തീബു്' എന്ന പേരിൽ നടത്തിവരുന്ന ദിക്കു്റുകൾ ഖുർ-ആനിന്നും സുന്നത്തിന്നും വിരുദ്ധമാണെന്നു ബഹുമാന്യവിമർശകൻ കരുതുന്നു. അതിലേക്കു തെളിവായി, മുഹ്‌യിദ്ദീൻ ഗുരുവിൻെറ ഫുത്തുഹുൽഗൈബ് 36-ാം സൂക്തത്തിലെ വാക്യങ്ങൾ അദ്ദേഹം എടുത്തുദ്ധരിക്കുകയും ചെയ്യുന്നു.

'സത്യവിശ്വാസികളെ! നിങ്ങൾ അൽല്ലാഹുവിന്നു അധികരിച്ച ദിക്കു്ട്ടു്റായിട്ടു് ദിക്കു്ർചെയ്തുകൊൾവിൻ' എന്നു ഖുർ-ആൻ ആജ്ഞാപിക്കുന്നു. ഇവിടെ 'അധികരിച്ച ദിക്കു്റായിട്ടു്' എന്നു പറഞ്ഞതിൻെറ വിവക്ഷയെന്താണ്? "അല്ലാഹു നിർബ്ബന്ധമാക്കിയ ഇബാദത്തുകൾക്കെല്ലാം ഒരു പരിധിയുണ്ടു്. എന്നുവെച്ചാൽ, ഇന്ന ദിവസം, ഇന്ന സമയം, ഇത്ര എന്നെല്ലാമുള്ള അതിരും നിശ്ചയവുമുണ്ടു്. ചിലപ്പോൾ, ചില കാരണങ്ങളാൽ അവ മുടങ്ങിയെന്നും വരാം. എന്നാൽ, ദിക്കു്റുകൾ എന്നു പറഞ്ഞാൽ ഇന്ന ദിവസമെന്നോ, ഇന്ന സമയത്തെന്നോ ഇത്രയെന്നോ ഒരതിരില്ലാത്തതാകുന്നു. അതുകൊണ്ടു് എല്ലാസമയത്തും-നില്ക്കുമ്പോഴും ഇരിക്കുമ്പോഴും,

കിടക്കുമ്പോഴും, രാവിലും പകലിലും സുഖത്തിലും സുഖക്കേടിലും.—ദിക്ക്ർ ചെയ്യുകൊറം വിൻ് എന്നു ബഹുമാനപ്പെട്ട ഇബ്നു അബ്ബാസ് (റ) തഫ്സീർ ബഗ്വിയിൽ വ്യാഖ്യാനം നല്കുന്നു.

ഇനി, ഇവ്വിഷയകമായി തിരുനബി (സ. അ.) എന്തു കല്പിക്കുന്നു എന്നു നോക്കുക. ഖിയാമം നാളിൽ അല്ലാഹുവിൻെറ പക്കൽ ഏററവും പദവി (ദറജ) ആക്കണെന്നു നബിതിരുമേനിയോട്ട് സഹാബികളിൽ ചിലർ ചോദിച്ചതിന്നു 'അല്ലാഹുവിന്നു അധികരിച്ച ദിക്ക്ർ ചെയ്യുന്നവരാണെന്നാണ്. അവിടുന്ന് ഉത്തരവിട്ടതു്. അല്ലാഹുവിൻെറ വഴിയിൽ യുദ്ധംചെയ്തു രക്തസാക്ഷ്യം വഹിക്കുന്നവരൊ? എന്നു സഹാബികൾ വീണ്ടും ചോദിച്ചപ്പോൾ, അവരേക്കാളും പദവി ദിക്ക്ർ ചെയ്യുന്നവക്ക് തന്നെയാണെന്നു അവിടുന്നു വീണ്ടും പറഞ്ഞു. ഈ വസ്തുത അബീയസീദിൽഖിദ്രീ (റ) എന്നവരെക്കുറിച്ചു കിത്താബുത്തുർമതിയിൽ രിവായത്ത് ചെയ്യപ്പെട്ടിട്ടുണ്ടു്. ദിക്ക്ർ ചെയ്യുവനും ചെയ്യാത്തവനും തമ്മിലുള്ള അന്തരം, ജീവിച്ചിരിക്കുന്നവനും മയ്യത്തും പോലെയാണെന്നും നബി (സ.അ.) കല്പിച്ചതായി അബീമൂസൽഅശ്അരി (റ) എന്നവരെക്കുറിച്ച് സഹീഹ്ബുഖാരിയിൽ രിവായത്ത് ചെയ്യുതായി, 'യാഫിയീ' എന്ന കിത്താബിൽ രിവായത്ത് ചെയ്യപ്പെട്ടിട്ടുണ്ടു്. മേൽ വിവരിച്ച ഖുർആൻവാക്യവും നബി വചനങ്ങളും പഠിപ്പിക്കുന്നതു്,

ദിക്ക്ർ ചെയ്യൽ ഖു്ർ-ആനിന്നും സുന്നത്തിന്നും വിധേയ മാണെന്നുതന്നെയാണ്. അഥവാ ദിക്ക്ർ ചെയ്യുന്ന കാര്യം ഖു്ർ-ആനും സുന്നത്തും വഴിക്ക തെളിയുന്നില്ലെന്നു വന്നാൽതന്നെ, അതു നിർവ്വഹിക്കുന്നതു ദോഷകരമാണൊ? ദിക്ക്ർ എന്ന പേരിൽ അല്ലാഹുവിൻെറ നാമം എത്രയൊ പ്രാവശ്യം ഉരുവിടുന്നതുകൊണ്ടു് അവൻെറ സ്മരണയ്ക്കു ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കയും അല്ലാഹുവിൻെറ ആജ്ഞകളെ രേഖാമാത്രം അനുസരിക്കുവാനുള്ള സന്നദ്ധതയും ഏകാഗ്രതയും അവന്നു സിദ്ധിക്കുകയുമല്ലേ ചെയ്യുക. നമസ്കാരത്തിൽ ഏകാഗ്രതയുണ്ടായിരിക്കേണ്ടതു് അതിൻെറ പൂണ്ണഫലപ്രാപ്തിക്കു അത്യാവശ്യമാണല്ലൊ? നമസ്കാരത്തിൽ ഓതിവരാറുള്ള 'വജ്ജഹ്ത്തു'വിൻെറ അത്ഥമെന്താണു്? ഞാൻ നിന്നെക്കൊള്ളെ ചാരിനിന്നിരിക്കുന്നു, എന്നല്ലേ? ഒരു സാധനം മറെറാരു സാധനത്തോടു, അതായതു്, മുരിക്കിൻതടി ചന്ദനമരത്തോടു ചാരിവെച്ചതുപോലെ അല്ലല്ലൊ ഇതു്. നാനാ വിഷയത്തിൽ ബന്ധിച്ചിരിക്കുന്ന മനസ്സിനെ അവയിൽനിന്നെല്ലാം നിശ്ശേഷം അകററി അല്ലാഹുവോടുമാത്രം ചേത്തുവെച്ചിരിക്കുന്നു എന്നാണല്ലൊ? അപ്പോൾ നമസ്കാരത്തിൽ, അല്ലാഹുവല്ലാത്ത യാതൊരു വിഷയത്തെക്കുറിച്ചും—അവൻെറതല്ലാത്ത യാതൊരു ചിന്തയും-മനസ്സിൽ ഉദിക്കാവതല്ല. ഇത്തരം നമസ്കാരമത്രെ വേദാന്തഭഷയിൽ ബ്രഹ്മധ്യാനം.

അപ്പോഠം നമസ്ക്കാരം (ബ്രഹ്മദ്ധ്യാനം) പരിപൂണ്ണമാക്കിത്തീക്കുന്ന—ഏകാഗ്രത സിദ്ധിക്കുന്ന-മാഗ്ഗമായ ദിക്കർ ചെയ്യുയെന്നതു ദോഷകരവുമല്ല. വല്ലരോഗത്താലും അവശനായ ഒരാഠം നിന്നുതന്നെ നമസ്കരിക്കാൻ സാധിക്കേണമെന്ന ഉദ്ദേശ്യത്തിൽ, വൈദ്യൻെറ ഉപദേശപ്രകാരമൊ മററൊനിത്യേന ആവത്തനതൈലം പുരട്ടി കുളിക്കുന്നു എന്നുവിചാരിക്കുക. അതുകൊണ്ടു് അദ്ദേഹത്തിന്നു നിന്നു നമസ്കരിക്കാൻതന്നെ സാധിക്കുന്നു എന്നും വിചാരിക്കുക. അതുപോലെതന്നെ ദീഘമായ യാത്രാക്ലേശം പൊറുക്കാൻ നിവൃത്തിയില്ലാത്ത ഒരാഠം വിമാനത്തിൽകയറി ഹജ്ജ്കമ്മത്തിന്നു പോകുന്നു എന്നും വിചാരിക്കുക. ഈ രണ്ടു കാര്യങ്ങഠക്കും-ആവത്തനതൈലം പുരട്ടി കുളിക്കുന്നതിന്നും വിമാനത്തിൽ സഞ്ചരിക്കുന്നതിന്നും ഖുർ-ആനും സുന്നത്തും വഴി തെളിവ് നല്കേണമൊ ? ഇങ്ങിനെ വേണ്ടാത്തതിന്നു തെളിവും, തെളിവിന്നു തെളിവും അന്വേഷിച്ചു പരക്കം പാഞ്ഞും, ചിലപ്പോഠം പരസ്പരം കലഹിച്ചും, സമുദായത്തിൽ കക്ഷികളെ സൃഷ്ടിച്ചും, പള്ളി പൂട്ടിച്ചും, മയ്യത്ത്കൊണ്ടു് കളിയും ചിരിയും ആക്കിയും കാലയാപനം ചെയ്യുന്ന മൌലവി-മുസ്ല്യാർപ്രഭൃതികളെ എന്താണു് ചെയ്യേണ്ടതെന്നു, സമുദായത്തിലെ കാവൽഭടന്മാരായ യുവാക്കന്മാർ ആലോചിച്ചു വരുന്നുണ്ടു്.

സാലിക്കീങ്ങളായ ആരിഫീങ്ങഠം (ആത്മജ്ഞാനികഠം) ചെയ്യുന്നതും ആത്മശിഷ്യന്മാരെക്കൊണ്ടു് ചെയ്യി

ക്കുന്നതും അല്ലാഹുവിൻെറയും റസൂലിൻെറയും ആജ്ഞ കളെ അക്ഷരംപ്രതി അനുസരിക്കുന്നതിനുള്ള സന്നദ്ധത യുണ്ടാക്കാനും, അതുവഴി പരിപൂർണ്ണ മുസൽമാനാവാനും മുസൽമാനാക്കാനുമാണു്. “തന്നെ അല്ലാഹുവിൽ ഫനായാക്കിയാൽ (ബ്രഹ്മത്തിൽ ലയിപ്പിച്ചാൽ) മാത്രമെ തൻെറ ഈമാൻ പൂർണ്ണമാകയുള്ളു” എന്നതാണു് ആത്മജ്ഞാനികളുടെയെല്ലാം ഏകകണ്ഠമായ അഭിപ്രായം. ഇതിന്നു അവക്കുള്ള അടിസ്ഥാനം “നിങ്ങൾ മരിക്കുന്നതിന്നു മുമ്പെ മരിക്കുക” എന്ന നബി വാക്യവുമാണു്. തന്നെ അല്ലാഹുവിൽ ഫനായാക്കുന്നതിന്നു (ബ്രഹ്മത്തിൽ ലയിപ്പിക്കുന്നതിന്നു) ആരിഫീങ്ങൾ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം എന്നും ദിക്കു്ർ ചെയ്യുകയെന്നുള്ളതുമാണു്.

ദിക്കുറുകൾ പലതരത്തിലും പല രൂപത്തിലുമുണ്ടു്. (1) ഖഫി (2) ജല്ലി (3) ഖൽബി (4) റൂഹി (5) സിർറി. ഇവ ദിക്കുറിൻെറ വകുപ്പുകളുടെ പേരാണു്. ഇവരെക്കുറിച്ചു വിസ്തരിച്ചെഴുതാൻ എനിക്കാഗ്രഹമുണ്ടെങ്കിലും, തല്ക്കാലം അതിന്നു തുനിയുന്നില്ല. മേൽ പറഞ്ഞ ദിക്കുറുകൾക്കു് പുറമെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വിദ്യ അഭ്യസിക്കൽ, എഴുതൽ, പ്രസംഗിക്കൽ, സലാത്തു് ചൊല്ലൽ, പശ്ചാത്തപിക്കൽ, പ്രാർത്ഥിക്കൽ, സന്മാർഗ്ഗികളായ മതനേതാക്കന്മാരുടെ കഥ പറയൽ, മനുഷ്യരെ സേവിക്കൽ എന്നിവയെല്ലാം ഒരുതരം ദിക്കുറുകളാണു്. ദിക്കു്ർ റൂഹിയുടെ ഒരു പ്രാരംഭദശ (Stage) ആണു് ‘ദിക്കു് മുൽ അൻഫാസു്” (പ്രാണായാമം). പ്രാണായാമത്തെ

സംബന്ധിച്ച്, ആത്മജ്ഞാനിയായിരുന്ന വലിയ മഖ്ദൂം തങ്ങൾ (പൊന്നാനി) അവരുടെ 'അദ്കിയ' എന്ന കാവ്യഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സംഗീതവിദ്യ ശീലിക്കുന്നവൻ സ്വരജ്ഞാനത്തിന്നുവേണ്ടി സ. രി. ഗ. മ. പ. ധ. നി. പരിശീലിക്കുന്നത്പോലെ, പ്രാണായാമത്തിൽ ശ്വാസഗതി അനായാസപ്പെടുത്തുന്നതിന്നു പരിശീലിക്കുന്ന സ്വരങ്ങളാണ് രിഫാഇൗൻ റാത്തീബിലെ ആഹ്, ഹാഹ്, ഹീഹം, ഹാഹ്ഹീ, ലാലാ, അല്ല: അല്ല: എന്നിങ്ങിനെയുള്ള സ്വരങ്ങൾ. ഇതിന്നുപുറമെ ഈ സ്വരങ്ങൾക്കു സാധാരണ ബഹുലവും തത്വവിപുലവുമായ ജ്ഞാപകാത്ഥവും ഉണ്ട്. അവ ഗുരുമുഖത്തുനിന്നു നേരിട്ടു ഗ്രഹിക്കേണ്ടതാണ്.

'ലാഅനഇല്ലാഅന്ത' എന്നതിന്നു നീയല്ലാതെ ഞാനില്ല എന്നു അത്ഥം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഇതു ശരിയുമാണ്. ലോകം മുഴവനും അതിലെ സവ്വതും ദിക്കർചെയ്യുന്ന—അവനെയും അവൻെറ നിലനില്പിന്നാധാരമായ സവ്വതിനേയും സൃഷ്ടിച്ച—അല്ലാഹുവോട് 'നീയല്ലാതെ ഞാനില്ല' എന്നുപറയുന്നതുകൊണ്ട്, അല്ലാഹുവിൻെറ ആസ്തിക്യത്തെ ഊന്നിയുറപ്പിക്കുകയാണ് ചെയ്യുന്നത്. അഥവാ, വിമർശകൻ പറയുന്ന 'അനല്ല:' എന്ന അത്ഥവുംകൂടി അതിന്നുണ്ടെന്നു സമ്മതിക്കുക. ദിക്കർ ചെയ്യുന്നവരുടെ 'മുറാഖബ' (ധ്യാനം) പരിപൂണ്ണമാകുമ്പോഴം, അവൻ 'മുശാഹദ'

(ബ്രഹ്മ ദർശനം) എന്ന പദവിയിലെത്തുന്നു. 'മുശാഹദ' പരിപൂർണ്ണമാകുമ്പോൾ താൻ പരിപൂർണ്ണമായും ഫനയാകുന്നു. (Self annihilation) ഈ സന്ദർഭത്തിൽ, നിയോഗത്തിൽ, (ജദ്ബിൽ) അവർ, സൂഫിയാക്കൾ (അവധൂതന്മാർ) പറയുന്ന "അനൽഹഖ്" (അഹംബ്രഹ്മ:) "ലാമൌജൂദഇല്ലൽല്ല:" (ഉള്ളതായിട്ട് ബ്രഹ്മാ: മാത്രമെ ഉള്ളു) എന്നും മററും. ഇത്തരം പദങ്ങൾ അവൻ പറയുന്നത് ജദ്ബിലാണെങ്കിലും നബി (സ. അ.)യുടെ ശരീഅത്തു നിയമത്തിൻപടി ശിക്ഷാർഹരാണ്. അങ്ങിനെ പറഞ്ഞുപോയവരെ ശിക്ഷിച്ചിട്ടുമുണ്ട്.

മുരീദന്മാരെ (ആത്മശിഷ്യന്മാരെ) സദാ ദാക്കിരീങ്ങളാക്കുന്നതിന്നു (ജപനിഷ്ഠയുള്ളവരാക്കുന്നതിന്നു) മുഹിയിദ്ദീൻ (ഖ. സി.) അഹ്മദുൽ കബീർ (റ. അ.) മുതലായ സാലിക്കീങ്ങളായ ഗുരുജനങ്ങൾ തങ്ങളുടെ മുരീദന്മാക്ക് മതിയായ തർബിയത്ത് (പരിശീലനം) നൽകിയിട്ടുണ്ടെന്നും, അവയിൽ പെട്ടതാണ്, പ്രശ്നത്തിലിരിക്കുന്ന 'റാത്തീബ്' എന്നപേരിൽ അറിയപ്പെടുന്ന ദിക്കറുകളെന്നും, അവരുടെ പരമ്പരയിൽപ്പെട്ട ആത്മജ്ഞാനിയായ എൻെറ ഗുരുവിൽനിന്നും ഞാൻ മനസ്സിലാക്കിയിരിക്കയാൽ, അവ മുഹിയിദ്ദീൻ ഗുരു ചെയ്തതും ചെയ്യിച്ചതും തന്നെയൊ എന്നതിൽ എനിക്കു വേറെ തെളിവുകൾ ആവശ്യമില്ല. 'ആത്മജ്ഞാനികളുടെ നാവിൽനിന്നു നിങ്ങൾ വിദ്യ പഠിച്ചുകൊള്ളുക. അവ നിങ്ങൾക്കു

ഏടുകളിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നും കിട്ടുകയില്ല' എന്ന നബിവാകൃമനുസരിച്ച വേറേ തെളിവുകൾ എനിക്കാവശ്യമില്ലെന്നാണ് എൻെറ കരുത്തും വിശ്വാസവും.

ഹ അല്ല:

5 (തുടർച്ച)

# 1957 ഒക്ടോബർ മാസത്തിലെ ചിന്തകനിൽ എഴുതിയ ചെറുകുറിപ്പ്

സപ്തമ്പർമാസത്തിലെ ചിന്തകനിലും കണ്ട ജമാലുദ്ദീൻ സാഹിബിൻെറ വിമർശനം.

'റാത്തീബ്' എന്നപേരിൽ നടത്തിവരുന്ന ദിക്റുകൾ, ഖുർ–ആനിന്നും സുന്നത്തിന്നും വിരുദ്ധമാണെന്നും അനിസ്ലാമികമാണെന്നുമുള്ളതാണ് മൌലവി സാഹിബിൻെറ ഒന്നാം വിമർശന (മെയിമാസ)ത്തിലെ ആക്ഷേപ്പൊരുളെന്നാണ് ഞാൻ മനസ്സിലാക്കിയത്. മാന്യ വായനക്കാരും ഇപ്രകാരംതന്നെ മനസ്സിലാക്കിക്കാണുമെന്നു കരുതുന്നു. അങ്ങിനെ, അവ (റാത്തീബിലെ ദിക്റുകൾ) നടത്തിവരുന്നത് ഖുർ–ആനിന്നും സുന്നത്തിന്നും വിധേയമാണെന്നു ലക്ഷ്യസഹിതം എൻെറ മറുപടിയിൽ ഞാൻ സമർത്ഥിച്ചിട്ടുമുണ്ട്. ഒരുകാര്യം ചെയ്യു

ന്നതു ഖുർ-ആനിന്നും സുന്നത്തിന്നും വിധേയമാണെങ്കിൽ അതു അനിസ്ലാമികവുമല്ല. ഇത്രമാത്രമെ എനിക്കിപ്പോഴും പറയുവാനുള്ളു.

വിമൎശനത്തിന്നുവേണ്ടി വിമൎശനം ചെയ്യേണ്ടുന്ന മോഹത്താൽ, പൊരുളില്ലാതെ (Matter), പറഞ്ഞതു തന്നെ പറഞ്ഞു വായനക്കാരെ ബോറാക്കുന്ന പതിവ് ഞാൻ അതികഠിനമായി വെറുക്കുന്നതിനാലും, വിമൎശകൻ ആത്മീയശാസ്ത്ര വിജ്ഞാനരഹിതനാണെന്നു അദ്ദേഹത്തിൻെറ വിമൎശനംവഴിക്കു എനിക്കു ബോദ്ധ്യമാകയാലും, മേലിൽ അദ്ദേഹത്തിൻെറ വിമൎശനത്തിന്നു മറുപടിയെന്ന നിലയിൽ ഒന്നും എഴുതാൻ ഞാൻ തുനിയുന്നതല്ല.

ഹു അല്ല:

## 6

## മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുന്ന മാപ്പിളവിദ്യാർത്ഥികളുടെ വിഷമതകളും തൽപരിഹാരമാർഗ്ഗങ്ങളും

വടക്കെ മലബാറിൽ പഴയങ്ങാടിയിലെയും തലശ്ശേരിയിലെയും മാപ്പിള പ്രാഥമിക വിദ്യാലയങ്ങളൊഴിച്ച് ബാക്കിയുള്ള മിക്കമാപ്പിള പ്രാഥമിക വിദ്യാലയങ്ങളും നിലനിന്നു വരുന്നതു് അവിടങ്ങളിലെ പരിശോധന ഉദ്യോഗസ്ഥന്മാരുടെയും അദ്ധ്യാപകരുടെയും ദയക്കു വിധേയമായി മാത്രമാണെന്നുവേണം പറയുവാൻ.

മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിലെ നിത്യഹാജർ കുറവും (പ്രത്യേകിച്ച് ഉച്ചക്കുശേഷമുള്ളതു്) മാപ്പിള വി

ദ്യാൎത്ഥികളുടെ പഠനപ്രാപ്തിക്കുറവും അനുഭവപ്പെടുന്ന ഏതൊരാൾക്കും തോന്നിപ്പോകും ഒന്നുകിൽ മാപ്പിള ബാലന്മാർ പ്രകൃത്യാവിദ്യാവിരോധികളാണെന്നു; അല്ലെങ്കിൽ മേല്പടി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ നിത്യഹാജർ വൎദ്ധനവിന്നോ പഠനപ്രാപ്തിയുണ്ടാകുന്നതിന്നോ തീരെ പരിശ്രമിക്കാതെ കേവലം മടിയന്മാരായി സമയം കഴിച്ചു കൂട്ടുന്നവരാണെന്നു. എന്നാൽ, ഇവ രണ്ടുമല്ല വാസ്തവസംഗതികൾ. സ്ഥിതി ഇത്തരത്തിലായിത്തീരുവാനുള്ള സമഗ്രകാരണങ്ങൾ എന്തൊക്കെയാണെന്നും തൽപരിഹാരമാൎഗ്ഗം എന്താണെന്നും വിദ്യാഭ്യാസ വിദഗ്ദ്ധന്മാരുടെ ദൃഷ്ടിയിൽ പെടുത്തുകയാണു് ഈ ലേഖനോദ്ദേശ്യം. മാപ്പിള രക്ഷിതാക്കന്മാർ, പ്രത്യേകിച്ചു സ്ത്രീവിഭാഗം തങ്ങളുടെ കുട്ടികളുടെ ഓത്തുപഠനത്തിന്നു കൂടുതൽ പ്രാധാന്യം കല്പിക്കുന്നവരാണു്. അതുകൊണ്ടു്, അവർ തങ്ങളുടെ കുട്ടികളെ ഓത്തുപള്ളിയിലേക്കയപ്പാനെ നിബ്ബന്ധിക്കാറുള്ളു. ഇപ്രകാരം നിബ്ബന്ധിതരാകുന്ന കുട്ടികൾ രാവിലെ 8 മണിമുതൽ $10\frac{1}{2}$ മണിവരെ, അതായത്, $2\frac{1}{2}$ മണിക്കൂർ സമയം ഓത്തുപള്ളിയിലൊ ഓത്തു പഠിപ്പിക്കുന്ന മറേറതെങ്കിലും സ്ഥാപനത്തിലൊ ചെന്നു പഠിക്കുന്നു. ഇതിന്നുശേഷം അവർ സ്കൂളിലേക്കുപോയി $10\frac{1}{2}$ മണിമുതൽ $4\frac{1}{2}$ മണിവരെ, അതായത്, 5 മണിക്കൂർ സമയം സ്കൂൾ പഠിപ്പിന്നായി സ്കൂളിലും മുടങ്ങുന്നു. പിന്നെ, മഗ്‌രിബു മുതൽ ഇശാവരെ, അതായത്, സന്ധ്യ മുതൽ ഏകദേശം 2 മണിക്കൂറോളം ഓത്തുപള്ളി

കളിൽ, അതെ കുട്ടികഠം വീണ്ടും ഓത്തുപഠനത്തിന്നൊ മതപഠനത്തിന്നൊവേണ്ടി മുടങ്ങുന്നു. ഇങ്ങിനെ മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുന്ന ചെറു വിദ്യാൎത്ഥികഠം ഒരു ദിവസം ആകെ 9½ മണിക്കൂർ സമയം പഠിക്കാനായി ബന്ധനസ്ഥരാകുന്നു. ഇത്രയും ദീൎഘ സമയം പിഞ്ചുപൈതങ്ങഠം പഠിക്കാനായി ബന്ധിക്കപ്പെടുന്നതു് കൊണ്ടു് അവരുടെ മനസ്സിൻെറ വളരേണ്ടുന്ന ഭാഗം തീരെ വശം കെട്ടുപോകുന്നു. മനഃശാസ്ത്ര പടുക്കളും അദ്ധ്യാപക വിദഗ്ദ്ധന്മാരായവരും ചെറു കുട്ടികഠം ഒരു ദിവസം 3 മണിക്കൂറിലധികം മനസ്സുകൊണ്ടു് പണിയെടുക്കരുതെന്നു ഉപദേശിക്കുന്നതു് ഇവിടെ പ്രസ്താവ്യമാണു്.

ഇനി ഇവരെ ഓത്തുപഠിപ്പിക്കുന്ന മുല്ലമാരാണെങ്കിൽ അദ്ധ്യാപന പരിശീലനം സിദ്ധിച്ചവരൊ സാമാന്യവിദ്യാഭ്യാസം നേടിയവരൊ അല്ലതാനും. അതുകൊണ്ടു്, അവരുടെ ശിക്ഷണരീതി ഒട്ടും ശാസ്ത്രീയമല്ല. തൽഫലമായി പിഞ്ചുപൈതങ്ങളുടെ മനസ്സിനെ ഉണൎത്തുന്നതിന്നൊ, ആകൎഷിക്കുന്നതിന്നൊ അവരുടെ ശിക്ഷണരീതി തീരെ പൎയ്യാപ്തമല്ല. എന്നുമാത്രമല്ല, അതു (ശിക്ഷണരീതി) കുട്ടികളുടെ മനസ്സിനെ മന്ദീഭവിപ്പിക്കാനും വളച്ചു് മുട്ടിക്കാനും മാത്രമെ ഉതകുന്നുള്ളു. കുട്ടികഠം പഠിക്കുന്ന വിഷയമാണെങ്കിൽ അവരുടെ ചുററുപാടുമായി യാതൊരു ബന്ധവുമില്ലാത്തതുമാണു്. ഇതിന്നെല്ലാം പുറമെ ആണ്ടിലെ അത്യുഷ്ണ കാലത്തു മററു വിദ്യാ

ലയങ്ങൾക്കുള്ളതുപോലെ മാപ്പിള സ്കൂളിന്നു ഉഷ്ണകാല കല്പനയില്ലായ്കയാൽ അക്കാലത്തും മാപ്പിള പിഞ്ചുപൈതങ്ങൾ പഠിപ്പിന്നായി മുടങ്ങേണ്ടിവരുന്നു.

മേൽ പ്രസ്താവിച്ച കാരണങ്ങളാൽ മാപ്പിള വിദ്യാത്ഥികളുടെ ഉപബോധ മനസ്സ് (Sub Conscious mind) ക്ഷീണിച്ചും മരവിച്ചും വശം കെട്ടുപോകുന്നു. കഠിനാദ്ധ്വാനം ചെയ്തു ക്ലേശിച്ച ദേഹത്തിന്നു എപ്രകാരം പ്രവത്തിക്കാൻ കഴിയാതെ പോകുന്നുവൊ അപ്രകാരംതന്നെ കഠിനാദ്ധ്വാനം ചെയ്തു ക്ഷീണിച്ച് വശംകെട്ട കുട്ടികളുടെ മനസ്സ് പ്രചോദനവും പ്രോത്സാഹനവും നശിച്ചതായി ത്തീരുന്നു. ഇക്കാരണത്താൽ മാപ്പിള ചെറു വിദ്യാത്ഥികൾക്കു സ്കൂളിൽ പഠിപ്പിക്കുന്നതു ഗ്രഹിക്കുവാനൊ സ്കൂളിലേക്കു പോകുവാൻ തന്നെയുമൊ മനസ്സില്ലാതെ പോകുന്നു. ഇതിലെന്താണത്ഭുതം ? ഇതാണ് മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിലെ നിത്യഹാജർ കുറവിന്നും താരതമ്യേന മാപ്പിള വിദ്യാത്ഥികളുടെ പഠന പ്രാപ്തിക്കുറവിന്നുമുള്ളകാരണം. തന്നിമിത്തം, അദ്ധ്യാപകൻ എത്രതന്നെ സേവനോത്സുകനും ആത്മാത്ഥതയുള്ളവനും ആയാൽ കൂടി അദ്ദേഹത്തെ നിരാശയും സ്വയം കൃതാത്ഥതയില്ലായ്മയും ബാധിക്കുന്നു. മാപ്പിള പ്രാഥമിക വിദ്യാലയങ്ങളുമായി ബന്ധപ്പെട്ടു കഴിയുന്ന പ്രാപ്തന്മാരായ പരിശോധക ഉദ്യോഗസ്ഥന്മാരും അദ്ധ്യാപകന്മാരും സമ്മതിക്കുന്ന ഒരു പരമാത്ഥമാണിതു്. മാപ്പിള പ്രാഥമിക വിദ്യാലയങ്ങൾ മററു് സഹോദര വിദ്യാലയങ്ങളെപ്പോലെ

ഉയരേണമെന്നു ഉന്നംവെച്ച്കൊണ്ടു് അദ്ധ്യാപകസേവനം അനുഷ്ഠിച്ചു വരുന്ന ഞാൻ എന്റെ 27 കൊല്ലത്തെ സർവീസിന്നിടയിൽ മനസ്സിലാക്കിയ അനുഭവങ്ങളാണു് മേൽ പ്രസ്താവിച്ച കാര്യങ്ങൾ.

വിദ്യാസമ്പാദനമാർഗ്ഗത്തിൽ മാപ്പിളക്കുട്ടികൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന വിഷമതകൾ കണ്ടിട്ടു് എനിക്കുണ്ടായ അസഹ്യമായ ഹൃദയ വ്യഥകാരണം ഞാൻ ഒരു പ്രാവശ്യം ക്ലാസ്സിൽ വെച്ചു് സ്വയം കരഞ്ഞു പോയിട്ടുണ്ടു്. ഇതു കണ്ടിട്ടു് ചില വിദ്യാർത്ഥികൾ 'നിങ്ങളുടെ ദുഃഖകാരണം എന്താണു് സേർ' എന്നു ചോദിച്ചതും കാരണമറിയാതെഅവരും എന്നോടൊപ്പം കരഞ്ഞുപോയതുമായ സന്ദർഭം ഞാനിപ്പോഴും ഓർക്കുന്നുണ്ടു്. മാപ്പിള വിദ്യാർത്ഥികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മനഃക്ലേശത്തിന്നു തെല്ലൊരു പരിഹാരം കാണുവാൻ വേണ്ടപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നതിനായി ഞാൻ മരണംവരെ നിരാഹാരവ്രതം അനുഷ്ഠിക്കുവാൻ ആരുമറിയാതെ തീരുമാച്ചുവെങ്കിലും അങ്ങിനെ ചെയ്യുന്നതു് വിദ്യാർത്ഥികളുടെ അച്ചടക്കത്തെ എപ്രകാരമെങ്കിലും ബാധിച്ചേക്കുമെന്നു ഭയന്നു ഞാനതിന്നു തുനിഞ്ഞില്ല.

മാപ്പിള പെൺ വിദ്യാർത്ഥികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഉപരിസൂചിതങ്ങളായ വിഷമതകൾക്കു ഒരേയൊരു പരിഹാരമാർഗ്ഗം സ്കൂൾ സമയത്തിന്നുള്ളിൽ അവർക്കു ഓത്തു പഠിക്കാനുള്ള സൌകര്യം ചെയ്തു കൊടുക്കുക

യെന്നുള്ളതാണ്. ഓരോ ക്ലാസ്സിന്നു ദിവസത്തിൽ 40 നിമിഷമുള്ള ഒരു 'പീര്യഡ്'വീതം ഓത്തുപഠിപ്പിക്കുവാൻ ഓരോ മാപ്പിള പ്രാഥമിക വിദ്യാലയത്തിലും അദ്ധ്യാപന പരിശീലനവും അല്പം വിദ്യാഭ്യാസ യോഗ്യതയുമുള്ള ഒരു മുല്ലാ ടീച്ചരെവീതം നിശ്ചയിക്കുകയാണ് ഇതിന്നാവ ശ്യം. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു് സ്കൂൾ സമയം ഇപ്പോഴുള്ളതിനേക്കാൾ 40 നിമിഷം വർദ്ധിക്കുമെങ്കിലും കുട്ടികൾക്കു ഏകദേശം 4½ മണിക്കൂർ സമയത്തെ ബന്ധനം ഒഴിഞ്ഞു കിട്ടുന്നതും അതോടെ അവരുടെ മനഃപീഡ പരിഹരിക്കപ്പെടുന്നതുമാണ്. ഇതു വിദ്യാർത്ഥികൾക്കു പഠനപ്രാപ്തിയുണ്ടാകുന്നതിന്നും നിത്യഹാജർ വർദ്ധിച്ചു മാപ്പിള സ്കൂളുകൾ അഭിവൃദ്ധിപ്പെടുന്നതിന്നും സഹായകമായിത്തീരുന്നതാണ്. മാപ്പിള സ്കൂളിലെ നിത്യഹാജർ വർദ്ധനവിന്നു ഉച്ചക്കഞ്ഞിയേക്കാൾ ഏററവും ഫലപ്രദമായ മാർഗ്ഗവും ഇതുതന്നെയെന്നുള്ളതിന്നു സന്ദേഹമില്ല.

ചില പ്രദേശങ്ങളിൽ ഓത്തുപഠനക്കാലം ഇപ്പോഴും 5-6 കൊല്ലമാണ്. ഈ കാലം പൂർത്തിയായശേഷം മാത്രമെ മാപ്പിളക്കുട്ടികൾ സ്കൂൾ പ്രവേശനമപേക്ഷിക്കാറുള്ളു. ഈ കുട്ടികൾ തങ്ങളുടെ 12ാമത്തെയൊ 13ാമത്തെയൊ വയസ്സിലാണ് സ്കൂളിൽ I-ാം തരത്തിൽ ചേരുന്നതു്. ഇവർ V-ാം തരത്തിലെത്തുന്നത് 17ാമത്തെയൊ 18ാമത്തെയൊ വയസ്സിലാണ്. ഇപ്രകാരം അവരുടെ

സ്കൂറം ജീവിതംതന്നെ ചുരുങ്ങിപ്പോകുന്നു. ഇതിന്നുംകൂടി ഒരു പരിഹാരമാൎഗ്ഗമാണു, മേൽ ചൂണ്ടിക്കാണിച്ചത്. പഴയകാലത്തു ഈ സമ്പ്രദായം ഏകദേശം എല്ലാ പ്രദേശത്തും നടപ്പുണ്ടായിരുന്നു. അക്കാലത്ത്, അതായത്, 1932ൽ മാപ്പിള സ്കൂറം അഭിവൃദ്ധി മാൎഗ്ഗങ്ങറം മററാരേക്കാളും അധികം മനസ്സിലാക്കിയ അന്നത്തെ തലശ്ശേരി റെയിഞ്ച് ഡപ്യൂട്ടി ഇൻസ്പക്ടരും ഇന്നത്തെ സൎവ്വീസ് കമ്മീഷ്യൻ അംഗവുമായ ശ്രീ. സി. ഒ. ടി. കുഞ്ഞിപ്പക്കി സാഹിബവർകർ അന്നത്തെ താലൂക്ക് ബോർഡ് പ്രസിഡണ്ടവർവറംക്ക് നല്കിയ വിലയേറിയ നിൎദ്ദേശം ഇവിടെ ഉദ്ധരിക്കുകന്നതു് സന്ദൎഭോചിതമാണ്. അതിപ്രകാരമാണ്:—

The koran maktabs (ഓത്തുപള്ളികറം) of the locality still exist in large numbers and their adverse influence holds a check on the growth of the School unless adequate provision is made for religious instruction in the school it will be very difficult to turn the School into a steady line of progress. The prolonged maktab life of the pupils often drives the children to the necessity of begening secular education very late with the result that the duration of school life becomes shortened. If a good religious Instructor who can attract to his classes the children now attending the maktabs, is appointed one of the sections impediments in the progress of the school disappears.

ഓത്തു പഠിപ്പിക്കൽ കാര്യത്തെക്കുറിച്ചാണ് അദ്ദേഹം മതപഠനമെന്നു പറഞ്ഞത്. ഓത്തു പഠിപ്പിക്കുകയെന്നാൽ അറബിഅക്ഷരം കൂട്ടിവായിക്കാൻ മാത്രം പഠിക്കലാണ്. ഇതു ഒരിക്കലും, ഭൌതികരാഷ്ട്രത്തിലെ ഭരണഘടനയ്ക്കു വിരുദ്ധമെന്നു പറയുന്ന മതപഠനമല്ലതന്നെ. അറബിഅക്ഷരം കൂട്ടിവായിക്കാൻ പഠിപ്പിക്കുന്നത് മതപഠനമാകുമെങ്കിൽ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലെ അക്ഷരങ്ങൾകൂട്ടി വായിക്കാൻ പഠിപ്പിക്കുന്നതും മതപഠനമാണെന്നു സമ്മതിക്കേണ്ടതല്ലെ?

വിഷയത്തിൽനിന്നു വ്യതിചലിച്ചാണെങ്കിലും വിദ്യാലയങ്ങളിലെ മതപഠനത്തെക്കുറിച്ചും രണ്ടുവാക്ക് പറയട്ടെ. വിദ്യാലയങ്ങളിൽവെച്ച് മതപഠനം നല്കുന്നത് പാടില്ലെന്ന തീരുമാനം നിർഭാഗ്യകരമാണ്. ധാർമ്മികവും ആത്മീയവുമായ ജീവിതമൂല്യങ്ങൾ കുട്ടികൾക്കിടയിൽ വളർത്താൻ മതപഠനം വഴിക്കേ സാദ്ധ്യമാകയുള്ളു. അതിനുപററിയ രംഗം വിദ്യാലയംതന്നെയാണ്. എന്തുകൊണ്ടെന്നാൽ, 'മനുഷ്യജഡം പഞ്ചഭൂതനിർമ്മിതവും അതിലെ ആത്മാവ് ബ്രഹ്മപ്രതിബിംബവും ആകയാൽ മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും, മനുഷ്യരെല്ലാവരും സഹോദരന്മാരാണെന്നും മനുഷ്യസമുദായത്തിൻെറ ആകമാനം ക്ഷേമമാണ് തൻെറ ക്ഷേമമെന്നും, പരസ്പരം വിരോധികളും കലഹപ്രിയരുമായി കഴിഞ്ഞുകൂടുന്നതു മനുഷ്യത്വമല്ലെന്നും

അതു കേവലം മൃഗീയതത്വമാണെന്നും മതം അവരെ പഠിപ്പിക്കുന്നു.' അവർ (വിദ്യാർത്ഥികൾ) പഠിച്ച ഈ മതതത്വം നാനാതരക്കാരും മതസ്ഥരുമായ വിദ്യാർത്ഥികളടങ്ങിയ വിദ്യാലയത്തിൽവെച്ച് അവർക്ക് പരസ്പരം പ്രയോഗിപ്പാനായി സൌകര്യവും സന്ദർഭവും ലഭിക്കുന്നു. അതുകൊണ്ടു്, വിദ്യാർത്ഥികൾ ആത്മീയധാർമ്മീക മൂല്യബോധമുള്ളവരായിത്തീരുന്നു. വിദ്യാലയത്തിൽവെച്ച് ഇത്തരം പരിശീലനം സിദ്ധിച്ചശേഷം അവർ പുറത്തിറങ്ങിയാൽ നാനാജാതിമതസ്ഥന്മാർ അധിവസിക്കുന്നലോകരംഗമാകുന്ന മഹാവിദ്യാലയത്തിൽ അവരായിരിക്കും അത്യുത്തമപൌരന്മാരായിത്തീരുക. ആകയാൽ, ലോകത്തിന്നു അത്യുത്തമ പൌരന്മാരെ ആവശ്യമുണ്ടെങ്കിൽ കുട്ടികളെ വിദ്യാലയത്തിൽ വെച്ച് നല്ല മതാദ്ധ്യാപകന്മാർ നല്ല വിധത്തിൽ മതവും പഠിപ്പിക്കട്ടെ' എന്നാണു് ഒരദ്ധ്യാപകനായ ഞാൻ ആരെയും ഉപദേശിക്കുക. ഭൌതികശാസ്ത്രവിജ്ഞാനത്തിൽ പുരോഗമിക്കുന്നതുകൊണ്ടു് മാത്രം മനുഷ്യർക്കിടയിൽ സംതൃപ്തിയും ശാന്തിയും കൈവരികയില്ല. ഇന്നു ഭൌതികശാസ്ത്രവിഷയത്തിൽ വാനോളം പുരോഗമിച്ച രാഷ്ട്രങ്ങളുണ്ടു്. എന്നാൽ, അവർക്കിടയിൽ ശാന്തിയും സംതൃപ്തിയുമുണ്ടോ? ഭൌതികശാസ്ത്രീയമായി പുരോഗതി പ്രാപിച്ചവർ ഞങ്ങളാണെന്നു അഭിമാനിച്ചിരുന്ന ചില പാശ്ചാത്യരെ അഭിമുഖീകരിച്ചു കൊണ്ടു് ഒരിക്കൽ കല്ക്കത്തയിലെ ഒരു മഹായോഗത്തിൽ

വെച്ച് ശ്രീ. വിവേകാനന്ദസ്വാമികൾ ഇപ്രകാരം പറകയുണ്ടായി:—"ശരി, നിങ്ങൾ ഭൌതികശാസ്ത്രീയമായി പുരോഗമിച്ചതുകൊണ്ട് നിങ്ങൾക്കു പക്ഷികളെപ്പോലെ ആകാശത്തിൽ പറക്കാൻ കഴിയും; മത്സ്യങ്ങളെപ്പോലെ വെള്ളത്തിൽ സഞ്ചരിപ്പാനും നിങ്ങൾക്കു കഴിയും; ഞാഞ്ഞൂലിനെപ്പോലെ മണ്ണിന്നടിയിൽക്കൂടി ചലിക്കാനും നിങ്ങൾക്കു കഴിയും; പക്ഷെ, മനുഷ്യരെപ്പോലെ ഭൂമിയിൽ ജീവിക്കുവാൻ നിങ്ങൾക്കു കഴികയില്ല; മനുഷ്യരെപ്പോലെ നിങ്ങൾക്കു ഭൂമിയിൽ ജീവിക്കാൻ കഴിയണമെങ്കിൽ, നിങ്ങൾ ആത്മീയശാസ്ത്രത്തിലും പുരോഗമിക്കണം". ഇതു കാണിക്കുന്നത് ഭൌതികശാസ്ത്രജ്ഞാനം മാത്രം പോരാ എന്നാണല്ലോ. അതിരിക്കട്ടെ. ലേഖനോദ്ദേശ്യം മതപ്രസംഗമല്ലല്ലോ.

നിത്യഹാജർ കുറഞ്ഞുപോയെങ്കിൽ സ്കൂൾ നഷ്ടപ്പെട്ടുപോകുമെന്നു ഭയന്നു മാത്രം സ്കൂൾസമയത്തിനു മുമ്പായി സ്കൂളിൽവെച്ചുതന്നെ ചില നാടൻ മുല്ലമാരെക്കൊണ്ട് ഓത്തുപഠിപ്പിക്കുന്ന സമ്പ്രദായം ഇപ്പോഴും ചില പ്രദേശങ്ങളിലുണ്ട്. ഈ മുല്ലമാർക്ക് അഞ്ചോ പത്തോ ഉറുപ്പിക മാസാന്തവേതനം നൽകുന്നതു സ്ഥലത്തെ ഏതെങ്കിലും സംഘമോ അല്ലെങ്കിൽ ജമാഅത്തോ ആയിരിക്കും. ചിലേടങ്ങളിലെ ഇത്തരം സംഘമോ ജമാഅത്തോ വിദ്യാവിഹീനരായ കേവലം പാമരന്മാരായ വ്യക്തികളുടങ്ങിയതായിരിക്കുകയും ചെയ്യും. അങ്ങിനെയാണെങ്കിൽപിന്നെ ആ വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപ

കന്മം മററദ്ധ്യാപകന്മാരും അവക്ക റേൻമൂളി നടക്കുന്ന വരും അവരുടെ ഏതു താളത്തിന്നും ഒത്തു തുള്ളുന്നവ രും ആയിക്കൊള്ളണം. ചിലേടങ്ങളിലെ മുല്ലമാരാണെ ങ്കിൽ പലകമേൽ അറബിഅക്ഷരം എങ്ങിനെയോ എഴുതി കൂട്ടിവായിപ്പിക്കാൻ മാത്രം അറിയുന്നവരായിരിക്കും. എന്നുവെച്ചാൽ, സ്കൂറം എന്താണെന്നോ സ്കൂറംസ മ്പ്രദായങ്ങറം എന്തൊക്കെയാണെന്നോ അറിഞ്ഞുകൂടാ ത്ത ഒരു തരം കാടന്മാരായിരിക്കും. സ്കൂറം ആരംഭിക്കു ന്നതുവരെ സ്കൂളിൽ ഈ കാടന്മാരുടെ ഭരണവും സ്കൂ ളാരംഭിച്ചുകഴിഞ്ഞാൽ അദ്ധ്യാപകന്മാരുടെ ഭരണവും, ഇങ്ങിനെ രണ്ടു ഭരണമായിരിക്കും അത്തരം സ്കൂളുകളിൽ നടക്കുക. കുട്ടികളുടേയും രക്ഷിതാക്കന്മാരുടേയുമിടയിൽ സ്വാധീനശക്തിയുള്ള പ്രസ്തുത കാടന്മാരുടെ നിസ്സഹക രണം ഭയന്നു സ്കൂറംഭരണം പലപ്പോഴും കാടന്മാരുടെ ഭരണത്തിന്നു കീഴൊതുങ്ങിയാണ് നടന്നുവരിക. ഈ കാ ടന്മാരേയും അവക്കു ശമ്പളം നൽകുന്ന തങ്ങളുടെ യജമാ നന്മാരായ സംഘം ഭാരവാഹികളോ ജമാഅത്തു ഭാരവാ ഹികളോ ആയ മേൽപറഞ്ഞ പാമരന്മാരേയും ഭയന്നു മിക്കവാറം അദ്ധ്യാപകന്മാർ, തങ്ങളുടെ സമയം എങ്ങി നെയെങ്കിലും കഴിച്ചുകൂട്ടി ജോലി പൂൎത്തിയാക്കുന്നു. ഗവ ൎമ്മേണ്ട് മാപ്പിള പ്രാഥമിക സ്കൂളുകളിൽ പലതും ഇതി ന്നുദാഹരണമത്രെ. മുസ്ലിം മേനേജ്മെൻറ് സ്കൂളുകളു ടെ നില ഇതല്ല. ഇത്തരം സ്കൂളുകളിൽ അഞ്ചാംതരം പഠിച്ചുപാസ്സായ കുട്ടികറം അടുത്തുള്ള മറേറതെങ്കിലും

യു. പി. സ്കൂളിൽപോയാൽ അവർ അവിടത്തെ ഒന്നാം ക്ലാസ്സിലേക്കുകൂടി പററാത്തവരായിട്ടാണ് കണ്ടുവരുന്നതു്. അദ്ധ്യാപകരുടെ അലസമനോഭാവംകൂടിയാണു് ഈ അവസ്ഥക്കുകാരണം. അഥവാ സർട്ടിഫിക്കററിനെ മാനിച്ചു ആ കുട്ടികളെ ആറാംതരത്തിൽ ചേർത്തുകയാണെങ്കിൽ അവർ എല്ലാ വർഷാന്തപരീക്ഷയിലും ഒന്നാംക്ലാസ്സായിതോല്ക്കുന്നതും കാണാം. മററു ചിലേടങ്ങളിൽ സ്കൂളിൽനിന്നു കുറെ അകലെയുള്ള ഓത്തുപള്ളിയിൽനിന്നു ഓത്തു കഴിഞ്ഞു കുട്ടികളെ വിട്ടാൽമാത്രമേ അവർ സ്കൂളിലേക്കു വരികയുള്ളൂ. അതുതന്നെയും സ്കൂളിലെ ഒന്നാമത്തെ പീര്യഡ് കഴിയാറാകുമ്പഴൊ കഴിഞ്ഞാലോ ആയിരിക്കുകയും ചെയ്യും. നിർഭാഗ്യത്തിന്നും അത്തരം സ്കൂളുകറം ഒന്നാമത്തെ പീര്യഡിൽ പരിശോധന ഉദ്യോഗസ്ഥന്മാർ സന്ദർശിച്ചാൽ നിത്യ ഹാജർ വളരെ കുറഞ്ഞതായിട്ടോ അല്ലെങ്കിൽ സ്കൂറംസമയം കഴിഞ്ഞിട്ടും ക്ലാസ്സ് ആരംഭിക്കാത്തതായിട്ടോ ആണ് കാണുക. ഈ വസ്തുത നമ്മുടെ ബഹുമാനപ്പെട്ട ഡി. ഇ. ഒ. ശ്രീമതി ചെറിയാൻ അവരുടെ അദ്ധ്യക്ഷതയിൽ തലശ്ശേരി ഗവമ്മേണ്ടു് ബ്രിണ്ണൻ ഹൈസ്കൂളിൽവെച്ചു കൂടിയ ഒരു അദ്ധ്യാപക യോഗത്തിൽവെച്ചു ചൂണ്ടിക്കാണിക്കുകയുണ്ടായി. അന്നു, മാപ്പിള പ്രാഥമിക വിദ്യാലങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിൽ സ്കൂറംസമയത്തിന്നകത്ത് മതപഠനം നടത്തേണ്ടതി

ന്റെ ആവശ്യകതയെക്കുറിച്ചു ഞാൻ വിനയപൂർവ്വം ബോധിപ്പിച്ചകാരണങ്ങൾ അവർ അത്യന്തംസഹതാപത്തോടു കൂടിയാണു് ശ്രവിച്ചതു്. അദ്ധ്യാപകന്മാരെ ബാധിക്കുന്ന ഇത്തരം വിഷയങ്ങൾ നിരവധിയുണ്ടു്. ലേഖനദൈർഘ്യത്തെഭയന്നും,എന്റെ ഉദ്ദേശ്യം പിഞ്ചുപൈതങ്ങളുടെ വിഷമതാപരിഹാരം മാത്രമായതുകൊണ്ടും അദ്ധ്യാപകന്മാരുടെ വിഷമതകൾ ഇവിടെ വിസ്തരിക്കുന്നില്ല.

ഉച്ചക്കഞ്ഞി നൽകി വിദ്യാർത്ഥികളുടെ കായക്ലേശം പരിഹരിക്കാൻ കിണഞ്ഞുപരിശ്രമിക്കുന്ന നമ്മുടെ ഇന്നത്തെ ഗവമ്മേണ്ടു് മാപ്പിള പിഞ്ചുവിദ്യാർത്ഥികളുടെ അതി ദയനീയമായ മനഃപീഡയെ പരിഹരിക്കുന്നതിന്നായി മാപ്പിള പ്രാഥമിക വിദ്യാലയങ്ങളിൽ ഓത്തുപഠിപ്പിക്കുവാൻ അർഹരായ മുല്ലാ ടീച്ചർമാരെ നിയമിക്കുന്നതിന്നു ഒട്ടും മടിക്കുകയില്ലെന്നു നമുക്കാശിക്കാം. ലോകബാലന്മാരുടെ അമ്മാമനെന്നും ബന്ധുവെന്നും മററും അറിയപ്പെടുന്ന നമ്മുടെ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. പണ്ഡിതജവഹരിലാൽ നെഹറുവിന്റെ സ്നേഹാദരവിന്നു പാത്രമായ കേരള മുഖ്യമന്ത്രി ശ്രീ പട്ടം താണുപ്പിള്ളയും മററു് അസംബ്ലി സാമാജികന്മാരും മാപ്പിള പിഞ്ചുവിദ്യാർത്ഥികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകൾ അറിഞ്ഞു കഴിഞ്ഞാൽ അവർ ക്ഷമിച്ചിരിക്കുകയില്ലെന്നു നമുക്കു തീർച്ചയും വിശ്വസിക്കാം. സ്കൂൾ സമയത്തിന്നുള്ളിൽ സ്കൂളിൽവെച്ചു് ഓത്തുപഠിപ്പിക്കുവാൻ

ഏൎപ്പാടുചെയ്യാത്ത കാലത്തോളം മാപ്പിള പ്രാഥമിക വി ദ്യാലയങ്ങരം അഭിവൃദ്ധിപ്പെടുകയില്ലെന്നുമല്ല തീച്ചയാ ണെന്നു പറയുവാൻ എന്റെ അനുഭവം എന്നെ അ ധൈൎയ്യപ്പെടുത്തുന്നില്ല.

ഇതേ അവസരത്തിൽ ഒരു കാൎയ്യം സമുദായസ്നേഹിതന്മാ രുടെ ദൃഷ്ടിയിൽ പെടുത്തുവാനും ഞാനാഗ്രഹിക്കു ന്നു. ഇന്നു വടക്കെ മലബാറിൽ ഓത്തുപഠിപ്പിക്കുന്ന മുല്ല മാരിൽ അധികംപേരും യാതൊരുവിധ അദ്ധ്യാപനപരി ശീലനവും സിദ്ധിക്കാത്തവരാണ്. അതുകൊണ്ടു് ഏററ വും ചുരുങ്ങിയ സമയംകൊണ്ടു് പഠിപ്പിച്ചു കഴിക്കാവുന്ന ഓത്തുപഠിപ്പിക്കലിന്നു അവർ വളരെ അധികാലം ചി ലവാക്കേണ്ടിവരുന്നു. ആകയാൽ കുട്ടികളെ ചുരുങ്ങി യ സമയത്തിന്നുള്ളിൽ ഫലപ്രദമായി ഓത്തുംമററും പഠി പ്പിക്കുന്നതിന്നുള്ള പരിശീനം (Training) നല്കുന്നതിന്നാ യി ഒരുമുല്ലാട്രെയിനിങ്ങ് സ്കൂരം (Mulla Training course) ഗവൎമ്മെണ്ടിന്റെ അംഗീകാരത്തോടുകൂടിയൊ അല്ലാതെയൊ സ്ഥാപിക്കേണ്ടതു അനുപേക്ഷണീയമാ ണ്.

വളപട്ടണം ഗവൎമ്മെണ്ടു് യു. പി. സ്കൂരം ഹെഡ് മാസ്റ്ററായി ജോലി ചെയ്യുന്ന കാലത്തു് അതിന്റെ അഭി വൃദ്ധിക്കായി ബഹുവിധ പ്രതികൂലശക്തികളോടു മല്ലിടു കയാലും തുടച്ചയായി 5 കൊല്ലം റയിഞ്ചിൽ വെച്ചു് ഒന്നാം സ്ഥാനം അർഹിക്കത്തക്ക നിലയിൽ ഇ. എസ്സ്. എൽ. സി. പരീക്ഷാഫലം നന്നാക്കുന്നതിന്നു അത്യ

ധ്യാനം ചെയ്യുകയാലും 1956 ജൂൺ മാസത്തിൽ സംസ്കാരസമ്പന്നയും സ്വാമാന്യം വിദുഷിയുമായ എന്റെ സഹധർമ്മിണി ശ്രീമതി വേളാപുരത്തു പാത്തുകുഞ്ഞിസാഹിബയുടെ അകാലനിര്യ്യാണംമൂലം (സർവ്വേശ്വരൻ അവക്ക് മഗ്ഫിറത്തു നല്കട്ടെ) ഞാൻ സഹിക്കേണ്ടിവന്ന താങ്ങാനാവാത്ത ദുഃഖഭാരത്താലും എന്നെ ക്ഷീണം ബാധിക്കുകയാൽ, താരതമ്യേന ഉത്തരവാദിത്വം കുറഞ്ഞ സ്കൂളിൽ ജോലി ചെയ്യുകയാണ് ആരോഗ്യകരമെന്നു കരുതി എന്റെ സ്വദേശമായ മുഴപ്പിലങ്ങാടംശത്തിലെ ഒരു എൽ. പി. സ്കൂളിലേക്കു സ്ഥലമാററം വാങ്ങി. അവിടെ ചെന്നപ്പോഠം ഓത്തുപഠിക്കുന്ന കാര്യത്തിൽ അവിടുത്തെ മാപ്പിള പിഞ്ചു വിദ്യാത്ഥികഠം അനുഭവിക്കുന്ന കഷ്ടപ്പാടുകളും നിത്യഹാജർ വദ്ധനവിനുള്ള പ്രയാസവും കണ്ടിട്ട് ഞാൻ പൂർവ്വാധികം വേദനിക്കുക നിമിത്തമാണു് ഇക്കാര്യം വേണ്ടപ്പെട്ടവരുടെ ദൃഷ്ടിയിൽ പെടുത്തുവാൻ വേണ്ടി മാത്രം ഇങ്ങിനെയൊരു ചെറുലേഖനം എഴുതാൻ നിർബ്ബന്ധിതനായതും അവിടംവിട്ടു വീണ്ടും വളപട്ടണം യു. പി. സ്കൂളിലേക്കുതന്നെ മടങ്ങിപ്പോകാനിടവന്നതും.

ആരും നന്നാവണം.

# 7

# മുസ്ലിം നമസ്ക്കാരപ്പള്ളിക്കരികെ ചെണ്ടകൊട്ടിപ്പോകൽ

മുസ്ലിംകളുടെ നമസ്ക്കാരപള്ളിക്കു സമീപം ചെണ്ടകൊട്ടിപ്പോകുന്നതും ശബ്ദകോലാഹലങ്ങളോടുകൂടിയ ഘോഷയാത്ര പോകുന്നതും ചിലേടങ്ങളിൽ പള്ളിസ്നേഹിതന്മാർ എതിർത്തു വരുന്നതായി ഞാൻ പലതവണ കേട്ടിട്ടുണ്ട്. ചിലേടങ്ങളിൽ ഉണ്ടായതായി അറിയപ്പെട്ട എതിർപ്പിന്റെ സ്വഭാവം (അതു വാസ്തവമെങ്കിൽ) അറിയുമ്പോൾ ആർക്കും തോന്നിപ്പോകും കൊട്ടുന്നതു ചെണ്ടമേലല്ല, മറിച്ച്, എതിർപ്പുകാരുടെ തലമേലാണെന്ന്. വാദ്യഘോഷത്തോടുകൂടി പോകുന്ന സംഘമാണെങ്കിൽ തങ്ങളുടെ വഴിക്കരികെ ഒരു നമസ്ക്കാരപ്പള്ളിയുണ്ടെന്നറിഞ്ഞാൽ അവിടെയൊരെതിർപ്പുണ്ടാകുമെന്നു പ്രതീക്ഷിച്ച് അതിനെ അതിശക്തിയായി ചെറുക്കേണ്ടുന്ന കരുത

ളോടുകൂടിയാണ് ചിലപ്പോൾ ഘോഷയാത്ര പുറപ്പെടുന്നത്തന്നെ. സൌഹൃദകാംക്ഷികളായ ചില സമുദായസ്നേഹികൾക്ക ചിലപ്പോൾ തലവേദനയുണ്ടാക്കുന്ന ഒരു വിഷയമാണിത്.

1984ൽ ആണെന്നുതോന്നുന്നു, മുഴപ്പിലങ്ങാടംശത്തിൽ ശ്രീ കൂർമ്പക്കാവ് ക്ഷേത്രത്തിലെ ഉത്സവക്കാലത്ത്, അതിൻെറ സമീപപ്രദേശമായ എടക്കാട്ടങ്ങാടിയിലെ നമസ്ക്കാരപ്പള്ളക്ക് സമീപം വെച്ച് നടന്നതായി അറിയപ്പെട്ട സംഭവം ഈയുള്ളവനെ ഉറക്കെ ചിന്തിപ്പിച്ചിട്ടുണ്ട്. അപ്പോലെതന്നെ ഈയിടെ മണത്തലയിൽ വെച്ച് നടന്നതായി അറിയപ്പെട്ട സംഭവവും. ഇപ്പുറത്ത രണ്ടു സംഭവങ്ങളെപ്പോലെ അത്ര ഗൌരവമുള്ളതല്ലെങ്കിലും ചില ചില്ലറ സംഭവങ്ങൾ കേരളത്തിൽ അങ്ങിങ്ങായി നടന്നതായും ഞാൻ കേട്ടിട്ടുണ്ട്.

മഹത്തായ പാരമ്പര്യമുള്ള രണ്ടു സമുദായങ്ങളന്യോന്യം മതത്തിൻെറയൊ ഈശ്വരൻെറയൊ പേരിൽ ചെണ്ട കൊട്ടിക്കപ്പെടുന്നത് കേട്ടറിഞ്ഞിട്ട് ഈയുള്ളവൻ ഏറെ ദുഃഖിക്കുകയും അതിലേറെ ലജ്ജിക്കുകയും ചെയ്തിട്ടുണ്ട്. മേലിലെങ്കിലും അത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിപ്പാൻ ഇടവരട്ടെയെന്നുദ്ദേശിച്ച മാത്രമാണ് ഈ ചെറുകുറിപ്പെഴുതുന്നത്.

ശബ്ദശല്യങ്ങളോടെ വരുന്ന ഘോഷയാത്ര നമസ്ക്കാരപ്പള്ളിക്ക് സമീപമെത്തുമ്പോൾ ശബ്ദശല്യം ഇല്ലാ

താക്കാൻവേണ്ടി അല്പസമയത്തേക്കു് മൌനം ദീക്ഷിക്കുക യൊ, ചെണ്ട കൊട്ടലാണെങ്കിൽ അതു അല്പസമയത്തേക്കു് നിറുത്തുകയൊ ചെയ്യാതിരിക്കുമ്പോൾ ഈ കൃത്യം തങ്ങളുടെ നമസ്ക്കാരപ്പള്ളിയെ അനാദരിക്കലാണെന്നും അപ്പോൾ അവരെ അതിൽനിന്നു തടയാൻ ശ്രമിക്കുന്നതു ഒരു പുണ്യകർമ്മമാണെന്നും പാമരന്മാരായ ചില മുസ്ലിം കൾ ധരിക്കുന്നു.

ആൎക്കും യഥേഷ്ടം സഞ്ചരിക്കാവുന്ന പൊതുവഴിയി ൽകൂടി പോകുന്ന ഘോഷയാത്രയെയൊ ചെണ്ട കൊട്ടി പ്പോകലിനെയൊ തടയുവാൻ ഇവൎക്കെന്തധികാരമെന്നു അമുസ്ലിംകളും ധരിക്കുന്നു. ഈ ധാരണകൾ ചിലപ്പോൾ വെടിവെപ്പിൽ കലാശിക്കുന്ന അത്യുഗ്രമായ ഒരു സംഘ ഷാവസ്ഥയിലേക്കു നീങ്ങുന്നു. നടുവട്ടം വെടിവെപ്പു് ഇതിന്നുദാഹരണമാണു്.

ഇനി, ഇവർ രണ്ടുകൂട്ടരുടെയും ധാരണയെക്കുറി ച്ചു് അല്പമൊന്നാലോചിക്കാം. മുസ്ലിംകൾക്കു തങ്ങളുടെ നമസ്ക്കാരപ്പള്ളി എത്രമാത്രം ബഹുമാനമുള്ളതാണൊ അത്രതന്നെ ബഹുമാനമുള്ളതാണു് ഹിന്ദുക്കൾക്കു തങ്ങളു ടെ ക്ഷേത്രവും. ഹിന്ദുക്കൾക്കു വളരെ ബഹുമാനമുള്ള തങ്ങളുടെ ക്ഷേത്രാങ്കണത്തിൽ വെച്ചാണു് അവർ ചെ ണ്ടകൊട്ടിക്കാറുള്ളതു്. ഹിന്ദുക്കൾ അവിടെ വെച്ചു് ചെണ്ട കൊട്ടിക്കുന്നതു് തങ്ങളുടെ ക്ഷേത്രത്തെ അനാദരി ക്കാനല്ലെന്നുള്ളതു് തീൎച്ചയല്ലെ ? അപ്പോൾ അതെ ചെണ്ട മേൽ അതേ ചെണ്ടക്കോൽകൊണ്ടു് അതേ മാരാൻ മുസ്ലിം

നമസ്ക്കാരപ്പള്ളിക്ക് സമീപം വെച്ച് കൊട്ടുമ്പോൾ അതെങ്ങിനെയാണ് മുസ്ലിംപള്ളിയെ അനാദരിക്കലായി ത്തീരുക? മറിച്ച്, ക്ഷേത്രാങ്കണിൽ വെച്ച് ചെണ്ട കൊട്ടിക്കുന്നത് ക്ഷേത്രത്തെ ആദരിക്കാനാണെങ്കിൽ മുസ്ലിംപള്ളിക്കു സമീപം വെച്ച് ചെണ്ട കൊട്ടുന്നത് മുസ്ലിംപള്ളിയെ ആദരിക്കലായിട്ടല്ലെ തീരുക? എന്നി രിക്കെ, മുസ്ലിം നമസ്ക്കാരപ്പള്ളിക്ക് സമീപം ചെണ്ട കൊട്ടിപ്പോകുന്നത് അതിനെ അനാദരിക്കാനാണെന്നുള്ള മുസ്ലീം പാമരജനങ്ങളുടെ ധാരണ ഒട്ടും ശരിയല്ല.

എന്നാൽ പിന്നെ, പണ്ട്കാലം മുതല്ക്കേ മുസ്ലിം നമസ്ക്കാരപ്പള്ളിക്ക് സമീപം ചെണ്ടകൊട്ടു മുതലായവ ളു നിറുത്തിപ്പോകുന്ന ഒരു കീഴ്വഴക്ക സമ്പ്രദായം എങ്ങി നെ നടപ്പിൽവന്നു? എന്നു ചിന്തിക്കുന്നവരുണ്ടാവാം. മുസ്ലിംകൾ ദിവസേന അഞ്ചുപ്രാവശ്യം നമസ്ക്കാരപ്പ ള്ളിയിൽ വെച്ച് ചെയ്തുവരുന്ന നമസ്ക്കാരം ബ്രഹ്മദ്ധ്യാ നമാണ്. അഞ്ച് നിശ്ചിതസമയങ്ങളുണ്ടെങ്കിലും ദിവ സം മുഴുവനും പള്ളിയിൽ നമസ്ക്കാരം നടത്തുന്നവരു ണ്ടാവും. നമസ്ക്കാരത്തിൽ, അതായത്, ബ്രഹ്മദ്ധ്യാന ത്തിൽ ഒരാൾ പ്രവേശിക്കുന്ന സന്ദർഭത്തിൽ ഏററവും നിസ്സാരമായ ഒരു ശബ്ദമൊ സ്വരമൊ മതി സാധകനെ അതിൽനിന്നു വ്യതിചലിപ്പിക്കുവാൻ. അതുകൊണ്ടാണ് ഒരാൾ നമസ്ക്കാരത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആ സ്ഥലത്തുവെച്ച് ഉച്ചത്തിൽ ഖുർ-ആൻ പാരായണം ചെയ്യുന്നതുകൂടി നിരോധിക്കപ്പെട്ടിരിക്കുന്നു. പുണ്ണ

മായി മനോലയ അഭ്യാസം സാധിച്ചിട്ടില്ലാത്തവക്കു ധ്യാനവേളയിൽ ഏകാഗ്രതവരുത്തുക സാദ്ധ്യമേയല്ല. ധ്യാനം സഫലീകൃതമാകുവാൻ ഏകാഗ്രത അത്യന്താപേക്ഷിതവുമാണ്. ഏററവും നിസ്സാരമായ ഒരു ശബ്ദമൊ സ്വപ്നമൊ മതി സാധകനെ ഏകാഗ്രതയിൽനിന്നു വ്യതിചലിപ്പിക്കുവാൻ.

ഇവ്വിഷയകമായിയോഗശിഖോപനിഷദ് സൂചനകാണുക.

പിപീലികായദാലഗ്നം, ദേഹേധ്യാനാച്ചി
യുജ്യതേ.

സാരം:—ധ്യാനത്തിലിരിക്കുമ്പോഠം ഒരിക്കൽ ഒരു എറുമ്പ് ദേഹത്തിൽ പററിയാൽ ഉടൻ ആ ധ്യാനത്തിൽ നിന്നു വേർവ്വിടും. അതിഗൌരവമേറിയ ഈ തത്വം മനസ്സിലാക്കിയാണ് പുരാതന കാലത്തിലെ ബ്രഹ്മഭക്തരും, ബ്രാഹ്മണമാഗ്ഗത്തിൽ ചലിക്കുന്നവരുമായ ഹിന്തുസഹോദരന്മാർ നമസ്ക്കാരപ്പള്ളിക്ക് സമീപം ചെണ്ടകൊട്ട് മുതലായ ശബ്ദകോലാഹലങ്ങളെ നിറുത്തൽ ചെയ്തിരുന്നതു്. ബ്രഹ്മദ്ധ്യാനം അനുഷ്ഠിക്കുന്ന ബ്രഹ്മഭക്തരായ മുസ്ലിംകളെ അതിൽനിന്നു വ്യതിചലിപ്പിക്കാനിടവരുത്തുന്നത് തങ്ങളുടെ ബ്രഹ്മത്തോടു ചെയ്യുന്ന ഒരനാദരവായിത്തീരുമെന്നു ഭയന്നുമാത്രമായിരുന്നു അവർ (ഹിന്തുക്കഠം) അങ്ങിനെ ചെയ്തുവന്നതു്. ഇപ്രകാരമാണ് മുസ്ലിം നമസ്ക്കാരപ്പള്ളിക്ക് സമീപം ചെണ്ടകൊട്ടിപ്പോകുന്നതും മററും

നിവൃത്തിപ്പോകുന്ന ഒരു കീഴ്‌വഴക്ക സമ്പ്രദായം നടപ്പിൽ വന്നത്. അല്ലാതെ, മുസ്ലിംകളുടെ പ്രതാപ പ്രാബല്യങ്ങളെ ഭയന്നായിരുന്നില്ല. പ്രാബല്യപ്രതാപബലംകൊണ്ടു് ആക്കും ആരെയും ഒരിക്കലും ഭയപ്പെടുത്തുവാനൊ വഴിപ്പെടുത്തുവാനൊ സാദ്ധ്യവുമല്ല. ഹിന്തുസഹോദരന്മാരുടെ ഈ പാവനമേറിയ ഔദാൎയ്യത്തിന്നു മുസ്ലിംകൾ എന്നും നന്ദിയുള്ളവരായിരിക്കേണ്ടതാണു്. പഴയ കാലത്തെ മുസ്ലിംകൾ ഇന്നുള്ളവരെപ്പോലെ കാഴ്ചയിൽ വ ലി യ പരിഷ്ക്കാരികളായിരുന്നില്ലെങ്കിലും ഒന്നാംകിട ബ്രഹ്മഭക്തന്മാരും, സത്യസന്ധന്മാരും, ഉപകാരസ്മരണയുള്ളവരും, ചുരുക്കം ചിലർ സിദ്ധന്മാർ കൂടിയുമായിരുന്നു. അതുകൊണ്ടു്, ഹിന്തുസഹോദരന്മാൎക്ക അവരെ വളരെ ആദരവും ബഹുമാനവുമായിരുന്നു. ത്തതെ, സജ്ജനങ്ങളെയും, ഗുരുജനങ്ങളെയും ഭക്തിയാദരവോടെ കരുതുന്ന കാൎയ്യത്തിലും ഏതു ജാതിക്കാരുടെയും ദേവാലയങ്ങളെയും സമാധിസ്ഥലങ്ങളെയും ഭക്തിപൂൎവ്വം ആദരിക്കുന്ന വിഷയത്തിലും കേരളക്കരയിലെ ഹിന്തുസഹോദരന്മാർ ഇന്നും മററാരേക്കാളും മുമ്പന്മാരാണെന്നു തീൎത്തു പറയുന്നതിൽ എ നി ക്ക തി യ ാ യ ചാരിതാൎത്ഥ്യമുണ്ടു്. ഞാനിതു വെറുതെ പറയുന്നതല്ല. എന്റെ ജോലിസ്ഥലമായ വളപട്ടണത്തേക്കുള്ള എന്റെ മാൎഗ്ഗമദ്ധ്യേ സ്ഥിതിചെയ്യുന്ന (1) സീയിന്റെ പള്ളിമഖാം (2) തെക്കീമഖാം (3) പള്ളിക്കുളംമഖാം തുടങ്ങിയ മുസ്ലിം സമാധിസ്ഥലങ്ങളെ മുസ്ലിംകളെക്കാൾ ഏറെ ഭക്തിയോടുകൂടി ഹിന്തുസഹോദരന്മാരാണു് ആദരിച്ചു വരുന്നതു്.

ഇതു എൻെറ സ്വന്തം കണ്ണുകൊണ്ടു് നിത്യേന കാണുന്ന കാൎയ്യമാണു. ഹിന്ദുസഹോദരന്മാൎക്കു് തീരെ മതസ്പദ്ധയില്ലെന്നുള്ളതിന്നു തെളിവായിട്ടാണു് ഞാനിക്കാൎയ്യം സ്മരിക്കാവുള്ളതു്. അപ്പോലെതന്നെ മുസ്ലിംകളും തീരെ മതസ്പദ്ധയില്ലാത്തവരാണു്. നരനെ നരൻ അശുദ്ധമായും അടുത്തുപോയാൽ തീണ്ടലായും ഗണിച്ചുവന്നു കാലത്തു 'മനുഷ്യജഡം പഞ്ചഭൂതനിൎമ്മിതവും അതിലെ ആത്മാവു് ബ്രഹ്മപ്രതിബിംബവും ആണെന്നും അതുകൊണ്ടു് മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു ഉച്ചനീചത്വ വ്യത്യാസവുമില്ലെന്നും അവരെല്ലാം (മനുഷ്യരെല്ലാം) ഏകോദരസഹോദരന്മാരാണെന്നുമുള്ള സൎവ്വസാഹോദൎയ്യതത്വം പ്രവൃത്തിമുഖേന ലോകത്തിന്നു കാണിച്ചുകൊടുത്തവരുംഇന്നും കാണിച്ചുകൊണ്ടേയിരിക്കുന്നവരുമാണു് മുസ്ലിംകൾ. ഇങ്ങിനെയുള്ള രണ്ടു സമുദായങ്ങളന്യോന്യം മതത്തിൻെറ പേരിൽ കലഹിക്കാനിടവരുന്നതു് എത്ര ഖേദകരമാണു്?

ബ്രിട്ടീഷ്ഭരണകാലത്തു് മുസ്ലിംകളേയും ഹിന്ദുക്കളേയും തമ്മിൽ തല്ലിച്ചുകററിനിവൎത്തുന്നതു തങ്ങളുടെ താല്പൎയ്യസംരക്ഷണത്തിന്നുതകുമെന്നു കണ്ടിട്ടു അവർ (ബ്രിട്ടീഷുകാർ) അവൎക്കു് ആവശ്യമെന്നു തോന്നിയേടത്തെല്ലാം ചില ഗൂഢമായ ഏജൻസിവഴിക്കു ഹിന്ദുമുസ്ലിം വഴക്കു് സൃഷ്ടിച്ചിട്ടുണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു്. എന്നാൽ, ഇന്നു അങ്ങിനെയല്ലാത്ത ഒരു പരിതഃസ്ഥിതിയിൽ ഇത്തരം വഴക്കുകൾ തീരെ ഉണ്ടാകാൻ പാടില്ലം

ത്തതാണ്. പക്ഷെ, നിർഭാഗ്യത്തിന്നതുണ്ടാകുകത ന്നെചെയ്യുന്നു. അന്നത്തേക്കാരം കൂടുതലായുണ്ടാകുന്നു.

വിവിധരാഷ്ട്രീയകക്ഷികരം, വിശിഷ്യ, ചില വർഗ്ഗീയസംഘടനകരം രംഗത്തുവന്നതോടെയാണ് മതസ്പർദ്ധ പൂർവ്വാധികം ശക്തിയോടെ പുനരുജ്ജീവിക്കാൻ തുടങ്ങിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഹിന്തുക്കളേയും മുസ്ലിംകളേയും തമ്മിൽ തല്ലിച്ചുകററിനിറുത്തിയാൽതങ്ങളുടെ രാഷ്ട്രീയകക്ഷിക്കാക്കു് പൂർവ്വാധികം പ്രബലപ്പെടുവാൻ കഴിയുമെന്നു കരുതുന്നവരും ഇന്നു കേരളത്തിലില്ലേ? എന്നു എനിക്കു ചിലപ്പോരം തോന്നിപ്പോയിട്ടുണ്ടു്. ഇതു ശരിയെങ്കിൽ, ഹിന്തുമുസ്ലിം വഴക്കുണ്ടാകുന്നതിന്നും മതസ്പർദ്ധയുണ്ടാകുന്നതിന്നും യഥാർത്ഥകാരണക്കാർ ഞാനാദ്യമേ പറഞ്ഞതുപോലെ പാമരന്മാരല്ല, മറിച്ചു, ചില മുറിനേതാക്കന്മാരാണെന്നുവേണം കരുതുവാൻ. കാരണക്കാരാരായാലും ശരി, അവർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ടു്. പള്ളിയിലേക്കു നമസ്കാരത്തിന്നുപോകുന്ന മുസ്ലിംകളും ക്ഷേത്രത്തിലേക്കു വഴിപാടു് കൊണ്ടുപോകുന്ന ഹിന്തുക്കളും ഒരുപോലെ ഈശ്വരമതവിശ്വാസികളാകുന്നു ഈശ്വരമതവിശ്വാസികളന്യോന്യമുള്ള ബഹുമാനവും, വിനയവും, സൌഹാർദ്ദഭാവവും കണ്ടിട്ടു്വേണം നിരീശ്വരമതവിശ്വാസികരം ഈശ്വരമതവിശ്വാസത്തിലേക്കു ആകൃഷ്ടരാകുവാൻ. അല്ലാതെ, ഈശ്വരമതവിശ്വാസികളന്യോന്യം ഈശ്വരൻെറയും മതത്തിൻെറയും പേരിൽ കലഹി

ക്കുകയാണെങ്കിൽ നിഷ്പക്ഷബുദ്ധികളായ മനുഷ്യസമുദായസ്നേഹികൾ 'വല്ലാത്തബാല പ്രഭവത്തിനെക്കാൾ ഇല്ലാത്തബാല പ്രഭവം സുഖംകേൾ' എന്ന ന്യായമനുസരിച്ച നിരീശ്വരനിർമ്മതവിശ്വാസികളായിത്തീരുന്നേക്കും. ഈ നില മഹത്തായ ഭാരതസംസ്കാരത്തിന്നൊരു തീരാശാപമായിത്തീരുകയും ചെയ്യും. ഈശ്വരവിശ്വാസികളുടെ പ്രവൃത്തിയും സ്വഭാവവും കേവലം സ്വാത്ഥതാല്പയ്യത്തിന്നും പകവീട്ടലിന്നുംവേണ്ടി മാത്രമുള്ളവയാണെന്നു സാധാരണക്കാക്കു ബോദ്ധ്യമാകുമ്പോഴാണല്ലൊ അവർ ഈശ്വരനേയും മതത്തേയും നിർഭയം പുറംതള്ളിക്കളയുന്നതു്. അല്ലാതെ, ആക്കും ഒരുപദ്രവവും ചെയ്യാത്ത, എവിടേയും കാണാത്ത, ഈശ്വരനോടു നേരിട്ടു് വിരോധമുള്ളതുകൊണ്ടല്ലല്ലൊ?

ചെണ്ടകൊട്ടലിൻെറ പേരിൽ എൻെറ വാസസ്ഥലമായ മുഴപ്പിലങ്ങാടംശത്തിൽ ഈയിടെ ഞാൻ കണ്ടതായ ഒരു സംഭവം ചുരുക്കിപ്പറഞ്ഞു ഈ ലേഖനമവസാനിപ്പിക്കാം.

ഞാനുംകൂടി നമസ്കാരത്തിന്നു സംബന്ധിക്കാറുള്ള ഒരു നമസ്കാരപ്പള്ളിയാണു് മൊയ്തുപാലത്തിന്നു സമീപമുള്ള 'സീയിൻെറപള്ളിമഖാം' എന്നറിയപ്പെടുന്ന പ്രസിദ്ധ മുസ്ലിംസമാധിസ്ഥലത്തിന്നു തൊട്ടുനിൽക്കുന്ന സീയിൻെറ പള്ളി. ഇക്കഴിഞ്ഞ കുംഭം 24-ാംനു- വൈകുന്നേരം ഏല്ലുകദേശം 4½ മണിക്കു ഞാൻ സായാഹ്നനമസ്കാരം കഴി

ഞ്ഞു പ്രസ്തുത പള്ളിയിൽനിന്നു മടങ്ങുമ്പോഠം പള്ളിക്കു സമീപമുള്ള റോഡരികിൽ 2-3 പോലീസുകാർ നില്ക്കുന്നതായി ഞാൻ കണ്ടു. നിങ്ങളെന്തിനാണിവിടെ നില്ക്കുന്നതെന്നു ഞാൻ അവരോടു ചോദിക്കുകയുണ്ടായി. "ഇന്നും നാളെയും ശ്രീ കൂർമ്പക്കാവിലേക്കു ഈ വഴിയിൽ കൂടി ഘോഷയാത്രയുണ്ടെന്നും, അതുകൊണ്ടു്, പള്ളിക്കു് സമീപം ബന്തൊവസ്തു് വേണമെന്നു് എടക്കാടു് ശാഖാ മുസ്ലിംലീഗു് സെക്രട്ടരി അപേക്ഷിച്ച പ്രകാരം മേലധികാരത്തിൽനിന്നുള്ള ഉത്തരവനുസരിച്ചു് പള്ളിക്കു് സമീപം ബന്തൊവസ്തിന്നുവേണ്ടി നില്ക്കുകയാണു് ഞങ്ങ"ളെന്നും അവർ എന്നോടു മറുപടി പറഞ്ഞു. ഈശ്വരധ്യാനത്തിന്നായി പള്ളിയിൽ പോകുന്നവരുടെയും ഈശ്വരപ്രീതിക്കായി ക്ഷേത്രത്തിൽ പോകുന്നവരുടെയും ഇടയിൽ സമാധാനം പാലിക്കാൻ പോലീസ് കാവൽ നില്ക്കുന്ന ലജ്ജാവഹമായ കാഴ്ച ഒരു ബ്രഹ്മഭക്തനായ എന്നെ വേദനിപ്പിക്കുക കാരണം ഇതിന്നിടവരുത്തിയ സെക്രട്ടരിയുടെ നേരെ എനിക്കല്പം അമർഷം തോന്നുകയുണ്ടായി. ബന്തൊവസ്തിന്നുവേണ്ടി അപേക്ഷിച്ച ആഠം ഒരു മുസ്ലീംലീഗ്കാരനായതുകൊണ്ടോ അതല്ല പോലീസ് കാവൽ നില്ക്കുന്ന കാഴ്ച കണ്ടിട്ടു് എനിക്കുണ്ടായതുപോലെയുണ്ടായ അമർഷംകൊണ്ടോ ഘോഷയാത്രക്കാക്കു് എന്തെന്നില്ലാത്ത ഒരു നൈരാശ്യം ഉണ്ടായിയെന്നു പതിവിന്നെതിരായ അവരുടെ അന്നത്തെ നിലവാടു്കൊണ്ടു് എനി

ളുഹരിക്കേണ്ടിവന്നു. പക്ഷെ, ഹിന്തുമുസ്ലിം മൈത്രീ ഭാവത്തിന്നു പണ്ട്പണ്ടേ കേൾവികേട്ട പ്രദേശക്കാരായ മുഴപ്പിലങ്ങാടംശക്കാരും ധർമ്മടം അംശക്കാരുമായതുകൊണ്ടു് യാതൊരനിഷ്ട സംഭവവും ഉണ്ടായില്ല.

എൻെറ ജന്മസ്ഥലമായ ധർമ്മടം അംശത്തിലെയും വാസസ്ഥലമായ മുഴപ്പിലങ്ങാടംശത്തിലെയും ഹിന്തുമുസ്ലിം സഹോദരന്മാർ മേലിലും ഹിന്തുമുസ്ലിം മൈത്രീഭാവം പരിരക്ഷിക്കുന്ന വിഷയത്തിൽ മററു പ്രദേശക്കാൎക്കു മാതൃകയായിത്തീരുമെന്നുള്ളതു തീച്ചയാണു്. ഈശ്വരപ്രീതിക്കായി ക്ഷേത്രത്തിലേയ്ക്കു പോകുന്ന ഹിന്തുസഹോദരന്മാരും ബ്രഹ്മധ്യാനത്തിന്നായി പള്ളിയിലേക്കു പോകുന്ന മുസ്ലിം സഹോദരന്മാരും തങ്ങളുടെ ഗാത്രമാകുന്ന ക്ഷേത്രത്തിൽ ബ്രഹ്മേശ്വരൻെറ സ്വന്തം ദിവ്യകരംകൊണ്ടു പ്രതിഷ്ഠിക്കപ്പെട്ട ആത്മേശ്വരനെ അറിഞ്ഞവരാണെങ്കിൽ അവരുടെയിടയിൽ സമാധാനം പാലിക്കാൻ പോലീസ് കാവൽ നില്ക്കുന്ന കാഴ്ച അവരെ വേദനിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യുയില്ലെ? എന്നു ഞാൻ അവർ രണ്ടു സമുദായക്കാരോടും വിനയപൂർവ്വം ചോദിച്ചുകൊള്ളട്ടെ.

അതിഥി ബഹുമാനപ്രിയരായ മുസ്ലിംകൾ തങ്ങളുടെ പള്ളിക്ക് സമീപത്തിൽകൂടി ക്ഷേത്രത്തിലേക്കു പോകുന്ന വൃദ്ധന്മാരും, സ്ത്രീകളും കുട്ടികളും അടങ്ങിയ ഘോഷയാത്രക്കാരെ, തങ്ങളുടെ മാന്യഅതിഥികളായിക്ക

ദതി അവരെ സഹർഷം സ്വാഗതം ചെയ്യാൻ സന്നദ്ധരം ലും, അപ്പോലെതന്നെ "അവനവനാത്മസുഖത്തിനാ ചരിക്കുന്നവയപരന്നു ഗുണത്തിനായ്വരേണം" എന്ന ഗുരുദേവരുടെ ഉപദേശമനുസരിച്ച് പള്ളിക്ക് സമീപ ത്തിൽക്കൂടി ഘോഷയാത്ര പോകുന്ന ഹിന്ദുസഹോദര മാർ ബ്രഹ്മദ്ധ്യാനം അനുഷ്ഠിക്കുന്ന മുസ്ലിം സഹോദര ന്മാർക്ക ശബ്ദശല്യം ഉണ്ടാക്കാതെയും പരസ്പരം സ്നേഹാ ദരവോടെ വർത്തിക്കുന്ന കാഴ്ച ഏതൊരു ഭാരതീയനെയാ ണ് പുളകം കൊള്ളിക്കാതിരിക്കുക ? സർവ്വേശ്വരൻ അതിന്നിടവരുത്തട്ടെ. ഭാരതസംസ്ക്കാരത്തിന്നു മാററ് കൂടട്ടെ.

"ലോകാ : സമസ്താ : സുഖിനോഭവന്തു"

ജയ് ജഗത്.

---

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 297 Acc. No. 11442

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M297
HUS-I

11442

ഹസ്സൻകുട്ടി

ഇസ്ലാമിക ദിവസ
വിധാനം

KOTTAYAM PUBLIC LIBRARY

Call No M 297 Acc. No 11442

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org